2016
ഫെബ്രുവരി 25
വാല്യം 09
ലക്കം 04

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription 150/- Pages:12

# ചർച്ച് ഓഫ് ഗോഡ് ഭരണഘടനാ പ്രതിസന്ധിയിലേക്ക്

**മുളക്കുഴ:** വിശ്വാസികളുടെ വോട്ടവകാശം, കൗൺസിൽ പ്രാതിനിധ്യം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സ്റ്റേറ്റ് ബോർഡ് നടത്തുന്ന നീക്കങ്ങൾ പുതിയ തലത്തിലേക്ക് നീങ്ങുന്നു. മുളക്കുഴയിലെ സഭാ ആസ്ഥാനത്ത് ഉണ്ടായ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ പ്രശ്നങ്ങൾക്ക് പുതിയ മാനങ്ങൾ കൈവരികയാണ്. ആരോഗ്യകരമായ സംവാദത്തിലൂടെയും ചർച്ചകളിലൂടെയും പരിഹാരം ഉണ്ടാകേണ്ട വിഷയം കൈകാര്യ ചെയ്ത രീതി ഏറെ പ്രതിഷേധത്തിന് ഇടയാക്കി. 20 ദിവസത്തെ അവധി നല്കി നിവേദനം നല്കിയ ശേഷം നേതൃത്വത്തിന്റെ വിശദീകരണത്തിന് കാത്ത് നില്ക്കാതെ, തിടുക്കത്തിൽ ഓഫീസ് ഉപരോധം, കൗൺസിൽ അംഗങ്ങളെ തടയൽ തുടങ്ങിയ സമരങ്ങളിലേക്ക് നീങ്ങിയത് പ്രശ്നം ഏറെ വഷളാക്കി. ഈ വിഷയത്തിൽ തീരുമാനം എടുക്കേണ്ട കൗൺസിൽ അംഗങ്ങളെ വിശ്വാസത്തിലെടുക്കാതെ സംഘർഷത്തിന്റെ വഴി തെരെഞ്ഞെടുത്തത് എരിതീയിൽ എണ്ണ ഒഴിക്കുന്നതിന് തുല്യമായി. ഓവർസിയറുടെ കണ്ണിനു മുമ്പിൽ പ്രശ്നങ്ങൾ കുഴഞ്ഞ് മറിഞ്ഞപ്പോൾ എല്ലാം ഏതോ കേന്ദ്രങ്ങൾ തയ്യാറാക്കിയ തിരക്കഥ പോലെയായി.




വിശ്വാസികളുടെ വോട്ടവകാശം എന്ന ആവശ്യത്തിന് പതിറ്റാണ്ടുകളുടെ ചരിത്രമുണ്ട്. ഒട്ടനവധി നിവേദനങ്ങളും കേസുകളും ഇതിന്റെ പേരിൽ നല്കിയിട്ടുണ്ട്. എന്നാൽ ഈ വിഷയം പരിഹരിക്കാനുള്ള വ്യവസ്ഥാപിതമായ മാർഗ്ഗം സഭാ നേതൃത്വം ഇതു വരെ ആരാഞ്ഞിട്ടില്ല. അതാതു കാലങ്ങളിൽ അല്മായ പ്രമുഖരെ തങ്ങളുടെ ആജ്ഞാനുവർത്തികളായി ഓവർസീയർമാർ ഉപയോഗിച്ചു. സ്റ്റേറ്റ് ബോർഡ്, അഡൈ്വസറി ബോർഡ്, പ്ലാനിംഗ് ബോർഡ് തുടങ്ങിയ ഭരണഘടനാ സ്ഥാപനങ്ങളല്ലാത്ത കടലാസ് പ്രസ്ഥാനങ്ങളിൽ കസേര ഉറപ്പിച്ച് എല്ലാവരും അതിൽ അഭിരമിച്ചു. വേദികളിലെ ഇരിപ്പിടങ്ങളും നന്ദി പ്രകാശനവും കൊണ്ട് തൃപ്തിയടഞ്ഞു. വോട്ടവകാശവും കൗൺസിൽ പ്രവേശനവും എന്ന ദീർഘകാല ആവശ്യം എല്ലാവരും മറന്നു. ലഭിച്ച സ്ഥാനങ്ങളിൽ കുടുങ്ങി കിടന്നവർ, അധികാരത്തിന്റെ ഇടനാഴികളിൽ വിശ്വാസികളുടെ വികാരങ്ങൾ ബലിയർപ്പിച്ചു. ദൈവസഭയുടെ ശതാബ്ദി ആഘോഷവേളയിൽ പോലും ഈ വിഷയം ഗൗരവമായി ഉയർത്തികൊണ്ടു വരുവാൻ കഴിഞ്ഞില്ല.

ഇതൊരു നയപരവും ഭരണഘടനാപരവുമായ പ്രശ്നമാണ്. ഇതിനായി ഗൗരവപരമായ പഠനങ്ങളും ചർച്ചകളും ആവശ്യമാണ്. ശാസ്ത്രീയവും നിയമപരവുമായ തീരുമാനങ്ങൾ കൈകൊണ്ടില്ലെങ്കിൽ പോളിസിയിലെ പഴുതുകൾ ഉപയോഗിച്ച് കോടതിയുടെ മുറിക്കുള്ളിൽ ഈ ആവശ്യം എന്നേക്കുമായി അസ്തമിക്കും. ഭരണഘടനാപരമായി, ജനാധിപത്യ അടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കപ്പെട്ട കൗൺസിലേക്ക് സ്റ്റേറ്റ് ബോർഡിനെ ലയിപ്പിക്കാൻ സാധ്യമല്ല. നോമിനേഷനും സാധ്യമല്ല. ഇതെല്ലാം നിയമ

04

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിൽ പാസ്റ്റർ ജെ ജോസഫ് സെക്രട്ടറി


പാസ്റ്റർ ജെ. ജോസഫ്


പാസ്റ്റർ വൈ. ജോസ്


പാസ്റ്റർ തോമസ്കുട്ടി ഏബ്രഹാം


പാസ്റ്റർ വിനോദ് ജേക്കബ്

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറിയായി പാസ്റ്റർ ജെ ജോസഫ് ഐക്യകണ്ഠേന തെരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ വൈ. ജോസ് ട്രഷററായും, പാസ്റ്റർ തോമസ്കുട്ടി ഏബ്രഹാം ജോ. സെക്രട്ടറിയായും, പാസ്റ്റർ വിനോദ് ജേക്കബ് ജോ. ട്രഷററായും തെരഞ്ഞെടുക്കപ്പെട്ടു. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ ജയിംസിന്റെ അദ്ധ്യക്ഷതയിൽ നടന്ന പുതിയ കൗൺസിലിന്റെ പ്രഥമ യോഗത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. പാസ്റ്റർ ബാബു ചെറിയാന്റെ പേര് പാസ്റ്റർ പി. സി ചെറിയാൻ സെക്രട്ടറി സ്ഥാനത്തേക്ക് നിർദ്ദേശിച്ചു എങ്കിലും അദ്ദേഹം മത്സരിക്കാതെ പിന്മാറിയതിനാലാണ് ഐക്യകണ്ഠേനെ പാസ്റ്റർ ജെ ജോസഫ് തെരഞ്ഞെടുക്കപ്പെട്ടത്. ജ്യോതിമാർഗ്ഗം വാർത്താ പത്രികയുടെ മാനേജിംഗ് എഡിറ്ററും, പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ജനറൽ സെക്രട്ടറിയും, ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇന്ത്യയുടെ വൈസ് പ്രസിഡന്റുമാണ്. റാന്നി

04

## കുമ്പനാട് ഇൻഡ്യാ ബൈബിൾ കോളജ് & സെമിനാരിക്ക് സെറാമ്പൂർ യൂണിവേഴ്സ്റ്റിയുടെ അംഗീകാരം

**കുമ്പനാട്:** കുമ്പനാട് ഇൻഡ്യാ ബൈബിൾ കോളജ് & സെമിനാരിക്ക് 2016 ഫെബ്രുവരി 5-ന് സെനറ്റ് ഓഫ് സെറാമ്പൂർ കോളജ് (യൂണിവേഴ്സിറ്റി) യുടെ അംഗീകാരം ലഭിച്ചു. സെറാമ്പൂർ B.D. കോഴ്സുകളിലേക്കുള്ള അഡ്മിഷൻ 2016 മാർച്ചിലും ക്ലാസ്സുകൾ മെയ്യിലും ആരംഭിക്കുന്നതാണ്.

സെറാമ്പൂർ യൂണിവേഴിസിറ്റിയുടെ ആസ്ഥാനം വെസ്റ്റ് ബംഗാളിലെ സെറാമ്പൂരിലാണ്. 1827 ൽ റോയൽ ചാർട്ടർ പ്രകാരമാണ് സെറാമ്പൂർ കോളജിന് യൂണിവേഴ്സിറ്റി പദവി ലഭിച്ചത്.

ഇൻഡ്യാ ബൈബിൾ കോളജ് & സെമിനാരിയുടെ ചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് സെറാമ്പൂർ സെനറ്റിന്റെ അംഗീകാരം. ദേശീയതലത്തിൽ സെമിനാരിയുടെ വളർച്ചയ്ക്കും അംഗീകാരത്തിനും ഇതു സഹായിക്കും.

1930-ൽ പാസ്റ്റർ കെ. ഇ. ഏബ്രഹാം കുമ്പനാട് ഹെബ്രോനിൽ ആരംഭിച്ച വേദശാസ്ത്രപരിശീലനത്തിന്റെ തുടർച്ചയാണ് ഇൻഡ്യാ ബൈബിൾ കോളജ് & സെമിനാരി. പാസ്റ്റർ റ്റി. എസ്. ഏബ്രഹാം (പ്രസിഡന്റ് എമിരിറ്റസ്) കഴിഞ്ഞ 64 വർഷങ്ങളായും, പാസ്റ്റർ ഡോ. റ്റി. വത്സൻ ഏബ്രഹാം (പ്രസിഡന്റ്) കഴിഞ്ഞ 32 വർഷങ്ങളായും സ്ഥാപനത്തിന് ശക്തമായ നേതൃത്വം നൽകി വരുന്നു.


റവ. റ്റി. വത്സൻ ഏബ്രഹാം

വിവിധ തലങ്ങളിലായി 8 വ്യത്യസ്ത ബിരുദ കോഴ്സുകൾ ഇൻഡ്യാ ബൈബിൾ കോളജ് & സെമിനാരിയിൽ നടക്കുന്നു.

1993 വരെ കോളജ് കോഴ്സുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 1994 മുതൽ കോളജ് കോഴ്സായ B.Th. നോടൊപ്പം റ്റാഫ്റ്റിയുടെ (TAFTEE) B.T.S. ഡിഗ്രി കൂടെ നൽകി തുടങ്ങി. ATA അംഗീകാരമുള്ള B.Th. 2000- ലും, M.Div 2002-ലും ആരംഭിച്ചു. 2015 മുതൽ കൗസിലിംഗിൽ M.Th. കോഴ്സ് ആരംഭിച്ചു. ഹോളിസ്റ്റിക് ചൈൽഡ് ഡെവലപ്പ്മെന്റിൽ M.A. കോഴ്സ് 2016 മെയ് മാസം ആരംഭിക്കും. ഇതുകൂടാതെ കഴിഞ്ഞ 15 വർഷങ്ങളായി വിദൂര വിദ്യാഭ്യാസവും സായാഹ്ന ക്ലാസ്സുകളും കോളജ് നടത്തിവരുന്നു.

2010 മുതൽ കുമ്പനാടിന് സമീപം കോഴിമലയിൽ 38 ഏക്ക

04

### സാക്ഷി



ചർച്ച് ഓഫ് ഗോഡിന് ശനി ദശ ആരംഭിച്ചെന്ന് ഒരു ഓവർസീയർ

*ഇത്തരം "ശനിയന്മാർ" ആണല്ലോ സഭയ്ക്ക് എല്ലാക്കാലത്തും പ്രശ്നം*

## ശാരോൻ ഫാമിലി കോൺഫറൻസ് ഡാളസിൽ ജൂൺ 23 മുതൽ 26 വരെ


റവ. രാജു മേത്ര


ഡോ. ടി. ജി. കോശി


റവ. ജോൺ തോമസ്


റവ. ഗ്ലെൻ ബഡോൺസ്കി


റവ. വിജു ജോസഫ്


റവ. ഫിന്നി വർഗീസ്


എബി ജോൺ

**ഡാളസ്സ്:** നോർത്ത് അമേരിക്കയിലുള്ള ശാരോൻ സഭാവിശ്വാസികളുടെ ആത്മീയ സമ്മേളനമായ കുടുംബസംഗമം ജൂൺ 23 മുതൽ 26 വരെ ഡാളസ് ഹൈലാന്റെ ഓക്സ് കൺവൻഷൻ സെന്ററിൽ നടത്തപ്പെടും. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നുമായി നൂറു കണക്കിനു വിശ്വാസികൾ നാഷണൽ കോൺ

05

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# മുളക്കുഴ സംഭവം അപലപനീയം

അധികാരത്തിനായുള്ള അടിപിടി ഒരിക്കലും ക്രിസ്തീയമല്ല. മുളക്കുഴയിൽ ചർച്ച് ഓഫ് ഗോഡ് ആസ്ഥാനത്ത് വിശ്വാസികളുടെ വോട്ടവകാശത്തിനായി നടന്ന ധർണയും കൗൺസിൽ അംഗങ്ങൾക്ക് നേരം നടന്ന കൈയ്യേറ്റവും ഒരു ആത്മീയ പ്രസ്ഥാനത്തിനും ഭൂഷണമല്ല. പരസ്പരം പോരടിച്ചും തല്ലിക്കീറിയും വ്യക്തിഹത്യ നടത്തിയും വോട്ടവകാശം നേടിയെടുക്കുന്നതിന്റെ ആവശ്യകത എന്താണ്? ഇതിലൂടെ എന്താണ് ഉദ്ദേശിക്കുന്നത്? ദൈവനാമ മഹത്വത്തിനായുള്ള ആവേശമോ ഉദ്ദേശശുദ്ധിയോ ഈ പോരാട്ടത്തിലില്ല. എന്നത് വ്യക്തം. ജനാധിപത്യം നല്ലതായിരിക്കുമ്പോൾതന്നെ അതിന്റെ അപകടവും നാം തിരിച്ചറിയണം. ദൈവീക വ്യവസ്ഥകൾക്ക് കീഴ്പെടാത്ത എല്ലാ ഭരണക്രമങ്ങളും സഭാഭരണത്തിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടതാണ്.

പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ പലതുണ്ടെങ്കിലും പൊതുജന സമൂഹം എല്ലാറ്റിനെയും ഒന്നായാണ് കാണുന്നത്. അതുകൊണ്ട് തന്നെ കുമ്പനാട്ടും മുളക്കുഴയിലും പുനലൂരും സംഭവിക്കുന്ന ഇത്തരം സംഭവങ്ങൾ ഒരു സമൂഹത്തെ മുഴുവനായി ബാധിക്കുന്നതാണ്.

വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ അവകാശങ്ങൾ നേടിയെടുക്കാൻ അവകാശവും സ്വാതന്ത്ര്യവുമുള്ള നമ്മുടെ നാട്ടിൽ അതിനുതുനിയാതെനടത്തുന്ന കാടത്ത രീതികൾ അപലപനീയമാണ്.

അധികാരം മനുഷ്യനെ ദുഷിപ്പിക്കുന്നു എന്നത് പരമാർത്ഥമാണ്. അതിനു തെളിവു തേടി പുറത്തേക്കുപോകേണ്ടതുമില്ല. നമ്മുടെ ഒട്ടുമിക്ക നേതാക്കളും ഇതിനുദാഹരണമാണ്. അധികാര കസേര നിലനിർത്താനും നേടിയെടുക്കാനും എത്ര തരം താഴുവാനും നമ്മുടെ നേതാക്കന്മാർക്ക് മടിയില്ല. അതിനായി അവർ നടത്തുന്ന തരംതാണകളികൾ രാഷ്ട്രീയക്കാരെയും ലജ്ജിപ്പിക്കുന്നതാണ്. ഒരിക്കൽ ഭരണം കിട്ടിയാൽ അത് വിട്ടൊഴിയുന്നത് ചിലർക്ക് ആലോചിക്കാതെ പറ്റില്ല.

1992-ൽ ഉണ്ടായ പിളർപ്പും തുടർന്ന് നടന്ന അനിഷ്ട സംഭവങ്ങളും ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനത്തിന് ഉണ്ടാക്കിയ ക്ഷീണം ചെറുതല്ല. ചിലരുടെ സ്വാർത്ഥത വളർന്ന് വലുതാക്കിയ സംഭവങ്ങൾ കൊണ്ട് ആർക്കും ഒരു നേട്ടവുമുണ്ടാക്കിയില്ല എന്നത് ചരിത്ര യാഥാർത്ഥ്യം. വീണ്ടും വിശ്വാസികളും ശുശ്രൂഷകരും തമ്മിൽ ഭിന്നിപ്പിലേക്കെത്തിക്കുന്ന അന്തർനാടകങ്ങളുടെ സൃഷ്ടാക്കൾ അവയിൽ നിന്ന് ഒഴിഞ്ഞു മാറുന്നതല്ലേ നല്ലത്.

ജനാധിപത്യവും നിയമവ്യവസ്ഥകളും ശക്തമായ ഈ രാജ്യത്ത് എല്ലാറ്റിനും പരിഹാരമുണ്ടാക്കുവാനും മാർഗ്ഗമുണ്ടല്ലോ. എല്ലാറ്റിലുമുപരി ദൈവമക്കൾ എന്ന ലേബലെങ്കിലും പരിഗണിക്കുക. ഒരു മേശയ്ക്കു ചുറ്റും ഇരുന്ന് ചർച്ച നടത്തുക. സാഹോദര്യ ബന്ധത്തിൽ ഇടപെടുക. ദൈവസ്നേഹത്താൽ നിയന്ത്രിക്കപ്പെടുക. ആലോചനയിൽ ശ്രേഷ്ഠനായ ദൈവം ഇക്കാര്യത്തിലും സമാധാനത്തിന്റെ മാർഗ്ഗം നൽകിത്തരും. നാം ആരെന്ന ബോധ്യം നമുക്കുണ്ടാവണം. അധികാരക്കസേരയല്ല ശുശ്രൂഷിക്കപ്പെടുകയല്ല ശുശ്രൂഷ ചെയ്യുകയാണ് കാരണീയം.

റോബർട്ട് എഫ് കുക്ക് എന്ന ത്യാഗിയായ സുവിശേഷകൻ കെട്ടിപ്പൊക്കിയ ഈ പ്രസ്ഥാനത്തിൽ പാസ്റ്റർ പി. സി. ചാക്കോയെപ്പോലെ അധികാരം വിട്ടൊഴിഞ്ഞ മഹാന്മാരും ഇവിടെയുണ്ടായിരുന്നു എന്നത് മറന്നുകൂടാ.



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

---

യുവജന പംക്തി

# അതിരുകൾ പാലിക്കുക



ബിനു ജോസഫ്
വടശ്ശേരിക്കര

### നിയന്ത്രണരേഖ നിശ്ചയിക്കുക

ഇന്നത്തെ സമൂഹത്തിന്റെ പ്രധാനപ്രശ്നം ആൺ-പെൺ ബന്ധത്തിലെ നിയന്ത്രണരേഖ മുറിഞ്ഞുമാറി എന്നതാണ്. യുവജനങ്ങൾക്ക് സ്വന്തം ലിംഗത്തിലുള്ള സുഹൃത്തുക്കളെക്കാൾ അധികം സുഹൃത്തുക്കൾ എതിർലിംഗത്തിൽ ഉള്ളവരാണ്. നീണ്ട വർഷം സുഹൃത്തുക്കളായി തുടരുന്ന പലരും വിവാഹജീവിതത്തിൽ എത്തിചേരുന്നതായാണ് സർവ്വേ കാണിക്കുന്നത്. ഇതിൽ അയൽക്കാർ, സ്വന്തം സഭയിൽ പെട്ടവർ, അടുത്ത ബന്ധുക്കൾ ഒക്കെ കാണാം. ഇന്നലെവരെ സുഹൃത്തായും സഹോദരി ആയും കണ്ടവർ പിന്നീട് കാമുകീ -കാമുക ബന്ധത്തിലേക്ക് വഴിമാറും. എന്നാൽ വീട്ടുകാർക്കോ മാതാപിതാക്കൾക്കോ ഈ ബന്ധങ്ങൾ മനസിലായില്ല എന്നു വരാം.

### ഇതിൽ എന്താണ് തെറ്റിരിക്കുന്നത്

പെൺകുട്ടിക്ക് 27 വയസ് ചെറുക്കന് 24 വയസ്. വിവാഹത്തിനായി ഇരുവരും തയ്യാറായപ്പോൾ പലചോദ്യങ്ങൾ ഉയർന്നു, എന്നാൽ അവർ ചോദിക്കുന്നു; “ഇതിൽ എന്താണ് തെറ്റ്”? എന്റെ അഭിപ്രായത്തിൽ തെറ്റൊന്നുമില്ല, ഭാര്യയുടെ സ്നേഹത്തേക്കാൾ ജീവിതത്തിൽ അമ്മയുടെ കരുതലും സ്നേഹവും അവന് ലഭിക്കും. അത്രതന്നെ. പിന്നെ ഭാവിയിൽ ഉണ്ടാകാൻ പോകുന്ന നൂറുകണക്കിന് പ്രശ്നങ്ങളും സ്വന്തമാക്കാം. ബന്ധങ്ങളിലെ അതിർ നിശ്ചയിക്കേണ്ടത് അവരവർ തന്നെയാണ്. ചെറുപ്രായത്തിൽ മാതാപിതാക്കൾ ഈ കാര്യത്തിൽ അല്പം ശ്രദ്ധിക്കുന്നത് നന്നാണ്. ആൺകുട്ടികളോട് മിണ്ടരുത് എന്നോ, പെൺകുട്ടികളോട് മിണ്ടരുതെന്നോ ഉള്ള വിലക്കുകൾ അല്ല ആവശ്യം, മറിച്ച് എവിടെ വരെ ആകാം എന്ന തിരിച്ചറിയലാണ് ഉണ്ടാകേണ്ടത്.

### വസ്ത്രധാരണത്തിലെ നിയന്ത്രണരേഖ

തെറ്റിലേക്കും പ്രശ്നങ്ങളിലേക്ക് വഴിതെളിക്കുവാൻ തെറ്റായ വസ്ത്രധാരണത്തിന് കഴിയും. നഗ്നത മറക്കുവാനുള്ളതിനേക്കാൾ പ്രദർശിപ്പിക്കുവാനാണ് പലരും വസ്ത്രം ധരിക്കുന്നത്. ഇത് പ്രശ്നങ്ങൾ വിളിച്ചു വരുത്തും. ശരീരം മറയുന്ന തരത്തിലുള്ള വസ്ത്രധാരണം ശീലമാക്കണം. മറ്റുള്ളവരെ ആകർഷിക്കുവാനോ, ശ്രദ്ധ ലഭിക്കുവാനോ വേണ്ടി ശരീരം പ്രദർശിപ്പിക്കുന്ന തരത്തിലുള്ള വസ്ത്രങ്ങൾ ഒഴിവാക്കണം. ഈ കാര്യത്തിൽ ചെറുപ്രായം മുതൽ തന്നെ കുഞ്ഞുങ്ങൾക്ക് നിർദ്ദേശം നൽകണം. 16 വയസുള്ള മകൾ എന്തു ധരിച്ചാലും മാതാപിതാക്കൾക്ക് അവൾ മകൾ തന്നെയാണ്, എന്നാൽ പുറത്തുള്ളവർ അങ്ങനെ കാണണം എന്നില്ല. മറ്റുള്ളവർ എന്തായിരിക്കും ചിന്തിക്കുന്നത് എന്ന വിലയിരുത്തുന്നത് നന്നാണ്. “അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കണം” എന്നാണ് തീമൊഥെയോസി (1 തീമൊ. 2:8) നോട് പൗലോസ് ഓർപ്പിക്കുന്നത്. മാതാപിതാക്കൾ മാന്യമായ വസ്ത്രം ധരിക്കുവാൻ ശീലിച്ചാൽ മക്കൾ അമാന്യമായി വസ്ത്രം ധരിക്കുകയില്ല.

### ഇടപെടുകളിലെ നിയന്ത്രണരേഖ

ശരീരത്ത് സ്പർശിച്ച് ഉള്ള സംസാരം, ഇടപാടുകൾ ഒരിക്കലും നന്നല്ല. സംസാരിക്കുന്ന കാര്യങ്ങളിലെ നിയന്ത്രണം ഉണ്ടാകുന്നതോടൊപ്പം, കേൾക്കുന്ന കാര്യങ്ങളിലും നിയന്ത്രണം ഉണ്ടാകണം. മൊബൈൽ ഫോൺ എത്തിയതോടെ സംസാരത്തിലെ അതിർവരമ്പുകൾ പലരും ലംഘിച്ചു. വിവാഹിതരെ പോലെ ജീവിക്കുന്ന (മൊബൈലിലും, ഇന്റർനെറ്റ് ചാറ്റിലും) അവിവാഹിതർ അനേകരാണ്.

- എതിർലിംഗത്തിലുള്ളവരുമായി ഒറ്റക്ക് യാത്രചെയ്യുക, കൂടുതൽ നേരം സംസാരിച്ചിരിക്കുക തുടങ്ങിയ സാഹചര്യങ്ങൾ തെറ്റിലേക്കുള്ള വഴിയാകാം.
- സുഹൃത്ത് ബന്ധത്തിൽ പങ്കിടേണ്ട ഒന്നല്ല ലൈംഗീകത. അത് വിവാഹത്തിനായി മാറ്റിവെയ്ക്കപ്പെടേണ്ടതാണ്.
- ലോകം വിശാലമാണ്. സ്വന്തം സഭയിലോ, അയൽപക്കത്തോ ഉള്ള ഒരാളെ ജീവിത പങ്കാളിയാക്കാൻ വ്യഗ്രതപ്പെടരുത്.
- നിങ്ങളുടെ സഹോദരിയുടെ മകനോ, മകളോ ഒക്കെ എന്നും നിങ്ങൾക്കും വേണ്ടപ്പെട്ടവരാണ്. അവരുമായി ഒരു വിവാഹബന്ധത്തിന് തയ്യാറാകരുത്. അത് കുടുംബപ്രശ്നങ്ങൾക്ക് കാരണമാകും.

### ചിന്തയിലെ നിയന്ത്രണരേഖ

ലംഘിച്ചാൽ ആരും അറിയാത്ത ഒന്നാണ് നമ്മുടെ ചിന്തകളിലെ നിയന്ത്രണരേഖ. തെറ്റുകൾ ഉണ്ടാകുന്നത് ആദ്യം മനസിലാണ്. ബൈബിൾ പറയുന്നു; “മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു”. നമ്മുടെ ആഗ്രഹങ്ങൾ, താല്പര്യങ്ങൾ, പ്രതീക്ഷകൾ, ഭാവി സ്വപ്നങ്ങൾ എല്ലാം ചിന്തയിലാണ് ഉടലെടുക്കുന്നത്, അതിനാൽ ഉന്നതമായതും നല്ലതും ചിന്തിക്കുക നിങ്ങൾ ചിന്തിക്കേണ്ടത് എങ്ങനെയുള്ള കാര്യങ്ങൾ ആണെന്ന് ഫിലിപ്പ്യർ 4:8 ൽ കാണുന്നു.

ചിന്തകളെ നിയന്ത്രിക്കുക. തെറ്റിലേക്കും പാപത്തിലേക്കും നയിക്കുന്ന ചിന്തയ്ക്ക് മനസ്സിൽ സ്ഥാനം നൽകരുത്. “മടിയന്റെ മനസ്, പിശാചിന്റെ പണിപ്പുര” എന്നത് വാസ്തവമാണ്. തെറ്റായ സ്വപ്നങ്ങളെ വ്യാഖ്യാനിക്കുവാനും അത് ദൈവഹിതം ആണെന്ന് വരുത്തി തീർക്കുവാനും ശ്രമിക്കരുത്. “ദൈവം ദോഷങ്ങളാൽ പരീക്ഷിക്കുകയില്ല” എന്ന ബോധ്യം ഉണ്ടാകണം.

പൗലോസ് തീമൊഥിയോസിനോട് പറയുന്ന വചനം നമുക്ക് ഒരു പാഠമാണ്,” ആരും നിന്റെ യൗവനം തുച്ഛീകരിക്കരുത്: വാക്കിലും നടപ്പിലും, സ്നേഹത്തിലും, വിശ്വാസത്തിലും, നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്കുക” (1 തീമൊ. 4:12).

### അല്പം കൂടെ കാത്തിരുന്നാൽ

ഇന്നത്തെ മാധ്യമങ്ങൾ നൽകുന്ന സന്ദേശം പലപ്പോഴും യുവജനങ്ങളിലും കുട്ടികളിലും തെറ്റായി പരിണമിക്കാറുണ്ട്. ‘ലൈംഗീതയെ’ വിൽപന ചരക്കാക്കുന്നതുമൂലം വസ്ത്രങ്ങളിലെ ഡിസൈൻ, ടീ-ഷർട്ടുകളിലെ എഴുത്തുകൾ, മൊബൈൽ പരസ്യങ്ങൾ, ലേഖനങ്ങൾ, പത്രവാർത്തകൾ, ലൈംഗിക കുറ്റകൃത്യങ്ങളുടെ റിപ്പോർട്ട്, സീരിയലുകൾ, സിനിമകൾ ഇവയെല്ലാം "sex is everything" എന്ന സന്ദേശം പുത്തൻ തലമുറയ്ക്ക് നൽകാറുണ്ട്. അതുകൊണ്ടു തന്നെ വിവാഹത്തിനായി കാത്തിരിക്കുവാൻ പലരും തയ്യാറല്ല. സുഹൃത്ത് ബന്ധം ഉറപ്പിക്കുവാനും, കാമുകി -കാമുക ബന്ധം നിലനിർത്തുവാനും ഉള്ള ഒന്നായി sex മാറിയിരിക്കുന്നു. പരിണിതഫലമോ? വളരെ ഭയാനകം!

കുറെ ദിവസം മുൻപ് കോളേജ് കുട്ടികൾക്കായി നടത്തിയ ഒരു ക്യാമ്പിൽ ഞാൻ ചെയ്ത സർവ്വേയുടെ വിവരങ്ങൾ ഞെട്ടിക്കുന്നതായിരുന്നു. ഏകദേശം 55 പേർ പങ്കെടുത്ത ആ ക്യാമ്പിൽ അശ്ളീല വീഡിയോകൾ കണ്ടിട്ടുള്ളവരുടെ എണ്ണം 26 ആയിരുന്നു. തെറ്റായ ലൈംഗീക ശീലങ്ങൾക്ക് അടിമയായവർ 18-ഉം, തെറ്റായ ബന്ധങ്ങളിലേക്ക് നയിക്കപ്പെട്ടവർ 7 ഉം ഉണ്ടായിരുന്നു. മാത്ര

05

എനിക്കും പറയാനുണ്ട്

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് വിശ്വാസികളുടെ പ്രാതിനിധ്യവും ഓവർസീയറുടെ ഇരട്ടത്താപ്പും



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

വിശ്വാസികൾക്ക് വോട്ടവകാശവും കൗൺസിൽ പ്രാതിനിധ്യവും വേണമെന്ന ആവശ്യത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. അന്താരാഷ്ട്ര ദൈവസഭയുടെ പോളിസി അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ഇന്ത്യയിലെ ഭരണക്രമത്തിൽ ഇത് രണ്ടും വിശ്വാസികൾക്ക് അന്യമാണ്. ഈ ആവശ്യം ന്യായമാണ് എന്നതിൽ യാതൊരു സംശയവുമില്ല. ദൈവസഭയുടെ ഭരണ രീതികൾക്ക് അഴിച്ചുപണി അത്യന്താപേഷിതം തന്നെയാണ്. വിശ്വാസിപ്രാതിനിധ്യവുമായി ബന്ധപ്പെട്ട ചർച്ചകൾ സജീവമാണ്. സംഘർഷഭരിതമായ ഒരു സാഹചര്യത്തിലേക്കാണ് സഭ പോകുന്നതെന്ന് സംശയിച്ചാൽ തെറ്റില്ല. കഴിഞ്ഞ ദിവസം മുളക്കുഴയിൽ നടന്ന സംഭവങ്ങൾ അപലപനീയമാണ്. ജൂണിൽ നടക്കുവാൻ പോകുന്ന ഓവർസീയർ പ്രിഫറൻസ് ബാലറ്റിൽ വോട്ടവകാശം വേണമെന്ന് വിശ്വാസികളും അതിനെ അനുകൂലിച്ച് ഓവർസീയറും നിൽക്കുമ്പോൾ പ്രസക്തമായ ചില ചോദ്യങ്ങൾ ഉയർന്നുവരുന്നു. ഒരു തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിച്ചു കഴിഞ്ഞാൽ അതിൽ ഉൾപ്പെട്ട വോട്ടേഴ്സ്, രീതികൾ തുടങ്ങിയവയ്ക്ക് മാറ്റം വരുത്തുവാൻ പാടില്ല. അതിനെ ഒരു നീതിന്യായ കോടതിയും അംഗീകരിക്കുകയുമില്ല. ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡിന്റെ പ്രിഫറൻസ് ബാലറ്റ് ഓരോ സ്റ്റേറ്റിലായി ആരംഭിച്ചുകഴിഞ്ഞു. തമിഴ്നാട്ടിലും ആന്ധ്രയിലും സെൻട്രൽ വെസ്റ്റ് റീജിയനിലും ഇത് പൂർത്തിയായി. കേരളത്തിൽ ജൂൺ മാസത്തിൽ പ്രിഫറൻസ് നടത്തുമെന്ന് സുപ്രണ്ട് പ്രഖ്യാപിച്ചും കഴിഞ്ഞു. പിന്നെങ്ങനെ വിശ്വാസികൾക്ക് ഇത്തവണ വോട്ടവകാശം ലഭിക്കും.

വിശ്വാസികൾക്ക് വോട്ടവകാശമെന്ന വാഗ്ദാനത്തിൽ അല്പമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ ശരിയായ നടപടിക്രമത്തിലൂടെ നിയമമാക്കുകയാണ് വേണ്ടത്. അതിന് പാസ്റ്റേഴ്സ് മീറ്റിംഗ് വിളിക്കുകയും ഈ നയപരമായ മാറ്റത്തിനുവേണ്ടി അംഗീകാരം വാങ്ങി പ്രമേയം പാസാക്കി ഗവേണിംഗ് ബോഡിക്ക് നൽകുകയും അവിടെ നിന്നും രജിസ്ട്രാർക്ക് നൽകി അംഗീകാരം വാങ്ങുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് സാധുതയുള്ളൂ. അല്ലാതെ നടത്തുന്ന ആവേശഭരിതമായ നീക്കങ്ങളൊന്നും ഫലവത്താകില്ല. വിശ്വാസികളുടെ വോട്ട് മാത്രം മതിയെന്നും കൗൺസിൽ അംഗത്വം കൊടുക്കേണ്ടതില്ല എന്നുമാണ് ഓവർസീയറുടെ നിലപാട്. ഇതിന്റെ അർത്ഥം വീണ്ടും വിശ്വാസികളെ കബളിപ്പിച്ച് അവരുടെ വോട്ടുകൂടി വാങ്ങി ഓവർസിയർ കസേരയിൽ തുടരാമെന്നല്ലേ ഈ കെണിയിൽ വിശ്വാസികൾ വീഴരുത്. കാരണം നിയമപരമായി സ്ഥാപിച്ചുകിട്ടാത്ത അവകാശങ്ങൾ നിലനിൽക്കില്ല എന്ന് അറിയുക. ഐ.പി. സിയിൽ ഭരണഘടനയിൽ ഇല്ലാത്ത അസോസിയേറ്റ് സെന്ററും ഏരിയകളുമൊക്കെ കോടതി റദ്ദാക്കുകയുണ്ടായി. ചർച്ച് ഓഫ് ഗോഡ് ഭരണഘടനയിൽ ഇല്ലാത്ത സ്റ്റേറ്റ് ബോർഡും മറ്റും കോടതി വ്യവഹാരം ഉണ്ടായാൽ റദ്ദാക്കപ്പെടുമെന്നതിൽ സംശയമില്ല. എന്നാൽ നിയമപരമായ സാധുതയുള്ള അവകാശമാണ് സ്ഥാപിക്കപ്പെടേണ്ടത്. വിശ്വാസികളും ശുശ്രൂഷകരും പരസ്പരം പോരടിച്ചതുകൊണ്ട് ഒന്നും നടക്കില്ല. പകരം ചർച്ചകളിലൂടെയും ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെയും മാത്രമേ ഇതിന് പരിഹാരമാകുകയുള്ളൂ.

എനിക്ക് ദുഃഖകരമായി തോന്നിയ ഒന്നുണ്ട്. ഇത് എന്റെ നിരീക്ഷണമാണ്. വിശ്വാസികൾക്ക് പ്രാതിനിധ്യം വേണമെന്ന് ആവശ്യപ്പെട്ട് പ്രവർത്തിക്കുന്ന ചിലരിലൊക്കെ ചില ഗൂഢലക്ഷ്യങ്ങളുണ്ട്. പലതും ആത്മാർത്ഥതയുടെ കണിക ലവലേശം പോലുമില്ലാത്ത ചില രാഷ്ട്രീയ കളികളാണ്. ഇപ്പോഴത്തെ സ്റ്റേറ്റ് ബോർഡ് സെക്രട്ടറി നടത്തുന്ന നീക്കം അത്തരത്തിലുള്ളതാണ്. തന്റെ പിതാവ് ഓവർസീയർ ആയിരുന്നപ്പോഴേ തനിക്ക് സ്വാധീനം ഉണ്ടായിരുന്ന പാസ്റ്റർ എം. കുഞ്ഞപ്പി ഓവർസീയർ ആയിരുന്നപ്പോഴേ ഈ ആവേശം ഇല്ലായിരുന്നു. കഴിഞ്ഞ നാല് വർഷത്തോളവും ഇതു തന്നെയായിരുന്നു സ്ഥിതി. ഇപ്പോൾ കാണിക്കുന്ന ഈ ആവേശം ആത്മാർത്ഥതയുടേതല്ല. പ്രിഫറൻസ് ബാലറ്റ് മുമ്പിൽ കണ്ടുകൊണ്ട് നടത്തുന്ന തരംതാണ കളികളാണ്. പാസ്റ്റർ പി. ജെ. ജെയിംസിനെ പ്രിഫറൻസ് ബാലറ്റ് നടത്താതെ കോടതി വ്യവഹാരത്തിലൂടെ അധികാര കസേരയിൽ പിടിച്ചിരുത്തുന്നതിനുള്ള ശ്രമം മാത്രം. നടക്കുവാൻ സാധ്യതയില്ലാത്ത ഒന്നിനെ പ്രോത്സാഹിപ്പിക്കുന്ന ഓവർസീയറുടെ നിലപാടും ഇരട്ടത്താപ്പുത്തന്നെയാണ്. ശരിയായ ആത്മാർത്ഥത ഈ വിഷയത്തിൽ ഉണ്ടായിരുന്നെങ്കിൽ നടപടിക്രമം പാലിച്ച് ഇത് നിയമമാക്കുകയാണ് വേണ്ടത്.

മൂന്നു മാസങ്ങൾക്കുശേഷം പ്രിഫറൻസ് ബാലറ്റിനെ അഭിമുഖീകരിക്കാൻ പോകുന്ന ഓവർസീയർ വാരിക്കോരി പോസ്റ്റുകൾ ചിലർക്കൊക്കെ നൽകുവാനുള്ള ശ്രമത്തിലാണ്. ഇത് നടക്കാതെ വന്നപ്പോൾ ഇച്ഛാഭംഗം സംഭവിച്ച ഒരു നേതാവ് വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ച് ശുശ്രൂഷകരുമായി തമ്മിൽ തല്ലിക്കുവാൻ ശ്രമിക്കുകയാണ്. ഈ നയവഞ്ചകനെയും വിശ്വാസികൾ തിരിച്ചറിയണം. ദൈവസഭയുടെ വളർച്ചയെ ലക്ഷ്യം വെച്ചുള്ള ശ്രമമെന്ന വ്യാഖ്യാനം സ്വയം നൽകുന്നുണ്ടെങ്കിലും കഴിഞ്ഞ നാലു വർഷം കാണിക്കാത്ത ആത്മാർത്ഥതയുടെ ഉദ്ദേശ ലക്ഷ്യം എല്ലാവർക്കും അറിയാം. ഇതെല്ലാം തരംതാണ രാഷ്ട്രീയക്കളികളും അധികാരമോഹവും മാത്രമാണ്. വിശ്വാസികളെയും ശുശ്രൂഷകരെയും തമ്മിൽ ഭിന്നിപ്പിക്കുക, കോടതി വ്യവഹാരത്തിലേക്ക് പോകുവാൻ ഉള്ള സാഹചര്യം ഉണ്ടാക്കുക എന്നിവയെല്ലാം ഒരു ആത്മീയ നേതാവിനും ഭൂഷണമല്ല. ഇവിടുത്തെ കസേരയെക്കാൾ മുകളിലുള്ള ന്യായവിധി മറക്കാതിരിക്കുക. നിയമത്തിനും സഭയുടെ നയങ്ങൾക്കും വിധേയപ്പെട്ട് സഭ വെച്ചിരിക്കുന്ന പ്രക്രിയയിലൂടെ പിന്തുണ നേടി കസേരയിലിരിക്കുന്നതാണ് മാന്യത. അല്ലാത്തതെല്ലാം ലൂസിഫെറിന്റെ ആത്മാവിനാൽ ഉളവാകുന്നതാണ്.

സഭയുടെ ഭരണത്തിലിരിക്കുന്നവർ വരികയും പോകുകയും ചെയ്യും. അവർ കസേര ഉറപ്പിക്കുവാൻ നടത്തുന്ന തരംതാണതും അനാത്മീകവുമായ പ്രവർത്തികളെ അംഗീകരിക്കരുത്. പണ്ട് മുട്ടനാടുകളെ തമ്മിലടിപ്പിച്ച് ചോരകുടിക്കുവാൻ ശ്രമിച്ച കുറുക്കന്റെ കഥ പാഠമാകണം. ശുശ്രൂഷകരും വിശ്വാസികളും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. അത് പരസ്പര പൂരകങ്ങളുമാണ്. അവരെ തമ്മിലടിപ്പിക്കുവാൻ ആരു ശ്രമിച്ചാലും അത് പൈശാചികമാണ്. അതുകൊണ്ടുതന്നെ ഇത്തരം തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് സഭയുടെ ഉന്നമനത്തിനായി ആഗ്രഹിക്കുന്ന വിശ്വാസികളും ശുശ്രൂഷകരും ഐക്യതയോടെ ചർച്ചകളിലൂടെ കാര്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കണം. വിശ്വാസികളുടെ ഈ ന്യായമായ ആവശ്യത്തിന് ബിലീവേഴ്സ് ജേണലിന്റെ പിന്തുണ എന്നുമുണ്ടാകും. എന്നാൽ ഓവർസീയറുടെ ഇരട്ടത്താപ്പിനെ അംഗീകരിക്കുവാൻ കഴിയില്ല.

അടുത്ത ഓവർസീയർ ആര് എന്നുള്ളതല്ല. ദൈവത്താൽ ആക്കപ്പെടുന്നവരും ജനം അംഗീകരിക്കുന്നവരും വരട്ടെ. അതിന് സഭയുടെ നിയമങ്ങളും ചട്ടങ്ങളും ഉണ്ടല്ലോ. ആ പ്രക്രിയയെ എന്തിന് ഭയപ്പെടണം. നിയമം എല്ലാവർക്കും ഒരുപോലെയാണല്ലോ.

വേദ പഠനം

# ഇടയ ലേഖനങ്ങൾ

## (The Pastoral Epistles)



എഡിസൺ തോമസ്, വേങ്ങൂർ
9961336353

— തുടർച്ച —

1 തിമൊ. 3:13-16

ശുശ്രൂഷകന്മാരുടെ യോഗ്യതകൾ ചൂണ്ടിക്കാട്ടിയതിനുശേഷം നന്നായി ശുശ്രൂഷ ചെയ്തിട്ടുള്ളവർ തങ്ങൾക്കു നല്ലനിലയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്തിൽ വളരെ പ്രാഗത്ഭ്യവും സമ്പാദിക്കുന്നു. പലർക്കും ശുശ്രൂഷയുണ്ട് നാടുനീളെ നടന്നു പല്ലു പറിക്കുന്നതുപോലെ ഭാര്യയെയും മക്കളെയും ഉപേക്ഷിച്ച് ശുശ്രൂഷ ചെയ്യുന്ന ഒത്തിരി ശുശ്രൂഷകന്മാർ സഭകളിലും സഭാശുശ്രൂഷയിലുമുണ്ട് ഞായറാഴ്ചയിലെ ആരാധന കഴിഞ്ഞാൽ ബാഗും തുണിയും എടുക്കുക, ഒരൊറ്റ പോക്കാണ്, കോട്ടയം, കോഴിക്കോട് ഇങ്ങനെ ഒരു ഒറ്റപോക്ക് ഭാര്യയേയും മക്കളെയും വീട്ടിലാക്കി, പിന്നെ അവരെ കാണുന്നത് വെള്ളിയാഴ്ച രാവിലെ ഉപവാസപ്രാർത്ഥനയ്ക്കാണ്. പാവം ഭാര്യ കുഞ്ഞുങ്ങളെയും നോക്കി കഷ്ടപ്പെട്ടു ദിവസങ്ങൾ തള്ളിനീക്കുന്നു. ഇവരൊക്കെ എന്തോ ശുശ്രൂഷയാ ചെയ്യുന്നത്? "ചെല്ലുന്നിടം പി.ഓ" ആർക്കുവേണമെങ്കിലും എടുക്കാം എന്നു പറഞ്ഞതു പോലെ വീടും സഭയും നോക്കാതെ ശുശ്രൂഷയുടെ മറവിൽ ഉലകം ചുറ്റുന്ന മഹാന്മാർ, സഭാശുശ്രൂഷകനായിരിക്കുമ്പോൾ തന്നെ വിദേശരാജ്യങ്ങൾ സന്ദർശിച്ച് പണം ഉണ്ടാകുന്ന പാസ്റ്റർമാരുടെ എണ്ണവും കുറവല്ല. ഇതൊന്നുമല്ല ശുശ്രൂഷ എന്നു ഓർക്കുക, പണത്തിനുവേണ്ടിയുള്ള ശുശ്രൂഷയല്ല, നമ്മുടേത്. ഉപരിയായി ജീവിതങ്ങളെ ഒരുക്കുന്നതും ശരിയായ ദിശയിലേക്ക് കൊണ്ടുവരുന്നതുമായ ശുശ്രൂഷയാണ് ദൈവദാസന്മാരുടേത്. നല്ല നിലയിലും നിലവാരത്തിലും ശുശ്രൂഷചെയ്യുവാൻ ശുശ്രൂഷയിലിരിക്കുന്നവർ ശ്രദ്ധിക്കണം. അങ്ങനെ ചെയ്യുമ്പോൾ നിലയും വിലയും ലഭിക്കും. അല്ലാതെ എന്തെങ്കിലും കാട്ടിക്കൂട്ടുന്ന ശുശ്രൂഷകൾ ഒരിക്കലും ചെയ്യുവാൻ ശ്രമിക്കരുത്. ഇതൊന്നും ചെയ്യുമ്പോൾ നമ്മെ കൊണ്ടു കഴിവും പ്രാപ്തിയുമില്ലായെങ്കിൽ ഇതിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നതാണ് നല്ലത്. പതിനാലാം വാക്യത്തിൽ പൗലോസിന്റെ താല്പര്യവും ആഗ്രഹവും പ്രകടിപ്പിക്കുന്നുണ്ട്. "ഞാൻ വേഗത്തിൽ നിന്റെ അടുക്കൽ വരും എന്നു ആശിക്കുന്നു, താമസിച്ചുപോയാലോ സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടതു എങ്ങനെയെന്നു നീ അറിയേണ്ടതിനു ഇതു എഴുതുന്നു" ഇവിടെ സഭയുടെ ഉദ്ദേശ്യത്തെയും സ്ഥാനത്തേയും വ്യക്തമാക്കുന്നുണ്ട്. ഒന്നാമതായി സഭ



എന്നത് കുറെ മനുഷ്യർക്കു സ്വന്ത ഇഷ്ടപ്രകാരം വന്നു പോകുന്നതിനുള്ള സ്ഥലമല്ല. മറിച്ച് ദൈവം വസിക്കുന്ന സ്ഥലമാണ്. ദൈവം വസിക്കുന്ന സ്ഥലം എന്നു പറയുമ്പോൾ ദൈവത്തിന്റെ ഭവനം എന്നർത്ഥം. അവനിൽ കൃപയാൽ വിശ്വസിച്ചവൻ അവന്റെ മക്കളാണ്. ദത്തെടുപ്പിലൂടെ അവന്റെ മക്കളായി മാറിയിരിക്കുകയാണ്. ദൈവം അവരുടെ മദ്ധ്യേ പാർക്കുന്നു. ജീവനുള്ള ദൈവത്തിന്റെ സാന്നിധ്യം അവിടെ കാണുവാൻ കഴിയും. അല്ലാതെ പ്രവർത്തിക്കുവാൻ കഴിയാത്ത വിഗ്രഹങ്ങളോ സിംഹാസനങ്ങളോ അവിടെ കാണാൻ കഴിയുകയില്ല. സഭ എന്നത് സത്യത്തിന്റെ തൂണും അടിസ്ഥാനവുമാണ്. ദൈവത്തിന്റെ സത്യത്തിന്റെ സ്വീകർത്താവാണ് സഭ. പൈശാചിക ആക്രമണങ്ങളിൽ നിന്നും എതിർപ്പുകളിൽ നിന്നും അസത്യത്തിന്റെ നായകനും നടത്തിപ്പുക്കാരനുമായ പിശാചിന്റെ കൂട്ടുകെട്ടിലും ബന്ധനങ്ങളിലും വീഴാതെ കാത്തു സൂക്ഷിക്കുകയാണ് സഭയുടെ ദൗത്യം. സഭ അല്ല സത്യം സൃഷ്ടിക്കുന്നത് എന്നാൽ സത്യവാനായ ദൈവം സത്യത്തെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. പൗലോസ് ഒടുവിൽ ഒന്നാം നൂറ്റാണ്ടിൽ ദൈവമക്കൾ പാടിയ ക്രിസ്തീയ ഗാനത്തിന്റെ ചില ചരണങ്ങൾ ഇവിടെ ഉദ്ധരിക്കുകയാണ്. ആ ഉദ്ധരണിയിൽ വൈരുദ്ധ്യങ്ങളെ വ്യക്തമാക്കുകയാണ്, ജഡവും ആത്മാവും.

**ദൂതന്മാരും രാജ്യവും**

ലോകവും മഹത്വവും ഇവ ക്രിസ്തുവിലൂടെ ഉയർത്തപ്പെടുകയാണ് ഇവിടെ പൗലോസ് ഉദ്ദേശിക്കുന്നത്. സ്വർഗ്ഗവും ഭൂമിയും തമ്മിൽ യോജിപ്പിക്കുന്ന ഒരു പാലമായിട്ടാണ് ഇവിടെ കാണാൻ കഴിയുന്നത്.

ദൈവസഭ എന്നത് കെട്ടിയടച്ച ഒരു തോട്ടമാണ്. എന്നാൽ തുറക്കപ്പെട്ട വയൽ അല്ല, അതിരും വരമ്പും അടുക്കും ചിട്ടയും ബെല്ലും ബ്രേക്കും അച്ചടക്ക നടപടിയും എല്ലാം സഭയ്ക്കു ആവശ്യമാണ്. സഭയുടെ ഭൗതിക കാര്യങ്ങൾ നിർവ്വഹിക്കാനും ആത്മീക കാര്യങ്ങൾക്കു ചുമതല കൊടുക്കുവാനും പ്രായവും പക്വതയും പരിജ്ഞാനവും നല്ല സാക്ഷ്യവുമുള്ള ചിലരെ നിയമിക്കുന്ന രീതി നല്ലതാണ് പക്ഷെ സഭയിൽ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറാർ, കമ്മറ്റി അംഗങ്ങൾ എന്നിങ്ങനെ പല തസ്തികകൾ ചിലപ്പോൾ വിഷമങ്ങളും പ്രയാസങ്ങളും സൃഷ്ടിക്കാറുണ്ട് ഇന്നു വേർപ്പെട്ട മക്കളുടെ ഇടയിൽ നടക്കുന്ന തിരഞ്ഞെടുപ്പ് സംവിധാനങ്ങൾ ഇതൊക്കെ ദൈവസഭയ്ക്കു യോജിച്ചതാണോ സഭയുടെ ഭരണസമിതിയിൽ എത്തുവാനുള്ള നെട്ടോട്ടം പണം കൊടുക്കുന്ന രീതി വോട്ടുപിടിത്തം, പാനൽയോഗങ്ങൾ, എതിർസ്ഥാനാർത്ഥിക്കെതിരെയുള്ള നുണപ്രചരണങ്ങൾ ഇവയെല്ലാം സാത്താന്റെ തന്ത്രങ്ങളും തന്റെ പൂണിയിലെ ആയുധങ്ങളുമാണ് ഇന്നു ദൈവസഭയ്ക്കു ആവശ്യം സമർപ്പണവും ത്യാഗമനോഭാവവും ഉത്സാഹവുമുള്ള ദൈവമക്കളെയും ശുശ്രൂഷകന്മാരെയുമാണ്, അതിനായി ഒരുങ്ങാം. (തുടരും...)

## ചോദ്യോത്തരവേദി

# കാലാവസ്ഥാമാറ്റത്തിനെതിരെ പാരീസിൽ നടന്ന ഉച്ചകോടി



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** ലോകത്തിലെ എല്ലാ രാജ്യങ്ങളിലെയും നേതാക്കൾ പാരീസിൽ ഒത്തുകൂടി അന്തരീക്ഷ മലിനീകരണം തടയുന്നതിനും ഭൂമിയിലെ ചൂടു കുറയ്ക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു. എന്തെങ്കിലും മാറ്റം ഉണ്ടാകുമോ? വിശ്വാസികൾക്ക് എന്തെങ്കിലും സംരക്ഷണം ഉണ്ടാകുമോ? സഭാംഗങ്ങൾ മരങ്ങൾ വച്ച് പിടിപ്പിച്ച് ഭൂമിയെ സംരക്ഷിക്കണമെന്ന് അപ്പൊസ്തലന്മാർ ഉദ്ബോധിപ്പിക്കുന്നു. വിശദീകരിക്കുക? **– സാം റാന്നി**

**ഉത്തരം:** മാറ്റമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. വികസിത രാജ്യങ്ങളിലെയും വികസ്വര രാജ്യങ്ങളിലെയും പുക തള്ളുന്ന ഫാക്ടറികൾ പ്രവർത്തിപ്പിക്കാതിരിക്കുകയും വാഹനങ്ങൾ ഒന്നും ഓടാതിരിക്കയും ചെയ്താലും, അടുത്ത മുപ്പതു വർഷത്തേക്കുള്ള അന്തരീക്ഷ മലിനീകരണം (നൈട്രജൻ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ് കൂടുതൽ അളവിൽ നാം അന്തരീക്ഷത്തിലേക്ക് തള്ളിയിരിക്കുന്നു) നാം നടത്തിക്കഴിഞ്ഞിരിക്കുന്നു. എങ്കിലും ലോക നേതാക്കൾ ഈ വഴിക്ക് ചിന്തിച്ച് തുടങ്ങിയത് ശുഭോദർക്കമാണ്.

കർത്താവിന്റെ രണ്ടാം വരവുമായി ബന്ധപ്പെട്ട് അഞ്ചു മാറ്റങ്ങളാണ് ഭൂമിയിൽ സംഭവിക്കുക. 1)യിസ്രായേൽ എന്ന രാജ്യത്തോടുള്ള മറ്റു ലോകരാഷ്ട്രങ്ങളുടെ സമീപനം, 2) കർത്താവിലാണ് വിശ്വാസം എന്ന് പ്രഖ്യാപിച്ചവരുടെ ഇടയിലുണ്ടാകുന്ന വിശ്വാസത്യാഗം, 3) ലോകജനതയുടെ ധാർമ്മീക ചിന്താഗതിയിലുണ്ടാകുന്ന മാറ്റം, 4) ലോകരാഷ്ട്രങ്ങളുടെ ആവിർഭാവവും അവസാനവും, 5) കാലാവസ്ഥാ മാറ്റം. **കാലാവസ്ഥ മുമ്പുണ്ടായിരുന്ന സ്ഥിതിയിലേക്ക് തിരിച്ചുവരാനുള്ള സാധ്യത ഇല്ല.** കാരണം, '...ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു.... അതുകൊണ്ട് ഭൂമി ശാപഗ്രസ്ഥമായി അതിൽ പാർക്കുന്നവർ ശിക്ഷ അനുഭവിക്കുന്നു; അതുകൊണ്ട് ഭൂവാസികൾ ദഹിച്ചുപോയി ചുരുക്കം പേർ മാത്രം അവശേഷിച്ചിരിക്കുന്നു' (യെശയ്യാവ് 24:5,6). 'മരങ്ങളും പച്ചസസ്യങ്ങളും വാടിക്കരിയുകയും വെള്ളം കയ്പുള്ളതായി കുടിക്കാൻ യോഗ്യമല്ലാതാകുകയും സമുദ്രങ്ങളിലെ ജീവികൾ നശിക്കുമെന്നും' 'മനുഷ്യൻ അത്യുഷ്ണത്താൽ വെന്തുപോകുമെന്നും' നാം വായിക്കുന്നു (വെളിപ്പാട് 8:7–11; വെളിപ്പാട് 16:8). നല്ല രീതിയിൽ കൃഷി ചെയ്യുന്നതിന് മുൻമഴയും പിന്മഴയും ലഭിക്കുന്നത് ഭൗതീകാനുഗ്രഹത്തിന്റെ ലക്ഷണമെന്നാണ് ദൈവവചനം (ആവർത്തനം 11:14). 'മുൻമഴയും പിൻമഴയും മാറിപ്പോകുവാൻ ജനങ്ങളുടെ അകൃത്യമത്രേ കാരണം, ജനങ്ങളുടെ പാപങ്ങളാൽ ഈ നന്മയ്ക്ക് മുടക്കം വന്നിരിക്കുന്നു' (യിരെമ്യാവ് 5:24,25). കാലാവസ്ഥ വ്യതിയാനം ദൈവത്തിന്റെ ശാസനയാണെന്ന് ആമോസ് പ്രവാചകൻ എഴുതിയിരിക്കുന്നു (ആമോസ് 4:6–10). കാലാവസ്ഥ വ്യതിയാനം ദൈവശിക്ഷയാണെന്നും നഹൂം പ്രവചിക്കുന്നു (നഹൂം 1:1–6). യഹോവ ഇയ്യോബിനോട് അരുളിച്ചെയ്തു: "നീ ഹിമത്തിന്റെ ഭണ്ഡാരത്തിൽ പ്രവേശിച്ചിട്ടുണ്ടോ? കല്മഴയുടെ ഭണ്ഡാരം നീ കണ്ടിട്ടുണ്ടോ? ഞാൻ അവയെ കഷ്ടകാലത്തേക്കും യുദ്ധവും പോരാട്ടവും ഉള്ള നാളിലേക്കും സംഗ്രഹിച്ചുവെച്ചിരിക്കുന്നു..." (ഇയ്യോബ് 38:22–28).

കാലാവസ്ഥ വ്യതിയാനം അന്ത്യകാല ലക്ഷണങ്ങളിലൊന്നാണെന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്: "സൂര്യനിലും നക്ഷത്രങ്ങളിലും അടയാളങ്ങൾ ഉണ്ടാകും. കടലിന്റെയും തിരമാലയുടെയും ഗർജ്ജനം നിമിത്തം ഭൂമിയിലെ ജനതകൾക്ക് നിരാശയും പരിഭ്രവും ഉണ്ടാകും...നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും, മദ്യപാനത്താലും, ലൗകീക ചിന്തകളാലും ഭാരപ്പെട്ട്, ആ ദിവസം നിങ്ങൾക്ക് പെട്ടെന്ന് കെണിപോലെ വരാതിരിക്കുവാൻ സൂക്ഷിച്ചുകൊൾവീൻ. അതു സർവ്വഭൂതലത്തിലും വസിക്കുന്ന **ഏവർക്കും** വരും (ലൂക്കോസ് 21:25,35). "യഹോവയുടെ ദിവസം അടുത്തിരിക്കുന്നു...ധാന്യം കരിഞ്ഞുപോയിരിക്കയാൽ പണ്ടികശാലകൾ ശൂന്യമായി. കന്നുകാലികൾ മേച്ചിൽ ഇല്ലായ്കയാൽ ബുദ്ധിമുട്ടുന്നു...വയലിലെ മൃഗങ്ങളും നിന്നെ നോക്കി കിഴെക്കുന്നു" (യോവേൽ 1:15–20).

അബ്രഹാമിന്റെ കാലത്തും (ഉല്പത്തി 12:10), യിസ്ഹാക്കിന്റെ കാലത്തും (ഉല്പത്തി 26:1), യാക്കോബിന്റെ കാലത്തും അപ്പൊസ്തലന്മാരുടെ കാലത്തും (അപ്പൊ.പ്രവ.11:28) കാലാവസ്ഥാമാറ്റം കൊണ്ട് ക്ഷാമമുണ്ടായിട്ടുണ്ട്. എന്നാൽ കഷ്ടതയോ പീഡനമോ ക്ഷാമമോ ഒന്നും ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും വിശ്വാസികളെ വേർപിരിക്കാൻ സാധിക്കയില്ല (റോമർ 8:35–39).

വിശ്വാസികൾ മരം വച്ച് പിടിപ്പിച്ച് കാലാവസ്ഥ അനുകൂലമാക്കാൻ ശ്രമിക്കുന്നതു തെറ്റൊന്നുമല്ല. പക്ഷെ വിശ്വാസികളുടെ പ്രധാന ദൗത്യം അതൊന്നുമല്ല. മരം വച്ചു പിടിപ്പിക്കുന്ന കേന്ദ്രസംസ്ഥാന സർക്കാർ ഏജൻസികളും പരിസ്ഥിതിവാദികളും ധാരാളമുണ്ട്. അവരെ സഹായിക്കുക. പ്രധാനദൗത്യമായ യേശുവിനെ അറിയുകയും കൂടുതൽ അറിയുകയും ചെയ്യുക എന്നുള്ളതാണ്.

## 01 ചർച്ച് ഓഫ് ഗോഡ് കേരളാ....

ചേത്തയ്ക്കൽ പള്ളത്ത് വത്സമ്മയാണ് ഭാര്യ.

ട്രഷറാർ പാസ്റ്റർ വൈ. ജോസ് പ്രയർ സെൽ ഡയറക്ടറും മല്ലപ്പള്ളി ഡിസ്ട്രിക്ട് പാസ്റ്ററും കീഴ്വായ്പൂർ സഭാ ശുശ്രൂഷകനുമാണ്. വെട്ടിയാർ സ്വദേശി ജിജിയാണ് ഭാര്യ. ജോ. സെക്രട്ടറി പാസ്റ്റർ തോമസ്കുട്ടി ഏബ്രഹാം പുറമറ്റം സ്വദേശിയും ഇരവിപേരൂർ സഭാംഗവുമാണ്. കോന്നി ഡിസ്ട്രിക്ട് പാസ്റ്ററായും സഭാ ശുശ്രൂഷകനായും പ്രവർത്തിക്കുന്നു. ജോ. ട്രഷറാർ പാസ്റ്റർ വിനോദ് ജേക്കബ് കോട്ടയം കഞ്ഞിക്കുഴി സ്വദേശിയും തിരുവനന്തപുരം നോർത്ത് ഡിസ്ട്രിക്ട് പാസ്റ്ററും പട്ടം സഭയുടെ ശുശ്രൂഷകനുമാണ്. പുത്തൻ കാവ് സ്വദേശി റീത്താ വിനോദ് ജേക്കബ് ആണ് ഭാര്യ.

## 01 കുമ്പനാട് ഇൻഡ്യാ.....

ർ സ്ഥലവിസ്തൃതിയുള്ള പുതിയ ക്യാമ്പസ് പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ കോഴിമല IGO ക്യാമ്പസ്, കുമ്പനാട് ഹെബ്രോൻ ക്യാമ്പസ് എന്നീ രണ്ടു ക്യാമ്പസുകളിലായി പ്രവർത്തനം നടക്കുന്നു.

സെറാമ്പൂർ ഡിഗ്രി കോഴ്സുകളായ B.D. (Regular), B.D. (Integrated) എന്നിവ കോഴിമല IGO ക്യാമ്പസിലും ഏഷ്യാ തിയോളജിക്കൽ അസ്സോസിയേഷന്റെ (ATA) M.Div., B.Th., Dip.Th. ഇവയും ഇതര കോഴ്സുകളായ M.Th. (Counseling), M.A. (Holistic Child Development), C.Th. എന്നിവ ഇരു ക്യാമ്പസുകളിലായും നടക്കുന്നതാണ്.

അനുഭവസമ്പത്തും ഉന്നത വിദ്യാഭ്യാസയോഗ്യതയുമുള്ള 55–ൽ പരം അദ്ധ്യാപകർ കോളജിൽ പഠിപ്പിക്കുന്നു.

## 01 ചർച്ച് ഓഫ് ഗോഡ് ഭരണഘടനാ.....

പരമായ പ്രശ്നങ്ങളാണ്. ജൂണിൽ നടക്കുന്ന പ്രിഫറൻസ് ബാലറ്റിൽ വിശ്വാസികളുടെ വോട്ട് നേടി അധികാരത്തിൽ വരുന്ന ഓവർസീയർക്ക് തൽസ്ഥാനത്ത് തുടരുവാൻ സാധ്യമല്ല. ആ തെരെഞ്ഞെടുപ്പ് കോടതി റദ്ദാക്കും. ഇത്തരത്തിലുള്ള ഭരണഘടനാപരമായ പഴുതുകൾ ഉപയോഗിച്ചാണ് ഐ. പി. സി ജനറൽ സെക്രട്ടറിയെ കോടതി അയോഗ്യനാക്കിയതും നിയമസാധുതയില്ലാത്ത അസോസിയേറ്റ് സെന്റർ പാസ്റ്റർ, ഏരിയ പാസ്റ്റർ തുടങ്ങിയ പദവികൾ തിരുവല്ലാ കോടതി റദ്ദാക്കിയതും നാം പരിശോധിക്കണം.

സ്റ്റേറ്റ് ബോർഡ് പിരിച്ചു വിടണം, വിശ്വാസി–ശുശ്രൂഷ അനുപാതം നിശ്ചയിക്കണം, കൗൺസിലിന്റെ അംഗസംഖ്യ വിപുലീകരിക്കണം, പുതിയ വോട്ടർ പട്ടിക തയ്യാറാക്കണം, തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യണം. ഇതിനെല്ലാം പഠനം ആവശ്യമാണ്. അത്യന്തികമായി ചെയ്യേണ്ടത് പോളിസി ഭേദഗതി ചെയ്യുകയാണ്. അതു ചെയ്യാത്തിടത്തോളം നാം എടുക്കുന്ന ഏത് തീരുമാനത്തിനും നിയമപരമായ നിലനിൽപ് ഉണ്ടാകയില്ല. ഭരണഘടനാ പ്രതിസന്ധി മറിക്കടക്കാനുള്ള ഏകമാർഗ്ഗം നിയമനിർമ്മാണമാണ്. അതിനുള്ള അവകാശം സ്റ്റേറ്റ് കൗൺസിലിന് ഇല്ല. ജനറൽ ബോഡി വിളിച്ചു കൂട്ടി പ്രമേയം പാസ്സാക്കി, ഗവേണിംഗ് ബോഡിയുടെ അനുവാദത്തോടെ പോളിസി ഭേദഗതി ചെയ്യുകയാണ് ഏകമാർഗ്ഗം.

BELIEVERS JOURNAL
Kandankeril Bulidings, Kumbanad P.O.,
Thiruvalla - 689 457
Email: beljourn@gmail.com/ Website: www.beljourn.com

## 08 ലോത്തിന്റെ ഭാര്യയെ ഓർത്തു....

ടുംബത്തിനു വേണ്ടിയായിരുന്നു. എന്നാൽ അനുഭവിപ്പാൻ യോഗമില്ലാതെ പോയി. കാരണം ദൈവഹിതത്തിന് വിരോധമായി ആര് എന്ത് നേടിയാലും അത് നിലനില്ക്കയില്ല. ഇന്നനേകരും പറയുന്നതു പോലെ ലോത്തും ചിന്തിച്ചു കാണും. രണ്ട് പെൺകുഞ്ഞുങ്ങൾ ആണ് തനിക്ക് ഉള്ളത്. അവരെ മാന്യമായി പറഞ്ഞയയ്ക്കണം. അതിന് സമ്പത്ത് വേണം. ഒടുവിൽ ദൈവത്തിന്റെ ന്യായവിധിയുടെ മുൻപിൽ പിടിച്ചു നില്ക്കുവാൻ കഴിയാതെ ഓടുമ്പോൾ തനിക്ക് നീരോട്ടമുള്ള സ്ഥലം തെരഞ്ഞെടുക്കുന്ന ആവേശമൊന്നും തോന്നിയില്ല. ജീവരക്ഷയ്ക്കായ് പർവ്വതത്തിലേക്ക് ഓടാൻ ദൈവം കല്പിച്ചപ്പോൾ അവിടെയും തന്റെ ഇഷ്ടത്തിന് ലോത്ത് പ്രാധാന്യം കൊടുത്തു. ഒടുവിൽ തന്റെ കുടുംബം തനിക്ക് നഷ്ടമായി. തന്നോട് കൂടെ താങ്ങും തണലും ആയിരിക്കേണ്ട തന്റെ ഭാര്യ ഉപ്പുതൂണായി തീർന്നു. ലോത്തിന്റെ ഭാര്യ തിരിഞ്ഞ് നോക്കിയത് തന്റെ സമ്പാദ്യം നഷ്ടപ്പെടുന്നത് ഓർത്തോണേ ദൈവകോപത്തിന്റെ തീ വർഷിപ്പിക്കുന്നത് കണ്ടാണോ എന്നറിയില്ല. അവൾ ലോത്തിന്റെ പിന്നിലായിരുന്നു ഓടിയത്. അവൾ തിരിഞ്ഞു നോക്കിയതു മുഖാന്തരം ദൈവകോപത്തിന്റെ ശേഷിപ്പായി തീർന്നു. രണ്ട് പെൺമക്കൾ അപ്പനാൽ ഗർഭം ധരിച്ച് ശാപഗ്രസ്ഥരായ തലമുറകൾക്ക് ജന്മം നല്കി. നമുക്ക് ലോത്തിനോട് ചോദിക്കാം: പ്രിയ സ്നേഹിതാ.... നിന്റെ തെരഞ്ഞെടുപ്പുകൊണ്ട് നീ എന്ത് നേടി? എന്നും പട്ടണത്തിൽ പാർക്കുവാൻ ലോത്ത് ആഗ്രഹിച്ചു. സുഖകരമായ ഒരു ജീവിതം മുന്നിൽ കണ്ടു. താൻ എങ്ങനെയോ, അങ്ങനെയായി തന്റെ കുടുംബത്തിന്റെ കാഴ്ചപ്പാടും. അവരും സമ്പത്തിൽ മനസ്സ് വെച്ചു. മക്കൾ സ്വന്തബുദ്ധിയിൽ ആശ്രയം വെച്ചു. അവർ ദൈവത്തോട് ആലോചിച്ചില്ല. ഭാവിയെക്കുറിച്ച് അവർ ഉത്കണ്ഠപ്പെട്ടു. ഒരു തലമുറ ഇല്ലാതാകുമെന്ന് ഭയന്ന് സ്വയം അപ്പനാൽ ഗർഭം ധരിക്കുവാൻ തയ്യാറായി. എത്ര മ്ലേഛകരമായ ജീവിതസാഹചര്യമായിത്തീർന്നു ലോത്തിന്റേത്. തന്റെ സമ്പത്ത് മുഴുവൻ തനിക്ക് നഷ്ടമായി. വചനം പറയുന്നു ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിപ്പീൻ, അതോടുകൂടെ സകലവും നിങ്ങൾക്ക് ലഭിക്കും. എത്ര ശ്രേഷ്ഠമായ കാര്യമാണത്. സ്വയം ഒന്നും ചെയ്യുവാൻ തുനിയരുത്. എന്ത് ചെയ്താലും ദൈവത്തോട് ആലോചന ചോദിയ്ക്കുവാൻ നാം മടിക്കരുത്.

നമ്മുടെ ജീവിതത്തിൽ നാമും ഭാവിയെ ഓർത്ത് വ്യാകുലപ്പെട്ട് ഓടുന്നവരാണ്. നമ്മുടെ തലമുറയ്ക്കുവേണ്ടി എത്ര സമ്പാദിച്ചാലും നമുക്ക് മതിയെന്ന് തോന്നാറില്ല. എന്നാൽ നാം ഒന്നറിഞ്ഞിരിക്കണം. നമ്മുടെ ഒരു സമ്പാദ്യത്തിനും ദൈവകോപത്തിൽ നിന്നും നമ്മെ സംരക്ഷിക്കുവാൻ കഴിയില്ല. എല്ലാം വിട്ടെറിഞ്ഞ് പോകേണ്ടവരാണ് നാം. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ യഹോവ നിന്റെ കൂടാരത്തിൽ ആർ പാർക്കും. നിന്റെ വിശുദ്ധപർവ്വത്തതിൽ ആർ വസിക്കും. നമ്മുടെ ലക്ഷ്യം ആ വിശുദ്ധപർവ്വതത്തിലേക്കാണ്. അവിടെ ദൈവത്തോടു കൂടെയുള്ള വാസം അതാഗ്രഹികുന്ന നാം ഒരിക്കലും ഈ ലോകത്തിലെ നീരോട്ടമുള്ള പ്രദേശമോ, സമ്പൽസമൃദ്ധമായ പട്ടണങ്ങളോ കണ്ട് അതിൽ മനസ്സ് വെയ്ക്കരുത്. ഈ ഭൗമകൂടാരം എവിടെയെല്ലാം മാറ്റി–മാറ്റി അടിച്ചാലും ഒരിക്കൽ ഈ കൂടാരം ഈ ഭൂമിയിൽ ഉപേക്ഷിച്ച് നാം പോകുന്ന ഒരു സമയമുണ്ട്. അന്ന് നമ്മെ പിന്നോട്ട് തിരിഞ്ഞു നോക്കി നെടുവീർപ്പിടുവാൻ പ്രേരിപ്പിക്കുന്ന യാതൊന്നും ഇവിടെയുണ്ടാകരുത്. വിട്ട് പിരിഞ്ഞ് ക്രിസ്തുവിനോട് ചേരുവാൻ അധികം കാംക്ഷിക്കണം. ലോത്തിന്റെ തിരഞ്ഞെടുപ്പാണ് തന്റെ ഭാര്യയെ ഉപ്പുത്തൂണാക്കിയത്. തന്റെ മക്കൾ ശപിക്കപ്പെട്ട തലമുറയ്ക്ക് ജന്മം കൊടുക്കുവാൻ ഇടയാക്കിയത്. അതിനാൽ നമ്മുടെ തെരഞ്ഞെടുപ്പ് ദൈവഹിതപ്രകാരം ആകട്ടെ. നന്മയാണോ തിന്മയാണോ എന്ന് നോക്കുന്നതിന് മുൻപ് ദൈവഹിതമാണോ എന്ന് നോക്കുക. ഇന്നനേകർ വലഞ്ഞു പോകാൻ കാര്യം തെരഞ്ഞെടുപ്പിൽ വന്ന പാളിച്ചകളാണ്. നീരോട്ടമുണ്ടോ എന്നറിയുന്നതിനു മുൻപ് ദൈവം നിന്നെ അവിടെ അയച്ചിട്ടുണ്ടോ എന്നറിയുക. മത്സരിച്ചും വെട്ടിപ്പിടിച്ചും നീ നേടിയത് നിന്റെ കുടുംബത്തെ ഇല്ലാതാക്കുമെങ്കിൽ നീതിയോടു കൂടിയ അല്പം അല്ലേ നല്ലത്? ഈ നാളുകളിൽ ഇങ്ങനെ ചിന്തിക്കുവാൻ നമുക്ക് കഴിയട്ടെ. അബ്രഹാമിനെ അനുഗ്രഹിച്ച ദൈവം നമ്മെയും ഐശ്വര്യമായി അനുഗ്രഹിക്കട്ടെ.

## ഇൻഡ്യാ ബൈബിൾ കോളജ് & സെമിനാരി ഗ്രാജുവേഷൻ മാർച്ച് 3–ന്

കുമ്പനാട് ഇൻഡ്യാ ബൈബിൾ കോളജ് & സെമിനാരി 2016–ലെ ഗ്രാജുവേഷൻ മാർച്ച് 3 വ്യാഴാഴ്ച 2 പി.എം മുതൽ കോഴിമല IGO ക്യാമ്പസിൽ നടക്കുന്നതാണ്. M.Div, B.Th, Dip.Th, C.Th–എന്നീ കോഴ്സുകളിലായി 106 വിദ്യാർത്ഥികൾ ഈ വർഷം ഗ്രാജുവേറ്റ് ചെയ്യുന്നു.

പാസ്റ്റർ റ്റി. എസ്. ഏബ്രഹാം (പ്രസിഡന്റ് എമിരിറ്റസ്) , പാസ്റ്റർ ഡോ. റ്റി. വത്സൻ ഏബ്രഹാം (പ്രസിഡന്റ്) എന്നിവർ സർട്ടിഫിക്കറ്റുകൾ സമ്മാനിക്കും. വിശിഷ്ട അഥിതികൾ, സഭാനേതാക്കൾ, മാതാപിതാക്കൾ, പൂർവവിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ തുടങ്ങിയവർ പങ്കെടുക്കും.

വീക്ഷണം

# ദൈവമക്കളുടെ സാമൂഹിക പ്രതിബദ്ധത



റോബിൻ സാമുവേൽ
തുവയൂർ, 9745921653

‘പെന്തെക്കോസ്തുകാരെപ്പോലെ സാമൂഹിക പ്രതിബദ്ധതയില്ലാത്ത ഒരു വർഗ്ഗം വേറെയുണ്ടോ?” സോഷ്യൽ മീഡിയയിലെ ഒരു തീ പാറുന്ന ചർച്ചയിലാണ് നമ്മുടെ ആത്മാഭിമാനത്തെത്തന്നെ ചോദ്യം ചെയ്യുന്ന ഈ 'കമന്റ്' പ്രത്യക്ഷപ്പെട്ടത്. ഇതിനു മുമ്പും ഇത്തരത്തിൽ പെന്തെക്കോസ്തരുടെ സാമൂഹിക പ്രതിബദ്ധത ചോദ്യം ചെയ്യുന്ന ചർച്ചകൾ സമൂഹത്തിലുയർന്നിട്ടുണ്ട്. ഭാഷാപോഷിണിയിലൂടെ ബാബുപോൾ, മാധ്യമത്തിലൂടെ താഹമാടായി തുടങ്ങി ബെന്യാമീൻ വരെ ഇത്തരം ചർച്ചകൾ പലപ്പോഴായി നടത്തിയിട്ടുണ്ട്.

“ലോകമെനിക്കുവേണ്ട ലോകത്തിനിമ്പം വേണ്ട പോകും ഞാനേശുവിൻ പാത നോക്കി” എന്നുപാടി യാത്രയാരംഭിച്ച പൂർവ്വകാല പെന്തെക്കോസ്ത് പിതാക്കന്മാരിട്ട ‘അതിരുകൾ’ തന്നെ മാന്തിപ്പൊളിക്കാൻ ശ്രമം നടക്കുന്ന കാലത്താണ് പെന്തെക്കോസ്തരുടെ സാമൂഹിക പ്രതിബദ്ധതയെപ്പറ്റിയും ചോദ്യം ചെയ്യലുകൾ ഉണ്ടാകുന്നത്. സ്വാതന്ത്ര്യദിനത്തിലും മറ്റും നടത്തുന്ന മദ്യം, മയക്കുമരുന്ന് വിരുദ്ധ ബൈക്ക് റാലികളിലും പത്രങ്ങളിൽ പടം വരുന്നതിന് നടത്തുന്ന 'നോട്ട് ബുക്ക് വിതരണം' 'തയ്യൽ മെഷീൻ വിതരണം' പോലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളിലുമൊതുങ്ങുന്നതാണ് നമ്മുടെ സാമൂഹിക പ്രതിബദ്ധതയെന്നതാണ് ആക്ഷേപം. ജീവകാരുണ്യ മേഖലയിലാണ് നാം ശ്രദ്ധയൂന്നിയിരിക്കുന്നതെന്ന വീമ്പിളക്കുന്നിടത്താണ് ഈ ചോദ്യം പെയ്യൽ. സർക്കാർ ജോലികളിലെ പ്രാതിനിധ്യക്കുറവ്, രാഷ്ട്രീയം പെന്തെക്കോസ്തർക്ക് നിഷിദ്ധമാണെന്ന ധാരണ, സാമൂഹിക സാംസ്കാരിക മേഖലകളിൽ മെച്ചപ്പെട്ട ഉദാഹരണങ്ങളില്ലാത്തത് തുടങ്ങി വിവിധ വിഷയങ്ങളാണ് പെന്തെക്കോസ്ത് സാമൂഹിക പ്രതിബന്ധതയെ ചോദ്യം ചെയ്യുന്ന ഘടകങ്ങൾ.

യഥാർത്ഥത്തിൽ പൊതുസമൂഹത്തിന് ഒരു ദോഷവും ചെയ്യാത്തവരാണ് ദൈവമക്കൾ. കുറ്റകൃത്യങ്ങളും അക്രമങ്ങളും തീരെ കുറഞ്ഞ ഒരു വിഭാഗമാണ് നമ്മുടേത്. 'മാടപ്രാവിന്റെ നിഷ്കളങ്കത' മുഖമുദ്രയായതുകൊണ്ടാണല്ലോ പലപ്പോഴും 'പല കേസുകളിലും' പിടിയിലാകുന്നവർ പാസ്റ്ററാണ് വിശ്വാസിയാണ് എന്നൊക്കെ പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുന്നത്. ഇത് അതേപടി വിഴുങ്ങുന്ന മാധ്യമങ്ങൾ കാരണം നമ്മുടെ സമൂഹത്തിന് കളങ്കമുണ്ടായിട്ടുണ്ടെന്നത് മറച്ചു വെക്കുന്നില്ല. മദ്യം, മയക്കുമരുന്ന് മോഷണം. ആത്മഹത്യ തുടങ്ങിയവയൊന്നും തന്നെ നാം അംഗീകരിക്കുന്നില്ല. ചുരുക്കി പറഞ്ഞാൽ സാമൂഹ്യതിന്മകളെയൊക്കെ വിശ്വാസപരമായിത്തന്നെ എതിർത്തുവരുന്ന ഒരു സമൂഹവുമാണ് നമ്മുടേത്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഇല്ലായ്മ ചെയ്യുന്ന തരത്തിൽ സ്വർണ്ണവർജ്ജനം പോലുള്ള തീരുമാനം ഏറ്റെടുത്തവരാണ് പെന്തെക്കോസ്തുകാർ. പൊതുജനങ്ങൾക്ക് പ്രശ്നം സൃഷ്ടിക്കുന്ന ജാഥകളും സമരങ്ങളും പ്രകോപന വിദ്വേഷ പ്രസംഗങ്ങളും നാം നടത്താറുമില്ല. എന്നിട്ടുമെന്തേ പെന്തെക്കോസ്തരുടെ സാമൂഹിക പ്രതിബദ്ധതയെപ്പറ്റി ആശങ്കകളുയരുന്നു, ചോദ്യം ചെയ്യലുകളുണ്ടാകുന്നു. നമ്മിൽ നിന്നും ഇതിലുമേറെ ഈ സമൂഹം പ്രതീക്ഷിക്കുന്നു എന്നതാണിതിന്റെ ഉത്തരം.

പെന്തെക്കോസ്തരുടെ രാഷ്ട്രീയ രംഗത്തെ ഇടപെടലുകൾ നന്നേ കുറവാണ്. രാഷ്ട്രീയത്തിൽ വളരുന്ന ഒരു വിശ്വാസിയുടെ അടിയുറച്ച വിശ്വാസം ഒരു ബഹുസ്വര സമൂഹത്തിൽ സ്വതന്ത്രമായി ഇടപെടുന്നതിന് വിഘാതം സൃഷ്ടിച്ചേക്കാം. ഒരു ചെറിയ കള്ളം പറഞ്ഞാൽപോലും യഥാർത്ഥ പെന്തെക്കോസ്തുകാരന് മനഃസാക്ഷിക്കുത്തുണ്ടാകും. അങ്ങനെയാണെങ്കിൽ പ്രായോഗിക രാഷ്ട്രീയവും പെന്തെക്കോസ്തർക്ക് ബുദ്ധിമുട്ടാണ്. ഇസ്ലാം മതവിശ്വാസികളായ മുസ്ലീം ലീഗ് എം. എൽ. എ.മാരും മന്ത്രിമാരും നേരിടുന്ന വിമർശനങ്ങൾ ഇതുമായി ചേർത്ത് വായിക്കേണ്ടതാണ്.

സാമൂഹികമായ ഇടപെടലിന് ഏറ്റവും കൂടുതൽ സഹായിക്കുന്ന ഒന്നാണ് സർക്കാർ സർവ്വീസുകൾ. അഴിമതിക്കാരും കൈക്കൂലിക്കാരുമായ ഉദ്യോഗസ്ഥർക്ക് പകരം മനുഷ്യസ്നേഹികളും നീതിബോധമുള്ളവരുമായ വിശ്വാസികൾ ഐ. എ. എസ്, ഐ. പി. എസ്.കാരായും ജീവനക്കാരായും അധ്യാപകരായുമൊക്കെ വരുന്നത് സമൂഹത്തിൽ 'പെന്തെക്കോസ്തി'ന്റെ മൂല്യം വർദ്ധിക്കുന്നതിന് കാരണമാകില്ലേ? ഇതുപോലെ ബാങ്കിംഗ് നഴ്സിംഗ് തുടങ്ങി അഭിപ്രായ രൂപീകരണത്തിൽ പ്രധാനപങ്കു വഹിക്കുന്ന പത്രപ്രവർത്തകരായും യുവജനങ്ങൾ വളർന്നു വരേണ്ടിയിരിക്കുന്നു.

പെന്തെക്കോസ്തിന്റെ മുഖമുദ്രയാകേണ്ടിയിരുന്ന 'ലാളിത്യ'ത്തെപ്പറ്റി ഒരു പുനർവിചിന്തനം നടത്തുന്നതും നല്ലതാണ്. വിശുദ്ധയാത്രകളും ഗോസ്പൽ ടൂറുകളുമൊക്കെ വല്ലാതെ വർദ്ധിക്കുന്ന കാലത്ത് നാം ഏറ്റെടുക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെപ്പറ്റിയും ഒരുവീണ്ടു വിചാരം ആവശ്യമാണ്. അർഹിക്കുന്നവർക്ക് അർഹിക്കുന്ന ആദരം നൽകി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്താൻ നാം തയ്യാറാകണം. കൊട്ടിഘോഷിച്ചു നടത്തുന്ന സമൂഹവിവാഹങ്ങളും, തയ്യൽ മെഷീൻ വിതരണവും നോട്ടുബുക്ക് വിതരണവുമൊക്കെ ഒഴിവാക്കേണ്ടതല്ലേ? സഹായങ്ങളുടെ പേരിൽ 'ഇര'യാക്കപ്പെടുന്നവരുടെ ചിത്രമുൾപ്പെടെ വാർത്തയാക്കുന്നതും നല്ല പ്രവണതയല്ല.

കേവലം ബൈക്കുറാലികൾക്കപ്പുറം നമ്മുടെ യുവജന സംഘടനകൾക്കും നമ്മുടെ പൊതു സമൂഹത്തിന് നന്മകൾ ചെയ്യാൻ കഴിയും. മെഡിക്കൽ ക്യാമ്പുകൾ, സൗജന്യ അംബുലൻസ് സർവ്വീസുകൾ രക്തദാനസേനകൾ തുടങ്ങിയവയൊക്കെ ഏറ്റെടുക്കാവുന്നതല്ലേ?

പ്രാദേശിക ഭരണകൂടങ്ങളായ പഞ്ചായത്തുകളിലെ ഗ്രാമസഭകൾ, സർക്കാരുകളുടെ വിവിധ സാമൂഹിക ക്ഷേമ പദ്ധതികൾ തുടങ്ങി ജനാധിപത്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട സമ്മതിദാനാവകാശം വിനിയോഗിക്കാൻ തുടങ്ങിയവയിലൊക്കെ നാം പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണ്. ദേശീയ അന്തർദേശീയ രംഗങ്ങളിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു കായിക താരത്തെ സംഭാവന ചെയ്യുവാൻ നമുക്ക് കഴിയുന്ന കാലത്തെപ്പറ്റിയും ഒരു സ്വപ്നം കണ്ടുകൂടെ.

സത്യവേദപുസ്തകത്തിനപ്പുറം ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെങ്കിലും വാങ്ങി വായിക്കാൻ നാം തയ്യാറാകണം. കൃത്യമായി വരിസംഖ്യ നല്കി പെന്തെക്കോസ്ത് മാധ്യമങ്ങൾ വരുത്തുന്ന വിശ്വാസ കുടുംബങ്ങളുടെ എണ്ണമെടുക്കുന്നത് കൗതുകകരമായിരിക്കും. നമ്മുടെ വായനാ സംസ്കാരം തന്നെ പൊളിച്ചെഴുത്തലുകൾക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു. അങ്ങനെ സംഭവിക്കുന്നുവെങ്കിൽ നമ്മുടെ 'പ്രസംഗങ്ങളിലെ' പൊതുവിജ്ഞാനത്തിന്റെ നിലവാരം മെച്ചപ്പെടുമെന്നതിൽ സംശയമില്ല. പെന്തെക്കോസ്ത് നിലപാടുകൾ പൊതുസമൂഹത്തെ അറിയിക്കാനുതകുന്ന പ്രസിദ്ധീകരണങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. പൊതുവിഷയങ്ങളിൽ ഇടപെടുമ്പോഴും 'ജമാഅത്തെ ഇസ്ലാമി'യുടെ നിലപാടുകൾ സംരക്ഷിക്കുന്ന 'മാധ്യമം' വാരിക തന്നെ ഉദാഹരണം.

ഈ പറഞ്ഞതിനെല്ലാമർത്ഥം നാം 'ലോകക്കാരാ'കണമെന്നല്ല. സമൂഹത്തിന്റെ എല്ലാ നന്മതിന്മകളിലും വ്യാപരിക്കേണ്ട ഗതികേട് ഏതായാലും പെന്തെക്കോസ്തർക്കില്ല. വിശ്വാസത്തിലും പിതാക്കന്മാരിട്ട അടിസ്ഥാനത്തിലും ഉറച്ചു നിന്നുകൊണ്ട് തന്നെ സാമൂഹിക പ്രതിബദ്ധതയുള്ള മാതൃകാജീവിതം നയിക്കാനാണ് നാം ശ്രമിക്കേണ്ടത്. നാം ലോകത്തിന്റെ വഴികല്ല ലോകം നമ്മുടെ വഴിയിൽ സഞ്ചരിക്കുന്നതിന് നമ്മുടെ ക്രിയാത്മകമായ ഇടപെടലുകൾ സഹായിക്കുമെന്നതിൽ സംശയമില്ല.

## 01 ശാരോൻ ഫാമിലി കോൺ....

ഫറൻസിൽ പങ്കുചേരും. ശാരോൻ ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റ് റവ. ജോൺ തോമസ് ഉദ്ഘാടനം ചെയ്യുന്ന കോൺഫറൻസിൽ ദൈവശാസ്ത്ര പ്രഭാഷകരായ റവ. രാജു മേത്ര, ഡോ. ടി. ജി. കോശി, റവ. ജോൺ തോമസ്, റവ.ഗ്ലെൻ ബഡോൺസ്കി തുടങ്ങിയവർ മുഖ്യപ്രഭാഷണം നടത്തും.

പതിനാലാമത് ശാരോൻ കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി വിവിധ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. റവ. വിജു ജോസഫ് (കൺവീനർ), റവ. ഫിന്നി വർഗീസ് (സെക്രട്ടറി), എബി ജോൺ (ട്രഷറാർ), ബെവിൻ തോമസ് (യൂത്ത് ഡയറക്ടർ) എന്നിവർ ദേശീയ ഭാരവാഹികളായി പ്രവർത്തിക്കുന്നു. പ്രസംഗപരമ്പരകളും സ്റ്റഡി ക്ലാസ്സുകളും കൂടാതെ, ഗ്രൂപ്പ് സെക്ഷനുകളും, സംഗീത ശുശ്രൂഷയും, യുവജനങ്ങൾക്കുള്ള പ്രത്യേക പരിപാടികളും കോൺഫറൻസിൽ ഉണ്ടായിരിക്കുമെന്ന് പാസ്റ്റർ തേജസ് തോമസ് അറിയിച്ചു.

## 02 യുവജന പംക്തി.....

മല്ല 46 പേർക്കും ഒന്നോ അതിലധികമോ പ്രണയ ബന്ധങ്ങൾ ഉള്ളവരും ആയിരുന്നു. ആത്മീകർ എന്ന് അഭിമാനിക്കുന്നവരിൽപോലും ഇത്തരം പ്രശ്നങ്ങൾ കൂടുതലാണെന്ന് പല ക്യാമ്പുകളിലും ഞാൻ കണ്ടിട്ടുണ്ട്; മാത്രമോ ഇതിന്റെ കുറ്റബോധത്തിലും നിരാശയിലും കഴിയുന്നവർ ഏറെയാണ്. ദൈവീക മാനദണ്ഡങ്ങൾ - അതിരുകൾ - ലംഘിക്കുമ്പോൾ കുറ്റബോധം കടന്നു വരാം. എന്നാൽ ജീവിതത്തെ നിർമ്മലതയോടെ സൂക്ഷിക്കുവാൻ കഴിഞ്ഞാൽ ഭാവിജീവിതം ധന്യമാകും.

## മാതാപിതാക്കൾ മക്കളുടെ റോൾ മോഡൽ ആകണം - എം. സി. കുര്യൻ

തിരുവല്ല: മാതാപിതാക്കൾ മക്കളുടെ റോൾ മോഡൽ ആകണമെന്ന് ശാലോം കൗൺസലിംഗ് & തിയോളജിക്കൽ സെന്റർ ഡയറക്ടർ എം. സി. കുര്യൻ പറഞ്ഞു. ക്രിസ്ത്യൻ വിമൻസ് അസോസിയേഷൻ മുത്തൂർ ഐ. പി. സി. എബനേസർ ഹാളിൽ നടത്തിയ ഗൈഡൻസ് സെമിനാർ നയിക്കുകയായിരുന്നു അദ്ദേഹം. മാതാപിതാക്കൾ പറയുന്നതിനെക്കാൾ ചെയ്യുന്നതിനാണ് മക്കൾ വില കല്പിക്കുന്നത്. അവരെ പഠിപ്പിച്ച് വലിയവരാക്കുന്നതോടൊപ്പം ജീവിതമൂല്യങ്ങൾ പകർന്നുകൊടുത്ത് സമൂഹത്തിന് പ്രയോജനപ്പെടുന്ന നല്ല മനുഷ്യരാക്കിതീർക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. അതിന് പിതാവിനെക്കാൾ മാതാവിനാണ് സ്വാധീനം. മക്കളിൽ ദൈവഭക്തിയും പ്രാർത്ഥനജീവിതവും വളർത്തുവാനും അമ്മമാർ ശ്രദ്ധിക്കണം. ജീവിതയാത്രയിലെ കയ്പേറിയ അനുഭവങ്ങളിൽ അത് മാത്രമേ അവർക്ക് ആശ്വാസമാവുകയുള്ളൂ. കുട്ടികളുടെ പഠനത്തിന് ഏറ്റവും വലിയ ഭീഷണിയായിരിക്കുന്ന മൊബൈൽ ഫോൺ ഉപയോഗവും നിയന്ത്രിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. പ്രസിഡന്റ് സാലിമോനായി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് പ്രസിഡന്റ് പൊന്നമ്മ മാത്യു സ്വാഗതപ്രസംഗം നടത്തി. ജോയിന്റ് സെക്രട്ടറി ഓമന കുര്യൻ പ്രാർത്ഥന നയിച്ചു. തിരുവല്ല മുൻസിപ്പൽ കൗൺസിലർ പി. എസ്. ശരണ്യ, ഐ. പി. സി. സോദരിസമാജം കാഞ്ഞിരപ്പള്ളി സെന്റർ പ്രസിഡന്റ് സൂസൻ റ്റി സണ്ണി എന്നിവർ ആശംസ അറിയിച്ചു. പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളുടെ അമ്മമാർക്കു വേണ്ടിയാണ് സെമിനാർ നടത്തിയത്.



**അഭിമുഖം**

# അഴിമതിരഹിത ഭരണം ഉറപ്പാക്കും: മോൻസി കിഴക്കേടത്ത്

**(കോയിപ്രം പഞ്ചായത്ത് പ്രസിഡന്റ് മോൻസി കിഴക്കേടത്ത് തന്റെ വികസന സ്വപ്നങ്ങൾ ജെയ്സ് പാണ്ടനാടുമായി പങ്കുവെയ്ക്കുന്നു)**



മോൻസി കിഴക്കേടത്തുമായി പാസ്റ്റർ ജെയ്സ് പാണ്ടനാട് അഭിമുഖം നടത്തുന്നു

*** പുതിയ സ്ഥാനലബ്ദിയിൽ എന്തു തോന്നുന്നു?**

നറുക്കെടുപ്പിലൂടെയാണ് ഞാൻ പ്രസിഡന്റ് ആയത്. ഇത് ദൈവ നിയോഗമായി കരുതുന്നു. ഐ.പി.സി.യുടെ ആസ്ഥാനം നിലനിൽക്കുന്ന പഞ്ചായത്തിന്റെ പ്രസിഡന്റായതിൽ അതീവ സന്തോഷമുണ്ട്.

*** ഈ സ്ഥാനം പ്രതീക്ഷിച്ചിരുന്നോ?**

യു.ഡി.എഫിനു ഭൂരിപക്ഷം കിട്ടിയിരുന്നുവെങ്കിൽ ഒരുപക്ഷേ, എന്നെ പരിഗണിക്കുമായിരുന്നു.

*** ആത്മീക പശ്ചാത്തലം?**

പാരമ്പര്യ പെന്തെക്കോസ്ത് കുടുംബത്തിലാണ് ജനിച്ചത്. ആദ്യം പൂവത്തൂർ ഐ.പി.സിയിലും പിന്നീട് 21 വർഷമായി മാരാമൺ ഐ.പി.സിയിലും അംഗമായി തുടരുന്നു.

*** രാഷ്ട്രീയ ജീവിതത്തിലെ അനുഭവങ്ങൾ?**

സ്കൂൾ - കോളേജ് തലം മുതൽ കെ.എസ്.യു, യൂത്ത് കോൺഗ്രസ് പ്രവർത്തകനായിട്ടാണ് തുടക്കം. കോൺഗ്രസിന്റെ കോയിപ്രം മണ്ഡലം സെക്രട്ടറി, ബ്ലോക്ക് സെക്രട്ടറി എന്നി നിലകളിൽ പ്രവർത്തിച്ചു. പുല്ലാട് സഹകരണസംഘം ഡയറക്ടർ ബോർഡ് അംഗമായി 15 വർഷം പ്രവർത്തിച്ചു.

*** സഭാ ജീവിതവും രാഷ്ട്രീയ ജീവിതവും തമ്മിൽ പൊരുത്തപ്പെടുമോ?**

ഇതുവരെ ബുദ്ധിമുട്ടു തോന്നിയിട്ടില്ല. എല്ലാ ഞായറാഴ്ചയും സഭായോഗത്തിൽ പങ്കെടുക്കും. രാവിലെ എട്ടു മുതൽ 11 വരെയാണ് ആരാധന. അതിനു ശേഷം മറ്റ് പ്രവർത്തനങ്ങൾക്ക് സമയം കിട്ടും.

*** സഭാ ഭാരവാഹിത്വം?**

മാരാമൺ ഐ.പി.സി സഭയുടെ ട്രഷറാർ, കുമ്പനാട് സെന്റർ കമ്മറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

*** പഞ്ചായത്ത് മെമ്പർ എന്ന നിലയിൽ മുൻകാല അനുഭവം?**

2005-ലാണ് ആദ്യമായി പഞ്ചായത്ത് അംഗമാകുന്നത്. അനവധി വികസന പ്രവർത്തനങ്ങൾ വാർഡിൽ ചെയ്തു. പിന്നീട് ഒരു ടേം മാറി നിന്നു. 2015-ലെ ഇലക്ഷനിൽ 125 വോട്ടിനാണ് ജയിച്ചത്. 2010-ലെ ഇലക്ഷനിൽ മികച്ച ഭൂരിപക്ഷത്തിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥി ജയിച്ച വാർഡാണ് ഞാൻ പിടിച്ചെടുത്തത്. 2005-ൽ ധാരാളം ഫണ്ട് ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിയതു കൊണ്ടാണ് ഞാൻ വീണ്ടും ജയിച്ചത്.

*** ഭൂരിപക്ഷമില്ലാത്ത ഭരണസമിതിയിൽ പ്രതിസന്ധിയുണ്ടോ?**

ഏഴ് യു.ഡി.എഫ്. അംഗങ്ങൾ, അഞ്ച് എൽ.ഡി.എഫ് അംഗങ്ങൾ, മൂന്ന് ബി.ജെ.പി അംഗങ്ങൾ, രണ്ട് സ്വതന്ത്രന്മാർ ഇതാണ് കക്ഷിനില. എൽ.ഡി.എഫ്-ന് രണ്ട് സ്വതന്ത്രരുടെ പിന്തുണ ലഭിച്ചപ്പോൾ കക്ഷിനില സമനിലയായി. പിന്നീട് ടോസ് ഇട്ടപ്പോഴാണ് എനിക്ക് പ്രസിഡന്റ് സ്ഥാനം ലഭിച്ചത്. ഭരണത്തിന് ഭീഷണിയില്ല. എല്ലാവരെയും വിശ്വാസത്തിൽ എടുത്തുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. പ്രതിപക്ഷ മെമ്പർമാരുടെ ആവശ്യങ്ങൾക്ക് നല്ല പരിഗണന നല്കുന്നുണ്ട്. വികസനത്തിന് രാഷ്ട്രീയമില്ല. വൈസ് പ്രസിഡന്റ് സ്ഥാനം വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ എന്നി സ്ഥാനങ്ങൾ എൽ.ഡി.എഫിനാണ്.

*** ബി.ജെ.പി മെമ്പർമാരെ പറ്റി?**

ബി.ജെ.പി മെമ്പർമാർ 3 പേരും നല്ല അംഗങ്ങളാണ്. അവരുമായി സഹകരിച്ചാണ് പ്രവർത്തിക്കുന്നത്. അവരെ അവഗണിക്കുന്നില്ല.

*** പെന്തെക്കോസ്തരായ മറ്റ് മെമ്പർമാരുണ്ടോ?**

13-ാം വാർഡിൽ നിന്നും എൽ.ഡി.എഫ് സ്ഥാനാർത്ഥിയായി ജയിച്ച ജോസ് ചാണ്ടി തട്ടയ്ക്കാട് എബനേസർ ഐ.പി.സി സഭാംഗമാണ്. ഇദ്ദേഹമാണ് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ.

*** യു.ഡി.എഫിന് ഭൂരിപക്ഷം എന്തുകൊണ്ട് കിട്ടിയില്ല?**

ഭൂരിപക്ഷം കിട്ടാനുള്ള രാഷ്ട്രീയ സാഹചര്യം ഉണ്ടായിരുന്നു. സീറ്റ് നിർണ്ണയത്തിലെ പാളിച്ചയാണ് സീറ്റ് കുറയാൻ കാരണം.

*** പെന്തെക്കോസ്തരുടെ രാഷ്ട്രീയ ഇടപെടൽ എങ്ങനെ കാണുന്നു?**



ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ ഉപഹാരം ജോസഫ് മറ്റത്തുകാല മോൻസി കിഴക്കേടത്തിന് നൽകുന്നു.

സാമൂഹിക മേഖലയെ അവഗണിക്കുന്നത് ഗുണകരമല്ല. സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടൽ ആവശ്യമാണ്. ഇപ്പോൾ മുതൽ വിശ്വാസികൾ ഗ്രാമസഭകളിൽ പങ്കെടുക്കാറുണ്ട്. രാഷ്ട്രീയ പ്രക്രിയയിൽ ഇടപെടാറുണ്ട്. ഇപ്രാവശ്യം അനവധി വിശ്വാസികൾ മത്സര രംഗത്ത് ഉണ്ടായിരുന്നു. ഈ പ്രവണത 25 വർഷം മുമ്പ് ഉണ്ടായിരുന്നെങ്കിൽ പെന്തെക്കോസ്തർക്ക് ഇപ്പോൾ 2 എം.എൽ.എ കാണുമായിരുന്നു.

*** പ്രസിഡന്റ് കസേരയിൽ ഇരിക്കുമ്പോൾ എന്തു തോന്നുന്നു?**

പ്രഗത്ഭരായ ശ്രീ. മാത്യൂസ് എബ്രഹാം, ഫിലിപ്പോസ് തോമസ്, മോഹൻ നായർ, അഡ്വ. ഗോപാലകൃഷ്ണ പണിക്കർ, രാധകുട്ടിയമ്മ എന്നിവർ ഇരുന്ന കസേര മഹത്വരമാണ്. ഈ ചുമതലയോട് നീതിപുലർത്തും. അഴിമതി രഹിതമായ ഭരണം, സുതാര്യത, എല്ലാവർക്കും നീതി, വികസനം, സാമൂഹിക പ്രതിബദ്ധത എന്നിവ മുറുകെ പിടിക്കും.

*** എ ഗ്രേഡ് സ്പെഷ്യൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആയതിൽ ആരോടാണ് കടപാട്?**

ദൈവത്തോട് നന്ദിയുണ്ട്, പിന്നീട് തന്റെ പാർട്ടിയോടും നേതാക്കന്മാരോടും. അഡ്വ. ശിവദാസൻ നായർ എം.എൽ.എ, യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി ശ്രീ. അനീഷ് വരിക്കണ്ണാമല എന്നിവർ ഏറെ സഹായിച്ചിട്ടുണ്ട്.

*** പുതിയ വികസന പദ്ധതികൾ എന്തൊക്കെയാണ്?**

പാലിയേറ്റീവ് കെയർ, ആംബുലൻസ് സർവ്വീസ് എന്നിവയ്ക്ക് മുൻഗണന നല്കും. പുല്ലാട് ഉള്ളൂർ ചിറയിൽ 8ഏക്കർ സ്ഥലത്ത് എക്കോ ടൂറിസം പദ്ധതി, സ്റ്റേഡിയം നവീകരണം, കുമ്പനാട് ആധുനിക മത്സ്യ മാർക്കറ്റ് (രണ്ടര കോടി രൂപയുടെ പദ്ധതി) പുരയിടത്തുംകാവ് കോളനിയിൽ പൊതു വൈദ്യുതി ശ്മശാനം (5 സെന്റ് സ്ഥലം വാങ്ങി) ഇവ നടപ്പിലാക്കാൻ പദ്ധതിയുണ്ട്. (ആത്താലിമൺ കോളനി ഭാഗത്ത് 250 ലധികം വീടുകളുണ്ട്. സമയബന്ധിതമായി ഇവ പൂർത്തിയാകും.

*** കുടുംബത്തെ പറ്റി?**

ഭാര്യ: സൂസൻ തോമസ്, ജോയൽ (പ്ലസ് വൺ വിദ്യാർത്ഥി), നോയൽ (ഏഴാം ക്ലാസ് വിദ്യാർത്ഥി), ഏബൽ (നാല് വയസ്) എന്നിവർ മക്കളാണ്.

# പെന്തെക്കോസ്ത് യൂത്ത് കോൺഫറൻസ് ഓഫ് ഡാളസിനു പുതിയ അമരക്കാർ



സാം മാത്യു



ജെറി കല്ലൂർ രാജൻ



ഷോണി തോമസ്



എബിൻ വർഗീസ്

**ഡാളസ്:** ഡാളസ് മലയാളി പെന്തെക്കോസ്ത് സഭകളിലെ യുവജനങ്ങളിലെ ആത്മീക വളർച്ചയ്ക്കും, യുവജനങ്ങളിൽ സാഹോദര്യ-സാംസ്കാരിക അവബോധത്തിനും നിലക്കൊള്ളുന്ന പെന്തെക്കോസ്തൽ യൂത്ത് കോൺഫറൻസ് ഓഫ് ഡാളസിന്റെ 2016 പ്രവർത്തനവർഷത്തേക്കുള്ള ഭരണസമിതി നിലവിൽ വന്നു. ജനുവരി 31 ഞായറാഴ്ച കൂടിയ പൊതുയോഗത്തിൽ അംഗത്വസഭകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. സ്ഥാനം ഒഴിയുന്ന പ്രസിഡന്റ് പാസ്റ്റർ എബി മാമ്മന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ കോർഡിനേറ്റർ റോബിൻ രാജു പോയ വർഷത്തെ സംക്ഷിപ്ത പ്രവർത്തന റിപ്പോർട്ടും, ട്രഷറർ ജാക്സൺ മാത്യു വരവ്-ചിലവ് കണക്കുകളും അവതരിപ്പിച്ചു. തുടർന്ന് പ്രവർത്തനവർഷത്തേക്കുള്ള ഭരണസമിതിയുടെ തിരഞ്ഞെടുപ്പു നടന്നു. സാം മാത്യു (പ്രസിഡന്റ്), ജെറി കല്ലൂർ രാജൻ (കോർഡിനേറ്റർ), ഷോണി തോമസ് (ട്രഷറർ), എബിൻ വർഗീസ് (മീഡിയ), ഫിന്നി സാം (ഓഡിറ്റർ), ലെനി ഏബ്രഹാം (അസോസിയേറ്റ് ട്രഷറർ), ബ്ലസൻ അലക്സാണ്ടർ (സ്പോർട്ട്സ് കോർഡിനേറ്റർ), ജോർജ്ജി വർഗീസ് (മ്യൂസിക്), ലെസ്ലി വർഗീസ് (അഡൈ്വസർ) എന്നിവരെ കൂടാതെ ബ്രോഡ്ഢി കോരുത്, ലിൻസി സാം, ജോനഥാൻ ജേക്കബ്, സ്റ്റാൻലി ജോൺ എന്നിവർ കമ്മറ്റി അംഗങ്ങളായും നിയമിതരായി.

ഉപദേശ ഐക്യമുള്ള പെന്തെക്കോസ്ത് സഭകളിലെ യുവജനങ്ങളുടെ ഐക്യവേദിയായ പി. വൈ. സി. ഡി. 1982-ൽ ആണ് നിലവിൽ വന്നത്. വടക്കേ അമേരിക്കയിൽ സമാന്തര ഉദ്ദേശമുള്ള മറ്റു പെന്തെക്കോസ്ത് യുവജന സംഘടനകളിൽ ഗണ്യമായ സ്ഥാനം പി. വൈ. സി. ഡിയ്ക്ക് കൈമുതലാണ്. വളർച്ചയുടെ പാതയിൽ 35 വർഷം പിന്നിടുന്ന ഈ യുവജനസംഘടന രജിസ്റ്റർ ചെയ്ത് പ്രവർത്തനം ശക്തിപ്പെടുത്തുവാൻ പൊതുസമ്മേളനം പുതിയഭരണസമിതിയെ ചുമതലപ്പെടുത്തി.

# ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയൻ കൺവൻഷൻ



പാസ്റ്റർ വൽസൻ ഏബ്രഹാം



ബ്രദർ ബ്ലിസ് വർഗീസ്

**ഫ്ളോറിഡ:** ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയന്റെ ഇനോഗ്രൽ & പി. വൈ. പി. എ. കൺവൻഷൻ ഫെബ്രുവരി 27 -28 വരെ സെന്റർ ഫ്ളോറിഡയായിൽ ലേക്ക്ലാന്റ് പട്ടണത്തിലുള്ള ഐ. പി. സി. എബനേസർ ചർച്ചിൽ (5935 സ്ട്രിക്ക്ലാൻഡ് അവന്യൂ, ലേക്ക്ലാന്റ്, ഫ്ളോറിഡ 33812) വെച്ച് നടക്കും. ശനിയാഴ്ച വൈകിട്ട് 6.00ന് ആരംഭിക്കുന്ന റീജിയൻ ഇനോഗ്രൽ & യൂത്ത് കൺവൻഷൻ പ്രസിഡന്റ് പാസ്റ്റർ ജെയിംസ് ജോർജ്ജ് ഉമ്മൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ വൽസൻ ഏബ്രഹാം, ബ്രദർ ബ്ലിസ് വർഗീസ് എന്നിവർ മുഖ്യപ്രസംഗകരായിരിക്കും. ശനിയാഴ്ച പകൽ 3 മണി മുതൽ 6 മണി വരെ സൺഡേ സ്കൂൾ റ്റീച്ചേഴ്സ് മീറ്റിംഗ്, സിസ്റ്റേഴ്സ് കോർഡിനേഷൻ മീറ്റിംഗ്, യൂത്ത് ലീഡേഴ്സ് മീറ്റിംഗ് എന്നിവയും ഞായറാഴ്ച വൈകിട്ട് 4.30-6 മണി വരെ ഐ. പി. സി. ഫാമിലി കോൺഫറൻസ് പ്രമോഷനൽ മീറ്റിംഗും, വൈകിട്ട് 6.30 - 9.00 വരെ യൂത്ത് കൺവൻഷനും ഉണ്ടായിരിക്കുന്നതാണെന്ന് റീജിയൻ സെക്രട്ടറി പാസ്റ്റർ വി. പി. ജോസ് അറിയിച്ചു.

പാസ്റ്റർമാരായ ജെയിംസ് ജോർജ്ജ് ഉമ്മൻ (പ്രസിഡന്റ്), മാത്യു ജോസഫ് (വൈസ് പ്രസിഡന്റ്), വി. പി. ജോസ് (സെക്രട്ടറി), ബ്രദർ ചാക്കോ സ്റ്റീഫൻ (ജോയിന്റ് സെക്രട്ടറി), ബ്രദർ സജിമോൻ മാത്യു (ട്രഷറർ), ജനറൽ കൗൺസിൽ അംഗങ്ങളായ പാസ്റ്റർ കെ. സി. ജോൺ, ബ്രദർ രാജൻ ആര്യപ്പള്ളിൽ, ബ്രദർ റോബിൻ ജോൺ (പി. വൈ. പി. എ. പ്രസിഡന്റ്), ബ്രദർ സാം ജോർജ്ജ് (പി. വൈ. പി. എ. സെക്രട്ടറി), ബ്രദർ ജെയിംസ് മുളവന (സണ്ടേസ്കൂൾ ഡയറക്ടർ), സിസ്റ്റർ നാൻസി എബ്രഹാം (സിസ്റ്റേഴ്സ് പ്രസിഡന്റ്), സിസ്റ്റർ ബിജി ജോൺസൺ (സിസ്റ്റേഴ്സ് സെക്രട്ടറി) എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് ഈ കൺവൻഷനു നേതൃത്വം നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ജെയിംസ് ജോർജ്ജ് ഉമ്മൻ: 863-409-2735, പാസ്റ്റർ വി. പി. ജോസ്: 678-357-4497

# ഡോ. കോര സംസാരിക്കുന്നു



1. മുളക്കുഴയിൽ സ്റ്റേറ്റ് ബോർഡ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന ധർണയിൽ പാസ്റ്റർമാർക്ക് നേരെ കൈയ്യേറ്റം നടന്നതായി കേട്ടു. ശരിയാണോ? **– ചെറിയാൻ, മുളക്കുഴ**

*വാർത്ത ശരിയെങ്കിൽ പാഴ്സനേജിൽ വളർന്ന കക്ഷി തന്നെ ഇതു ചെയ്തത് ശരിയായില്ല എന്നാണ് കോരയുടെ പക്ഷം.*

2. ഐ. പി. സി. ഇലക്ഷൻ ഉടൻ നടക്കുമെന്ന് ചിലർ പറയുന്നു. ഉടൻ നടക്കില്ലെന്ന് മറ്റു ചിലരും പറയുന്നു. ഇതിൽ ഏതാണ് കോരേ ശരി. എനിക്കാണെങ്കിൽ മത്സരിക്കാനും ധൃതിയായി **– സുബിൻ കുമ്പനാട്**

*ഉടൻ മത്സരം നടന്നതു കൊണ്ട് സഭയ്ക്ക് പ്രത്യേകിച്ച് ഗുണമൊന്നുമില്ലല്ലോ. മത്സരികൾ വരണ്ട നിലത്ത് പാർക്കും എന്നത് മറക്കണ്ട.*

3. വിശ്വാസികൾക്ക് വോട്ടവകാശം വേണമെന്ന പേരിൽ മുളക്കുഴയിൽ ധർണ നടന്നത് കോര അറിഞ്ഞില്ലേ **– മോൻസി, മുളക്കുഴ**

*സ്വർഗ്ഗത്തിൽ പോകാൻ ബാക്കിയെല്ലാകാര്യങ്ങളും ക്രമീകരിച്ചു കഴിഞ്ഞു. ഇനി വോട്ടവകാശം മാത്രമേ ശേഷിക്കുന്നുള്ളൂ. അതുകൊണ്ടാണ് ചില സഹോദരന്മാർ ഇക്കാര്യത്തിൽ വാശിപിടിക്കുന്നത്.*

4. മുളക്കുഴയിൽ ഗുണ്ടകളെ ഇറക്കിയതായി പോലീസിൽ പരാതി **– വാർത്ത**

*കഴിഞ്ഞ നാലുവർഷമായി കാലുവെട്ടും കൈവെട്ടും തുടങ്ങിയ ഭീഷണി, വീടുകയറി ചീത്ത വിളിപ്പിക്കൽ ഇതിലൊക്കെയാണല്ലോ നേതാക്കന്മാരുടെ (ഇരിക്കുന്നവനും വരുവാനുള്ളവനും) "വിശുദ്ധ" പരിപാടികൾ. അശുദ്ധമായത് വിശുദ്ധസ്ഥലത്തിരിക്കുന്ന കാലം.*




media mission

ബൈബിൾ ക്ലാസ്സ്

HARVEST tv ഹാർവെസ്റ്റ് ടിവിയിൽ

വിഷയം : യേശുക്രിസ്തു : ശുഭ്രമായ ഉദയനക്ഷത്രം

Jesus Christ : The Bright Morning Star

ക്ലാസ്സ് നയിക്കുന്നത് : പാസ്റ്റർ വി.പി. ഫിലിപ്പ് (ഐ.പി.സി. കുവൈറ്റ്)

എല്ലാ ശനിയാഴ്ചയും വൈകിട്ട് 6 മണിക്ക്

Contact : media mission, Pastoral Resource Center, P.O. Box. 20, Opp. Hebronpuram, Kumbanad. Mob. 9446346360

പാസ്റ്റർ വി.പി. ഫിലിപ്പിന്റെ പുസ്തകങ്ങൾക്ക് സന്ദർശിക്കുക : മീഡിയ മിഷൻ, കുമ്പനാട്


# പിസിനാക്ക് സുവനീർ പരസ്യങ്ങൾ ക്ഷണിക്കുന്നു

**ജോൺസ് പി. മാത്യൂസ്, പബ്ലിസിറ്റി കോർഡിനേറ്റർ**

**ഡാളസ്:** 2016 ജൂൺ 30 മുതൽ ജൂലൈ 3 വരെ ഡാളസിൽ വെച്ച് നടക്കുന്ന 34-ാമത് പെന്തെക്കോസ്ത് കോൺഫറൻസിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിലേക്ക് പരസ്യങ്ങൾ, ലേഖനങ്ങൾ, കഥ, കവിതകൾ, ഭാവന, കാർട്ടൂണുകൾ മുതലായവ ക്ഷണിക്കുന്നു. ഇംഗ്ലീഷിലും മലയാളത്തിലും രചനകൾ അയക്കാവുന്നതാണ്. ലേഖനങ്ങളും മറ്റും അയക്കുമ്പോൾ ഒരു പേജിൽ കവിയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ രചയിതാക്കളുടെ ഫോട്ടോയും അയക്കേണ്ടതാണ്. കഴിഞ്ഞ കാലങ്ങളിൽ നടന്നിട്ടുള്ള കോൺഫറൻസുകളെക്കുറിച്ചുള്ള ഓർമ്മകൾ പുതുക്കത്തക്കവിധം അനുഭവങ്ങളോ, ഫോട്ടോകളോ കൈവശം ഉള്ളവർ അയച്ചുതന്നാൽ സുവിനീറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. കൂടാതെ ക്രൈസ്തവ-ക്രൈസ്തവേതര മാധ്യമങ്ങൾ, ചീഫ് എഡിറ്ററിന്റെ ആശംസയും ഫോട്ടോയും അയച്ചുതന്നാൽ സുവനീറിൽ ഉൾപ്പെടുത്തുന്നതാണ്.

സുവിനീറിലേക്ക് പരസ്യങ്ങൾ നൽകാൻ താല്പര്യപ്പെടുന്നവരുടെ ശ്രദ്ധയ്ക്ക്: പരസ്യ നിരക്കുകൾ താഴെ ചേർക്കുന്നു.

ബാക്ക് കവർ പേജ്: 3000ഡോളർ, അകത്തെ കവർ പേജ്: 2000 ഡോളർ, ഫുൾ പേജ്: 300 ഡോളർ, ഹാഫ് പേജ്: 200ഡോളർ, ബെസ്റ്റ് കോംപ്ലിമെന്റ്സ്, ഫാമിലി ഫോട്ടോ: 150 ഡോളർ, സുവിനീർ പരസ്യത്തിന്റെ സൈസ്: ഫുൾ പേജ് 25 cmx18 cm, ഹാഫ് പേജ് 18 cmx12.5 cm, ഫോട്ടോ Resolution- 300. സുവനീറിലേക്ക് മാറ്റർ അയയ്ക്കുന്നതിനോ പരസ്യ നിരക്കുകളെക്കുറിച്ചോ കൂടുതലായി അറിയുവാൻ താല്പര്യമുള്ളവർ ജോൺസ് പി. മാത്യൂസ് 423-991-7175, രാജൻ ആര്യപ്പള്ളിൽ678-571-6398 എന്നീ നമ്പറുകളിലോ pcnak2016souvenir@gmail.com ആയോ ബന്ധപ്പെടുക.

പിസിനാക്ക് 2016 എന്ന പേരിൽ ചെക്ക് എഴുതേണ്ടതാണ്. പരസ്യങ്ങളും, രചനകളും മറ്റും അയക്കേണ്ടവർ ഫെബ്രുവരി 29ന് മുമ്പായി ജോൺസ് പി. മാത്യൂസ്, പി. ഒ. ബോക്സ് 620742, അറ്റ്ലാന്റാ, ജോർജിയ 30362, യു. എസ്. എ. എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടാതെ രചനകളും മറ്റും pcnak2016souvenir@gmail.com എന്ന വിലാസത്തിലും അയയ്ക്കാവുന്നതാണ്.

അയ്യായിരത്തിലധികം കോപ്പികളുമായി പ്രസിദ്ധീകരിക്കുന്ന പിസിനാക്ക് സുവനീർ, ഡാളസ്സിൽ നടക്കുന്ന മുപ്പത്തിനാലാമത് കോൺഫറൻസിൽ വെച്ച് മുഖ്യ പ്രസംഗകമായിരിക്കുന്ന റവ. റെയ്നോൾഡ് ബോങ്കെയുടെ കാർമികത്വത്തിൽ പ്രകാശനം നിർവ്വഹിക്കുമെന്ന് സുവനീർ കമ്മിറ്റി ചെയർമാൻ റവ. ഷാജി കെ. ഡാനിയേൽ അറിയിച്ചു.


INDIA BIBLE COLLEGE & SEMINARY

HEBRON CAMPUS, KUMBANAD & IGO CAMPUS, KOZHIMALA

Over 14000 leaders trained and sent in the past 86 years to proclaim Christ and plant churches





Late Pastor K. E. Abraham
Founder



Pastor T. S. Abraham
President Emeritus



Rev. Dr. T. Valson Abraham
President

Committed to Christ's Great Commandments and Great Commission

SENATE OF SERAMPORE COURSES

B.D (Integrated) 5 Yrs.
Qualification : Plus two passed or the equivalent

B.D. (Regular) 4 Yrs.
Qualification : Bachelor degree from any recognised university

For more details contact
The Principal, India Bible College & Seminary
IGO Campus, Kozhimala, Kerala - 689 541
Tel : 99952 46682, 0469 2657776
E-mail: ibcs.principal@gmail.com ▪ igotoibc@gmail.com ▪ www.ibc.ac.in

Admission Open Apply Now

All courses offered are for Men and Women

ATA & COLLEGE COURSES

M.Th (COUNSELING) 2 Yrs.
Qualification : BD (Serampore) or M.Div (A.T.A and Non - A.T.A )

M. A. in HOLISTIC CHILD DEVELOPMENT 2 Yrs.
Qualification : BTh. (Serampore / A.T.A / Non - A.T.A )

MASTER OF DIVINITY (M.Div)*
Three year Program for secular degree holders.Two years for (ATA) B.Th degree holder with B grade.

BACHELOR OF THEOLOGY (B.Th)*
Three year English medium program for pre-degree holders, +2 or the equivalent.

DIPLOMA IN THEOLOGY (Dip.Th)*
Three year program in malayalam for those with S.S.L.C pass certificate or the equivalent.

Dip. Th (2years) English Medium*
Qualification: 10th pass or it's equivalent

CERTIFICATE IN THEOLOGY (C.Th)
One year program in Malayalam.

EXTENSION PROGRAM
Three year correspondence program offering B.Th (English) and Dip. Th (Malayalam).

EVENING CLASSES
This training is in 10 week modules offered three terms a year leading to a Certificate in Biblical Studies for lay persons.

For more details contact
Director, India Bible College & Seminary
Hebron, Kumbanad, Kerala - 689 547
Tel : 94476 08954, 0469 2664075, 2665855
E-mail: director.ibcs@gmail.com ▪ director@ibc.ac.in
igotoibc@gmail.com ▪ www.ibc.ac.in

* PROGRAMS ACCREDITED BY ATA

beamdesigns2dio.com

ലേഖനം

# ലോത്തിന്റെ ഭാര്യയെ ഓർത്തു കൊൾവീൻ!



സിസ്റ്റർ ജിജി ജോർജ്ജ്

അത്യുന്നതനായ ദൈവത്തിന്റെ വിളി കേട്ടിറങ്ങി തിരിച്ച അബ്രഹാം, തന്റെ ദേശം വിട്ട് ദൈവം തന്നോട് കാണിച്ച പ്രകാരം കാണിപ്പാനിരിക്കുന്ന ദേശത്തേക്കും ഇറങ്ങിത്തിരിച്ചു. തന്റെ കൂടെ തന്റെ കുടുംബവും പിതാവും സഹോദരപുത്രനായ ലോത്തും കുടുംബവും ഒക്കെ ഉണ്ടായിരുന്നു. എന്നാൽ ദൈവവിളി കേട്ടത് അബ്രഹാം മാത്രമായിരുന്നു. തന്റെയാത്രയിലൂടെ ദൈവശബ്ദം ഒരു വഴികാട്ടിയായി തനിക്ക് മുൻപേ ഉണ്ടായിരുന്നു. എന്തെല്ലാം നന്മകൾ തനിക്ക് ജീവിതത്തിൽ ലഭിച്ചിട്ടും താൻ ദൈവമുൻപാകെ നിഷ്കളങ്കമായ ഹൃദയത്തോടെ നടന്നു എന്നു കാണുന്നു. ദൈവത്തിലുള്ള തന്റെ ആഴമായ വിശ്വാസം തന്നെ വിശ്വാസികളുടെ പിതാവെന്ന പദവിക്ക് യോഗ്യനാക്കി. നാം ദൈവമുഖത്തേക്ക് നോക്കി ഇറങ്ങി തിരിക്കുമ്പോൾ നമ്മുടെ ലക്ഷ്യം ദൈവമായിരിക്കണം. ദൈവം നമുക്ക് തന്നിരിക്കുന്ന വാഗ്ദത്തം വലുതാണ്. അബ്രഹാമിനു പാലും തേനും ഒഴുകുന്ന ദേശം വാഗ്ദത്തം ചെയ്തെങ്കിൽ പുതിയ നിയമ വിശ്വാസികളാകുന്ന നമുക്ക് ജീവവൃക്ഷത്തിന്റെ ഫലമാണ് തരുവാൻ വെച്ചിരിക്കുന്നത്. അതുമാത്രമല്ല, തന്നോടുകൂടെ അന്തമില്ലായുഗം വാഴുവാനുള്ള അവസരം നല്കുന്നു. നീതിമാൻ സൂര്യന്റെ പ്രഭപോലെ പ്രകാശിക്കും എന്ന് നാം കാണുന്നു.

അബ്രഹാം തന്റെ പിതൃദേശത്ത് നിന്ന് ഇറങ്ങി തിരിക്കുമ്പോൾ തന്നോട് കൂടെ ലോത്ത് ഉണ്ടായിരുന്നു. യഹോവ തന്നോട് കല്പിച്ചതുപോലെ അബ്രഹാം പുറപ്പെട്ടു. അവന് അന്ന് എഴുപത്തിഞ്ച് വയസ്സായിരുന്നു. തന്നോട് ദൈവം എന്ത് പറയുന്നുവോ അങ്ങനെ അനുസരിക്കുവാൻ അബ്രഹാം തയ്യാറായിരുന്നു. എവിടെയൊക്കെ താൻ കൂടാരം അടിച്ചുവോ, അവിടെയൊക്കെ അവൻ യഹോവയ്ക്ക് യാഗം കഴിച്ചു. ദൈവത്തെ ആരാധിക്കുന്നതിൽ അബ്രഹാം മുഖ്യസ്ഥാനം കൊടുത്തിരുന്നു. എന്നാൽ ദേശത്ത് ക്ഷാമം ഉണ്ടായപ്പോൾ അബ്രഹാം മിസ്രയീമിലേക്ക് പോയി. അവിടെ ചെല്ലുമ്പോൾ തന്റെ ഭാര്യ സാറാ സൗന്ദര്യമുള്ളവൾ ആയതിനാൽ മിസ്രയീമ്യർ തന്നെ കൊന്നിട്ട് അവളെ ജീവനോടെ രക്ഷിക്കും എന്ന് ഭയപ്പെട്ടു. അതിനാൽ നീ എന്റെ സഹോദരി എന്ന് പറയേണം എന്ന് പറഞ്ഞു. തന്നോട് ദൈവം അരുളിച്ചെയ്ത വാഗ്ദത്തം അല്പനേരത്തേക്ക് അബ്രഹാം മറന്നു പോയി. ഞാൻ നിന്നെ വലിയ ജാതിയാക്കും എന്ന് ദൈവം അരുളിച്ചെയ്തു. പക്ഷെ മിസ്രയീമ്യർ തന്നെ അപായപ്പെടുത്തുമെന്ന് അബ്രഹാം ഭയന്നു. അത് മുഖാന്തരം സാറാ രാജാവിന്റെ അരമനയിൽ പോകേണ്ടി വന്നു. അവൾ മുഖാന്തരം ഫറവോൻ അബ്രഹാമിനു നന്മ ചെയ്തു. പക്ഷെ അബ്രഹാമിന്റെ ഭാര്യയായ സാറാ നിമിത്തം യഹോവ ഫറവോനെയും കുടുംബത്തെയും ദണ്ഡിപ്പിച്ചു. സാറയെ ഭാര്യയായ് എടുക്കാൻ സംഗതിയായതിനാൽ ഫറവോൻ അബ്രഹാമിനോട് ക്ഷമാപണം നടത്തി. അവരെ അവിടെ നിന്നും പറഞ്ഞയച്ചു. തന്റെ ജീവൻ നഷ്ടപ്പെടുമോ എന്ന ഭയമാണ് അബ്രഹാമിനെ സത്യം തുറന്ന് പറയുവാൻ സമ്മതിക്കാഞ്ഞത്. എന്നാൽ ദൈവം തന്നോട് പറഞ്ഞ വാഗ്ദത്തം അബ്രഹാം ഓർത്തിരുന്നു എങ്കിൽ തനിക്ക് ദോഷം ഭവിക്കുമെന്ന് ഭയപ്പെടുകയില്ലായിരുന്നു.

അബ്രഹാമിന്റെ സമ്പത്ത് വർദ്ധിച്ചു വന്നു. ലോത്തിനും അബ്രഹാമിനും അനേക സമ്പത്തും ദാസീദാസന്മാരും ആടുമാടുകളും ഉണ്ടായിരുന്നു. അവർക്ക് ഒന്നിച്ചു പാർക്കുവാൻ കഴിയാതെ വണ്ണം ദേശത്ത് അവർ വർദ്ധിച്ചു. അങ്ങനെയിരിക്കുമ്പോൾ അവരുടെ ഇടയന്മാർ തമ്മിൽ പിണക്കമുണ്ടായി. ഇതറിഞ്ഞ അബ്രഹാം ലോത്തിന്റെ മുൻപാകെ ഒരു തെരഞ്ഞെടുപ്പു വെച്ചു. ലോത്തിനോട് തനിക്ക് ഇഷ്ടമുള്ള സ്ഥലത്ത് തെരഞ്ഞെടുക്കുവാനവസരം കൊടുത്തു. ലോത്ത് നീരോട്ടമുള്ള സ്ഥലം നോക്കി എടുത്തു. യോർദ്ദാനരികെയുള്ള പ്രദേശം യഹോവയുടെ തോട്ടം എന്ന് വിശേഷിപ്പിക്കത്തക്കവണ്ണം മനോഹരവും ഫലപുഷ്ടവുമായിരുന്നു. അബ്രഹാം കനാൻ ദേശത്ത് പാർത്തു. ലോത്ത് ആ പ്രദേശങ്ങളിൽ പട്ടണങ്ങളിൽ പാർത്തു.

സുഖലോലുപാതയിൽ ജീവിതം നയിക്കുവാൻ ആഗ്രഹിച്ച ലോത്ത് തന്റെ കണ്ണിന് കാമ്യമായതും തന്റെ യുക്തിക്ക് ശരിയെന്ന് തോന്നിയതും ചെയ്തു. ദൈവം കരുതും എന്ന ചിന്ത തന്നിൽ കടന്നു വന്നിരുന്നെങ്കിൽ ഒരുപക്ഷെ ലോത്ത് ഇങ്ങനെ തിരഞ്ഞെടുക്കുകയില്ലായിരുന്നു. ലോത്തിന്റെ സ്വാർത്ഥതയാണ് ഇവിടെ വെളിപ്പെട്ടു കാണുന്നത്. ഒരുമിച്ചാണ് ഇറങ്ങിത്തിരിച്ചതെങ്കിലും അബ്രഹാമിനെക്കാൾ വലിയവനാകണമെന്ന ചിന്ത തന്നെ സോദോം വരെ കൊണ്ടെത്തിച്ചു. എന്നാൽ തന്റെ ജീവിതത്തിൽ താൻ നീതിമാൻ ആയിരുന്നു എന്ന് കാണാം. അതുകൊണ്ടാണല്ലോ തന്നെ പട്ടണവാതിലിൽ കാണുവാൻ കഴിയുന്നത്. മറ്റുള്ളവർ തങ്ങളുടെ പ്രശ്നങ്ങൾ നീതിയോടെ പരിഹരിക്കുന്നതിനു വേണ്ടി ലോത്തിന്റെ അടുക്കൽ കൊണ്ടുവന്നിരുന്നു. എന്നാൽ സോദോം നിവാസികൾ ദുഷ്ടന്മാരും യഹോവയുടെ മുൻപാകെ മഹാപാപികളും ആയിരുന്നു എന്ന് കാണാം. ഒരു ദൈവപൈതൽ എവിടെ ജീവിക്കണം എന്ന് തീരുമാനിക്കുന്നതിന് മുൻപ് ദൈവഹിതം അന്വേഷിക്കണം. താൻ യോഗ്യമായ ഇടത്താണോ വന്നു ചേർന്നതെന്ന് ആലോചിക്കണം. ദൈവാലോചന ഇല്ലാതെ നാം എവിടെ പോയാലും പരാജയപ്പെടും എന്നതിന് സംശയം വേണ്ട. ദൈവം കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് അബ്രഹാം പുറപ്പെട്ടതുകൊണ്ട് അവൻ ബഹുജാതികൾക്ക് പിതാവായി തീർന്നു. എന്നാൽ സ്വന്ത ഹിതപ്രകാരം യാത്ര ചെയ്ത ലോത്തിന് എന്ത് സംഭവിച്ചു?

അബ്രഹാം ലോത്തിനെ പിരിഞ്ഞെങ്കിലും തന്റെ ആപത്ത് ഘട്ടങ്ങളിൽ തന്നെ രക്ഷിച്ചെടുക്കുവാൻ തയ്യാറായിരുന്നു. ഒരിക്കൽ ജഡത്തിൽ ശത്രുശക്തികൾ കടന്നുവന്ന് ദേശത്ത് നിന്ന് സമ്പന്നരെ പിടിച്ചുകൊണ്ട് പോയ കൂട്ടത്തിൽ ലോത്തിനെയും തനിക്ക് ഉള്ളതിനെയും കൊണ്ട് പോകുവാനിടയായി. ഇതറിഞ്ഞ അബ്രഹാം തന്റെ വീട്ടിൽ ജനിച്ചവരും അഭ്യാസികളുമായ മുന്നൂറ്റിപതിനെട്ടുപേരെ കൂട്ടികൊണ്ടു പോയി ലോത്തിനെയും സമ്പത്തിനെയും കുടുംബത്തിനെയും മടക്കി കൊണ്ടുവന്നു. സോദോം രാജാവ് അബ്രഹാമിനോട് തന്റെ ആളുകളെ ഒഴിച്ച് സമ്പത്തെല്ലാം എടുത്തു കൊൾവാൻ ആവശ്യപ്പെട്ടു. എന്നാൽ അബ്രഹാം ഒരു ചരടുപോലും എടുക്കുവാൻ തയ്യാറായില്ല്. കാരണം ദൈവഹിതല്ലാത്ത ഒരു വസ്തുവും തനിക്ക് ഉതകില്ലെന്ന് അബ്രഹാമിനു നല്ല ബോധ്യം ഉണ്ടായിരുന്നു. സോദോം നിവാസികൾ യഹോവയുടെ മുൻപാകെ മഹാപാപികളായിരുന്നു. ആ പാപത്തിന്റെ അംശം തന്റെ കുടുംബത്തിൽ കൊണ്ടുപോകാൻ അബ്രഹാം തയ്യാറായില്ല. കാരണം അവ ശാപഗ്രസ്തമാണ്. ഇന്ന് അനേകരും അറിഞ്ഞോ അറിയാതെയോ ലോത്തിനെപ്പോലെ സോദോമിന്റെ നന്മ കുടുംബത്തിൽ കൊണ്ടുപോയതുപോലെ, ദൈവഹിതമല്ലാത്ത പലതിന്റെയും പിന്നാലെ അഭിഷിക്തരെന്ന് അഭിമാനിക്കുന്ന അനേക ലോത്തുമാർ ഓടുന്നു. നീരോട്ടമുള്ള സ്ഥലം തേടി അവർ ഓടുന്നു. ദൈവഹിതമല്ലാത്ത നന്മയാണെങ്കിൽ പ്രിയമുള്ളവരെ നീ നീതിമാനായിരുന്നാലും വലഞ്ഞുപോകും.

ലോത്ത് സമ്പത്തുണ്ടാക്കിയത് തന്റെ കു

04

## ഐ. പി. സി. തിയോളജിക്കൽ സെമിനാരി കോട്ടയം പതിമൂന്നാമത് ഗ്രാഡുവേഷൻ സർവീസ്



**കോട്ടയം:** ഐ. പി. സി. തിയോളജിക്കൽ സെമിനാരിയുടെ പതിമൂന്നാമത് ഗ്രാഡുവേഷൻ സർവീസ് 2016 ഫെബ്രുവരി 6–ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണി വരെ സെമിനാരി ചാപ്പലിൽ വച്ച് നടത്തപ്പെട്ടു. ഗ്രാഡുവേഷനോടനുബന്ധിച്ചുള്ള സ്തോത്രശുശ്രൂഷ 5–ാം തീയതി വെള്ളിയാഴ്ച രാവിലെ പത്ത് മണി മുതൽ ഒരു മണി വരെ നടത്തപ്പെട്ടു. ഗ്രാഡുവേഷനും സ്തോത്ര ശുശ്രൂഷയിലും വേൾഡ് വിഷൻ ഇൻഡ്യായുടെ സി. ഇ. ഒയും നാഷണൽ ഡയറക്ടറുമായ റവ. ചെറിയാൻ തോമസ് മുഖ്യസന്ദേശം നൽകി. കർത്തൃമേശ ശുശ്രൂഷയ്ക്ക് ഡോ. ഇടിച്ചെറിയ നൈനാൻ നേതൃത്വം നൽകി.

സെമിനാരി പ്രിൻസിപ്പാൾ റവ. എബി പീറ്ററിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഗ്രാഡുവേഷൻ സർവീസിൽ വേൾഡ് വിഷൻ ഇൻഡ്യായുടെ സി. ഇ. ഒയും നാഷണൽ ഡയറക്ടറുമായ റവ. ചെറിയാൻ തോമസ് മുഖ്യസന്ദേശം നൽകി. ഗ്രാഡുവേറ്റ് ചെയ്ത 48 വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ റവ. എബി പീറ്റർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സെമിനാരി പഠനത്തിലും വിവിധ പാഠ്യാനുബന്ധമേഖലകളിലും മികവ് പുലർത്തിയ വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ അവാർഡുകൾ പ്രസ്തുത സമ്മേളനത്തിൽ നൽകപ്പെട്ടു.

ഐ. പി. സി. സെമിനാരി സെനറ്റ് മെംബർ റവ. രാജു എബനേസർ ഗ്രാഡുവേറ്റ് ചെയ്ത വിദ്യാർത്ഥികളെ അനുഗ്രഹിച്ച് പ്രാർത്ഥിച്ചു. ഐ. പി. സി. സെമിനാരി ആരംഭിച്ച 2001മുതൽ കഴിഞ്ഞ ഒന്നര പതിറ്റാണ്ട് സെമിനാരിയുടേയും സൊസൈറ്റിയുടേയും പ്രവർത്തനത്തിന് മാതൃകാപരമായ നേതൃത്വം നൽകിയ കോട്ടയം നോർത്ത് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ. സി. ചെറിയാന്റെ സേവനങ്ങളെ സെമിനാരി പ്രിൻസിപ്പാൾ റവ. എബി പീറ്റർ, ബ്രദർ ജോയി താനവേലിൽ എന്നിവർ അനുസ്മരിക്കുകയും അദ്ദേഹത്തിന് മെമെന്റോ നൽകി ആദരിക്കയും ചെയ്തു.

ഐ. പി. സി. എഡ്യൂക്കേഷൻ ആൻഡ് വെൽഫയർ സൊസൈറ്റി പ്രസിഡന്റ് പാസ്റ്റർ തോമസ് എബ്രഹാം, സെമിനാരി അധ്യാപകരെ പ്രതിനിധീകരിച്ച് സെമിനാരി സെനറ്റ് വൈസ് ചെയർമാൻ ഡോ. ഇടിച്ചെറിയ നൈനാൻ എന്നിവർ ഗ്രാഡുവേറ്റ്സിനുള്ള വിടവാങ്ങൽ സന്ദേശങ്ങൾ നൽകി. തുടർന്ന് സെമിനാരിയുടെ ഈ വർഷത്തെ വാർഷികപ്പതിപ്പ് (Together) ഐ. പി. സി. E.W.S ബോർഡ് മെംബർ ഡോ. റ്റി. സി. കോശി, കോട്ടയം സൗത്ത് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ. ഇ. തോമസിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. ഡോ. റ്റി. സി. കോശി, ബ്രദർ പി. എം. ചെറിയാൻ, ബ്രദർ ജോൺ തോമസ്, ബ്രദർ ജോർജ് മത്തായി (സെനറ്റ് മെംബർ) എന്നിവർ ആശംസാസന്ദേശങ്ങൾ നൽകി. പാസ്റ്റർ കെ. ഇ. തോമസിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടെ സമ്മേളനം സമാപിച്ചു.


IPC Theological Seminary Kottayam
Accredited by Asia Theological Association
Puthuppally P.O., Kottayam 686 011, Kerala, India Ph: +91 481 2351774, +91 9497579772
Email: ipctsk@gmail.com Website: http//www.ipcseminary.com

Residential Mode

| PROGRAM | DURATION | MEDIUM | REQUIRED QUALIFICATIONS |
|---|---|---|---|
| M.Div* | 2 Years | English | B.Th (Recognized)/ |
| | 3 Years | English | Any Bachelor Degree |
| B.Th* | 4 Years | English | +2 Pass/Equivalent |
| M.A in Th. | 2 Years | English | B.Th/Any Bachelor Degree |
| C.Min. | 1 Year | English | 10th Pass/Equivalent |

Distance Mode

| | | | |
|---|---|---|---|
| M.Div* | 3 Years (Minimum) | English | B.Th (Recognized)/ Any Bachelor Degree/ Mature Candidate |
| M.A in Miss. | 2 Years (Minimum) | English | B.Th (Recognized)/ Any Bachelor Degree/ Mature Candidate |
| M.A in H.C.D | 2 Years | English | B.Th (Recognized)/ Any Bachelor Degree |

Online Mode

| | | | |
|---|---|---|---|
| M.A in Th. | 2 Years | English | B.Th/Any Bachelor Degree |
| C.Min | 1 Year | English | 10th Pass/Equivalent |

* Programs are accredited to ATA

Date of Interview
March 14, 2016
April 11, 2016
May 02, 2016
(At Seminary Campus)

OUR FOUR FOLD EMPHASIS:
- Academic Excellence
- Ministry Emphasis
- Character Formation
- Vocational Training
  - Music and Language Training
  - Computer Skills

Perfecting the Saints for Transforming the World

# നിത്യതയിൽ



**പാസ്റ്റർ റ്റി.എം. മാത്യുക്കുട്ടി (84)**

പനവേലി: ഇന്ത്യാ പെന്തകോസ്തു ദൈവസഭ സീനിയർ ശുശ്രൂഷകൻ പനവേലിൽ പെനിയേൽ ഹൗസിൽ പാസ്റ്റർ റ്റി.എം. മാത്യുക്കുട്ടി (84) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. നെല്ലിക്കുന്നം തൊമ്മന്റയ്യത്ത് കുടുംബാംഗമാണ്. സംസ്ക്കാരം പനവേലി ഐ. പി.സിഎബനേസർ സഭാസെമിത്തേരിയിൽ നടത്തി.

ഭാര്യ : പരേതയായ തങ്കമ്മ, മക്കൾ: ബാബു മാത്യു(മാംഗ്ളൂർ), ലിസി ജോർജ്ജ്, ലോവിസ് ബോവസ്, തോമസ് മാത്യു(സാബു), മരുമക്കൾ: സൂസൻ ബാബു,(മാംഗ്ളൂർ),എൻ. ബി.ജോർജ്ജ്(നാലൊന്നിൽ), ഏബ്രഹാം ബോവസ് പുളിമൂട്ടിൽ(കെ.എസ്.എ), ലിനി തോമസ്.



**പാസ്റ്റർ സൈമൺ വർഗീസ് (ബേബി- 64)**

**തടിയൂർ:** തെള്ളിയൂർ ഐ. പി. സി. ശാലേം സഭാംഗമായ വാഴയിൽ ബെഥേലിൽ പാസ്റ്റർ സൈമൺ വർഗീസ് ഫെബ്രുവരി 8ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം പാസ്റ്റർ റ്റി. ജെ. ഏബ്രഹാമിന്റെ നേതൃത്വത്തിൽ സഭാസെമിത്തേരിയിൽ നടത്തി. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ കെ. വി. ജോർജ്ജ് നേതൃത്വം നൽകി. പാസ്റ്റർമാരായ രാജു പൂവക്കാല, ഷിബു നെടുവേലിൽ, എം. ജി. ജോൺ, ബെഞ്ചമിൻ ഡാനിയേൽ, സിസ്റ്റർ സ്റ്റർലാ ലൂക്ക് എന്നിവർ പ്രസംഗിച്ചു. ബിലീവേഴ്സ് ജേണലിനു വേണ്ടി പാസ്റ്റർമാരായ സാംകുട്ടി മാത്യു, കെ. ജെ. മാത്യു അനുശോചനം അറിയിച്ചു.

ഭാര്യ: ചിന്നമ്മ സൈമൺ, മക്കൾ: മോൻസി, മേഴ്സി, മരുമക്കൾ: റീനാ, വർഗീസ് തോമസ്.



**മേരി തോമസ് (63)**

**ന്യൂയോർക്ക്:** ഹെബ്രോൻ ഗോസ്പൽ അസംബ്ലി സഭയുടെ സീനിയർ ശുശ്രൂഷകനും ഐ. പി. സി. നോർത്ത് അമേരിക്കൻ ഈസ്റ്റേൺ റീജിയൻ വൈസ് പ്രസിഡന്റുമായ തിരുവല്ല വളഞ്ഞവട്ടം തർക്കോലിൽ പാസ്റ്റർ ജോൺ തോമസിന്റെ സഹധർമ്മിണി മേരി തോമസ് (63) നിത്യതയിൽ. കടപ്ര നിരണം ഹെബ്രോൻ ഗോസ്പൽ തിയോളജിക്കൽ ബൈബിൾ കോളജ് സ്ഥാപക ഡയറക്ടറാണ് ഭർത്താവ് പാസ്റ്റർ ജോൺ തോമസ്. സംസ്കാരം നടത്തി.

എറണാകുളം മാമല ചിറാട്ടുമൂലയിൽ കുടുംബാംഗമാണ് പരേത. മക്കൾ: അനിത തോമസ്, ഡോ. ആൻസി ജോസഫ്, ഡോ. എലിസബേത്ത് തോമസ്, ഷാരൻ തോമസ്. മരുമകൻ: ഡോ. ബേസിൽ ജോസഫ്.



**സാറാമ്മ (90)**

**കായംകുളം:** കായംകുളം ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് സഭാംഗം തട്ടാക്കുഴി കിഴക്കേതിൽ പരേതനായ പാപ്പന്റെ ഭാര്യ സാറാമ്മ (90) ഫെബ്രു. 13-ന് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം 15-ന് പാസ്റ്റർ റ്റി. വൈ. ജോൺസന്റെ നേതൃത്വത്തിൽ സഭാസെമിത്തേരിയിൽ നടത്തി. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ ജെസ്റ്റസ് ജോസഫ് നേതൃത്വം നൽകി. പാസ്റ്റർമാരായ സാം ജോൺ, മാത്യു ജോൺ, ഷാജി മാത്യു എന്നിവർ പ്രസംഗിച്ചു. ബിലീവേഴ്സ് ജേണലിനുവേണ്ടി പാസ്റ്റർ കെ. ജെ. മാത്യു അനുശോചനം അറിയിച്ചു. മക്കൾ: കാർത്തിയാനി, ഭാസ്ക്കരൻ, ശാന്തമ്മ, ഏബ്രഹാം. മരുമക്കൾ: ലീലാമണി, പരേതരായ തങ്കപ്പൻ, ഗോപിനാഥൻ, അമ്മിണി.

# ടിജിക്ക് എംബിഎ ഒന്നാം റാങ്ക്



അസംബ്ലീസ് ഓഫ് ഗോഡ് കൊണ്ണിയൂർ സഭാംഗമായ ടിജി ബി.ടി കേരള സർവ്വകലാശാലയുടെ 2015-ലെ എംബിഎ (ട്യൂറിസം) ഒന്നാം റാങ്ക് നേടി. കാര്യവട്ടം കാമ്പസിലെ വിദ്യാർത്ഥിനിയായിരുന്നു.

ടോമി-ബിജി ദമ്പതികളുടെ രണ്ടു മക്കളിൽ മൂത്ത മകളാണ്. വെള്ളനാട് ഗവ.വി. എച്ച്.എസ്.എസിൽ പഠിച്ച ടിജി 73 ശതമാനം മാർക്ക് നേടിയാണ് എസ്.എസ്.എൽ.സി പാസ്സായത്. കുളത്തുമ്മൽ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ നിന്ന് പ്ലസ് ടു ഫസ്റ്റ് ക്ലാസ്സോടെ പാസ്സായി. ഡിഗ്രി പഠനം പാരലൽ കോളജിലായിരുന്നെങ്കിലും 60 ശതമാനം മാർക്കോടെ പാസ്സായി. അഖിലേന്ത്യ സിലബസുകൾ പഠിച്ചെത്തിയ മിടുക്കരെ പിന്നിലാക്കിയാണ് ഗ്രാമീണ മേഖലയിലെ സർക്കാർ സ്കൂളുകളിൽ പഠിച്ചുവന്ന ടിജി എംബിഎ ഒന്നാം റാങ്ക് കൈപ്പിടിയി ലൊതുക്കിയത്.

അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സണ്ടേസ്കൂൾ പരീക്ഷയിൽ സീനിയർ ക്ലാസിൽ 2011-ലെ റാങ്കു ജേതാവുകൂടിയാണ് ടിജി. സണ്ടേസ്കൂൾ വാർഷിക പരീക്ഷകളിൽ 7 തവണ ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ട്.

റാങ്ക് ലഭിക്കുമെന്ന് കരുതിയിരുന്നെങ്കിലും ഒന്നാം റാങ്ക് പ്രതീക്ഷിച്ചിരുന്നില്ലെന്നും സണ്ടേസ്കൂൾ ക്യാമ്പുകളിലൂടെ ലഭിച്ച ആശയങ്ങളും ചിന്തകളും പഠിക്കുവാൻ ഏറെ പ്രോത്സാഹനകരമായി എന്നും ടിജി പറയുന്നു. ദിവസവും 12 വിദ്യാർത്ഥികൾക്ക് ട്യൂഷൻ എടുത്ത ശേഷം ടിജി രാത്രി 9 മണിമുതലാണ് പഠനത്തിനു സമയം കണ്ടെത്തുന്നത്. പ്രാർത്ഥിക്കുക, പഠിക്കുക, ആഗ്രഹിക്കുക ഇതാണ് ടിജി വിദ്യാർത്ഥിക ൾക്ക് നൽകുന്ന സന്ദേശം. പിതാവ് ടോമി ടൂവീലർ വർക്ക്ഷോപ്പ് നടത്തുന്നു. സഹോദരൻ ടിജോ കമ്പ്യൂട്ടർ ഹാർഡ് വെയർ വിദ്യാർത്ഥി. ടിജിക്ക് അനുമോദനങ്ങൾ.

# എ.ജി.പുളിയൻകോട് സഭാരാധന ജില്ലാകളക്ടർ വിലക്കി

**തിരുവനന്തപുരം:** അസംബ്ലീസ് ഓഫ് ഗോഡ് ആറ്റിങ്ങൽ സെക്ഷനിലെ പുളിയൻകോട് സഭയുടെ പ്രവർത്തനം നിർത്തി വയ്ക്കുവാൻ ജില്ലാകളക്ടർ ഉത്തരവിട്ടു. ആരാധനാലയം നടത്തുന്നതിന് കളക്ടറുടെ അനുമതി വാങ്ങിയിട്ടില്ല എന്ന കാരണത്താലാണ് ആരാധന തടഞ്ഞുകൊണ്ട് ഉത്തരവ് നൽകിയത്.

1995-ലാണ് പുളിയൻകോട് ഏ.ജിയുടെ പ്രവർത്തനം ആരംഭിച്ചത്. പോത്തൻകോട് സഭയുടെ ബ്രാഞ്ചായി പാസ്റ്റർ എൻ. ഗമാലിയേലാണ് സഭ പ്രവർത്തനത്തിനു തുടക്കമിട്ടത്. അക്കാലത്ത് വിശ്വാസത്തിൽ വന്ന ബ്രദർ സാംകുട്ടി 5 സെന്റ് സ്ഥലം ആരാധനാലയം പണിയുന്നതിനായി സൗജന്യമായി നൽകി. എന്നാൽ ആ സമയം മുതൽ സമീപവാസിയും കുടുംബവും പ്രശ്നങ്ങളുണ്ടാക്കിയിരുന്നു. 2001-ൽ പാസ്റ്റർ ഗമാലിയേൽ ഇവിടെ വച്ച് ക്രൂരമായ മർദ്ദനത്തി നും ഇരയായിരുന്നു. 2015 ജൂലൈ വരെ സമീപത്തെ ഒരു വാടക കെട്ടിടത്തിലായിരുന്നു ആരാധന നടത്തിയിരുന്നത്.

2010-ൽ പാസ്റ്റർ എസ്.എൽ.ബാബുവിന്റെ നേതൃത്വത്തിൽ സഭാവക സ്ഥലത്ത് കെട്ടിടത്തിന്റെ പണി ആരംഭിച്ചു. അനേക ദൈവമക്കളുടേയും സഭകളുടേയും സഹായ സഹകരണത്താൽ 16 ലക്ഷം രൂപ ചെലവഴിച്ച് 5 വർഷം കൊണ്ട് മനോഹരമായ മിഷൻവീട് പണിതു. ആ സമയം മുതൽ വീണ്ടും സമീപവാസികൾ അകാരണമായി പ്രശ്നങ്ങൾ ഉണ്ടാക്കി കൊണ്ടിരിക്കുന്നു. ഈ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ അതീവ ശ്രദ്ധയോടെ ശബ്ദം കുറച്ചാണ് പ്രാർത്ഥനകൾ നടത്തിയിരുന്നത്. എന്നാൽ സുവിശേഷ വിരോധികൾ ഇവിടെ അനധികൃതമായി ആരാധന നടത്തുന്നു എന്ന് കാണിച്ച് കളക്ടർക്കു പരാതി നൽകി. കളക്ടർ പാസ്റ്ററോടൊ വിശ്വാസികളോടൊ കാര്യങ്ങൾ അന്വേഷിക്കാതെ ഏകപക്ഷീയമായി നടപടി എടുക്കുകയായിരുന്നു. പരാതികളുടെ അടിസ്ഥാനത്തിൽ മിഷൻ വീടിന്റ കെട്ടിട നമ്പർ തിരുവനന്തപുരം നഗരസഭ റദ്ദു ചെയ്തു ഉത്തരവു നൽകി. വൈദ്യുത കണക്ഷൻ 15 ദിവസത്തിനകം വിച്ഛേദിക്കുമെന്ന് അധികൃതർ അറിയിച്ചിരിക്കുകയാണ്. മാത്രമല്ല, ഇവിടെ താമസിച്ചുകൊണ്ടിരിക്കുന്ന പാസ്റ്ററേയും കുടുംബത്തേയും സുവിശേഷവിരോധികൾ നിരന്തരം ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതിലൊരാൾ സ്ത്രീകൾ മാത്രം ഇവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ വിവസ്ത്രനായി അവരെ അസഭ്യം പറഞ്ഞു. തെളിവുസഹിതം പരാതിപ്പെട്ടെങ്കിലും ഇതുവരെ പോലീസ് നടപടി സ്വീകരിച്ചിട്ടില്ല. പോലീസും പാസ്റ്ററേയും വിശ്വാസികളേയും ഭീഷണിപ്പെടുത്തുന്നതായി പാസ്റ്റർ ബാബു പറയുന്നു.

40-തോളം വിശ്വാസികൾ ഇവിടെ ഉണ്ട്. എന്തുചെയ്യണമെന്നറിയാതെ വിഷമിക്കുകയാണ് ഇവിടത്തെ സഭ. ദൈവസഭ ഈ പ്രശ്നത്തിനു ഒരു പരിഹാരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കണമേ.

# കവിത



**ബേസിൽ വർഗ്ഗീസ്**

## നോക്കേണം ക്രിസ്തുവെ....

ഇടയനാം ക്രിസ്തുവെ നോക്കിടേണം
"ഞാനെ"ന്ന ഭാവം വെടിഞ്ഞിടേണം
നരരക്ഷയോർത്തു താൻ സ്വർഗ്ഗം ത്യജിച്ചതും
ഭക്തരാം ശിഷ്യരിൻ പാദം തുടച്ചതും
ജൂതരിൽ നിന്ദകൾ സ്വയമേവയേറ്റതു-
മോർത്തു നാം താഴ്മ ധരിച്ചിടേണം....

പീഡകൾ, നിന്ദകളേറുന്ന നാളുകൾ
മുൻപിൽ നമുക്കുണ്ടന്നോർത്തിടേണം
കൂട്ടി സഹോദർ പേറുന്ന വേദന-
കാണേണമാശ്വാസമേകിടേണം...
കരയുന്ന കണ്ണുകൾക്കാശ്വാസമേകാതെ-
സ്വാർത്ഥരായിഹത്തിൽ നാം മാറിടല്ലേ....

നേരായ് നടത്തേണ്ട ഇടയരിൻ വഴിക-
ളിന്നുടയവന്നിഷ്ടത്തിനൊത്തപോലെ???
വഴി തെറ്റിയലയുന്നയാടുകൾ കേഴുന്ന-
തറിയാത്തയിടയരിന്നേറെയല്ലൊ!!
"രോഗസൌഖ്യങ്ങളും ശാപവിമുക്തിയു-"
മാദായ മാർഗ്ഗമായ് മാറിടുന്നു..............

യോഗ്യതയേതുമേയില്ലയെന്നാകിലും
ആത്മാവിന്നഭിഷേകം തെല്ലുമില്ലെങ്കിലും
പുല്ലിനു തുല്യമീയായുസ്സെന്നോർക്കാതെ,
പേരിനോടൊപ്പമായ് ചേർക്കും **'പദവികൾ'**
ഭൂഷണമെന്നു നിനച്ചിടുന്നു, സ്വാർത്ഥ-
ചിത്തരായിടയരും മാറിടുന്നോ??

മായം കലർന്നതാം ഭോജ്യത്തിനായ്-
ജനം കൂട്ടമായ് കൂടുന്ന കാലമല്ലോ!!
അനുതാപമില്ലാതെ, കണ്ണുനീരില്ലാതെ-
യാർക്കുകിൽ ദൈവപ്രസാദമെന്നോ??
ക്രിസ്തു തൻ ശിഷ്യരെ ചേർക്കുവാനെത്തിടും-
നാളതിൽ വിശ്വാസം കണ്ടിടുമോ??

ഇടയനാം ക്രിസ്തുവെ നോക്കിടേണം
"ഞാനെ"ന്ന ഭാവം ത്യജിച്ചിടേണം
ക്രിസ്തുവിൻ ഭാവം ധരിച്ചിടേണം, നാം
ക്രിസ്തുവിൻ നാമമുയർത്തിടേണം
അന്യനെ ശ്രേഷ്ഠനെന്നെണ്ണേണമെന്നുള്ള-
വാക്കുകൾ എന്നുമേ കാത്തിടേണം.......

# പവ്വർ വി. ബി. എസ്സ് – 2016

ഐ. പി. സി. സണ്ടേസ്കൂൾസ് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ 8 വർഷങ്ങൾ വിജയകരമായി നടന്നുകൊണ്ടിരിക്കുന്ന പവർ വി. ബി. എസ്. 9-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. ഈ വർഷത്തെ ചിന്താവിഷയം "പ്രകാശ ഗോപുരം" (Light House) എന്നതാണ്. മാർച്ച് 7തിങ്കൾ മുതൽ 9 ബുധൻ വരെ കോട്ടയം മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ മാസ്റ്റർ ട്രെയിനിംഗ് നടക്കുന്നതായിരിക്കുന്നതും തുടർന്ന് കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നേതൃത്വപരിശീലനങ്ങളും നടക്കുന്നതുമാണ്. പവ്വർ വി. ബി. എസ്സ്. കൺവീനറായി പാസ്റ്റർ സാംകുട്ടി ജോൺ ചിറ്റാറും കോ-ഓർഡിനേറ്ററായി പാസ്റ്റർ അനിൽ കുറിയാക്കോസും പ്രവർത്തിക്കുന്നു.

# 12 ജൈവായുധങ്ങൾ....

ങ്ങി മാരകമല്ലാത്ത രോഗങ്ങളാണ് ഫംഗസ് ബാധ മൂലം ഉണ്ടാകുന്നതെങ്കിലും ചിലത് മാരകമായ രോഗം ഉണ്ടാക്കുന്നതാണ്.

*റ്റോക്സിൻ:* മാരകമായ രോഗം ഉളവാക്കുന്ന ക്യാൻസർ പോലുള്ള രോഗങ്ങൾക്ക് കാരണമാകുന്നത് റ്റോക്സിൻ മൂലമാണ് എന്നാണ് ശാസ്ത്രലോകം വിലയിരുത്തുന്നത്. വിഷകരമായ അനുഭവം. മനുഷ്യ ശരീരത്തിൽ ഭക്ഷണത്തിലൂടെയോ, ജലത്തിലൂടെയോ ഉള്ളിൽ പ്രവേശിക്കുന്ന വിഷം കോശങ്ങളെ നശിപ്പിച്ച് ജീവനെ തന്നെ ഇല്ലാതാക്കുന്നു.

ഇപ്രകാരം ലോകത്തിൽ ഏതു വിധേനയും ശത്രുവിനെ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ കണ്ടുപിടിക്കുന്ന ഇത്തരം ബയോളജിക്കൽ ആയുധങ്ങൾ അന്ത്യകാലത്ത് ഭീകര പ്രസ്ഥാനങ്ങളുടെയും രാജ്യങ്ങളുടെ കൈകളിൽ എത്തിച്ചേരും. മഹോപദ്രവകാലഘട്ടത്തിൽ ഭൂമിയിന്മേൽ ചൊരിയപ്പെടുന്ന ദൈവക്രോധത്തിങ്കൽ ഇതുപോലെ മാരക രോഗങ്ങളാൽ ബാധിക്കപ്പെടുന്നു. ഏഴു ദൂതന്മാർക്ക് ഏഴു കാഹളം ലഭിക്കുന്നു. മനുഷ്യവർഗത്തിൽ 'മൂന്നിലൊന്നിന്' എതിരെ ന്യായവിധിദൂത് പ്രഖ്യാപിച്ചുകൊണ്ട് അവരിൽ ആറു ദൂതന്മാർ കാഹളം മുഴക്കുന്നു. (വെളി. 8:1, 2, 712; 9:15, 18) യോഹന്നാനു ലഭിച്ച അഞ്ചാമത്തെ ദർശനത്തിലാണ് ഇക്കാര്യങ്ങളെക്കെയും വെളിപ്പെടുത്തിയിരിക്കുന്നത്.

ഇതിനു സമാനമായ സംഭവങ്ങളാണ് ബയോളജിക്കൽ യുദ്ധത്തിൽ സംഭവിക്കുന്നത്. ഏഴ് ക്രോധകലശങ്ങൾ ഭൂമിയിൽ ഒഴിക്കുമ്പോഴും മനുഷ്യരേയും മൃഗങ്ങളേയും ഒരു പോലെ ബാധിക്കുന്ന രോഗങ്ങളും ബാധകളും ഉണ്ടാകുന്നു. ഇങ്ങനെ ലോകസംഭവങ്ങളെല്ലാം യേശുക്രിസ്തുവിന്റെ വരവിനെ പ്രഘോഷിക്കുന്നു. ആ നാളും നാഴികയും നാം അറിയാത്തതുകൊണ്ട് ഏവരും ഉണർന്ന് ഒരുങ്ങിയിരിക്കുവാനാണ് ഈ സംഭവങ്ങൾ നമ്മുടെ കൺമുമ്പിൽ സംഭവിക്കുന്നത്.

ധ്യാനം

# പിശാചിനു ഇടം കൊടുക്കരുത്



ഷൈജു ഡാനിയേൽ, അടൂർ
shyjudani@gmail.com

അകറ്റി നിർത്തേണം എന്ന് വേദപുസ്തകം അനുശാസിക്കുന്ന പലതിനെയും ചേർത്തു നിർത്താൻ നാം കാണിക്കുന്ന ശ്രമങ്ങൾ ആണ് നേരിടുന്ന ഒട്ടുമിക്ക പ്രശ്നങ്ങളുടെയും മൂലകാരണം. “ഇടം കൊടുക്കരുത്” എന്ന മുന്നറിയിപ്പ് നമുക്ക് ലഭിച്ചിരിക്കെ നാം മനഃപൂർവ്വമായോ അല്ലാതെയോ ഒരുക്കുന്ന ഇടങ്ങളിൽ കയറി കൂടിയാണ് സാത്താന്യ സംവിധാനങ്ങൾ നമുക്കെതിരെ അണി നിരക്കുന്നത്. വളരെ തന്ത്രപൂർവ്വം നമ്മെ സമീപിക്കുകയും ഒടുവിൽ നമ്മെ തോൽപ്പിക്കാൻ തക്ക നിലകളിൽ ഉള്ള ഒരു പ്രതലം ഒരുക്കുകയും ചെയ്യുക എന്നതാണ് പിശാചിന്റെ നയം. അതിനായി വ്യത്യസ്ത നിലകളിൽ നമ്മെ സമീപിക്കാം. നമ്മുടെ അത്യാവശ്യങ്ങളെയും ജീവിത പ്രതിസന്ധികളെയും ഒക്കെ ഒരുപക്ഷെ അതിനുള്ള കാരണങ്ങളാക്കി മാറ്റിയെന്നുവരാം. അർദ്ധരാത്രിയിലെ ഒരു സഹായകനെ പോലെയോ സകല പ്രതീക്ഷകളും അസ്തമിക്കുന്ന ഇടങ്ങളിലെ ഏറ്റവും അനുകൂല സാദ്ധ്യതകൾ പോലെയോ പ്രലോഭനങ്ങളുടെയും നയസുഖ വസ്തുക്കളുടെയും സമ്മാനപൊതികളുമായി നമുക്ക് മുൻപിൽ എത്താം. രക്ഷയ്ക്കനന്തരം നമ്മെ സമീപിക്കുന്നതെല്ലാം ദൈവീകമാണെന്ന ചിന്തകൾ നമ്മിൽ രൂപപ്പെടുത്തി വളരെ ശ്രദ്ധാപൂർവ്വം നമ്മെ കീഴ്പ്പെടുത്താനുള്ള വഴികൾ തേടുന്ന പൈശാചിക കൂടിയാലോചനകളിൽ നാം പലപ്പോഴും അകപ്പെട്ടു പോകാറുണ്ട്.

ഏദനിൽ സ്ത്രീ ഒരുക്കി കൊടുത്ത ഇടത്തിലാണ് മനുഷ്യ ചരിത്രത്തിൽ പിശാചു പാമ്പിന്റെ രൂപത്തിൽ ആദ്യമായി അവർക്കെതിരെ കയറി നിന്നത്. പ്രലോഭന പുസ്തകം സ്ത്രീക്ക് മുന്നിൽ തുറന്ന സാത്താൻ സ്ത്രീയിലെ ചാഞ്ചാട്ടം വേഗത്തിൽ മനസ്സിലാക്കി. മനുഷ്യനെതിരെ മെനഞ്ഞെടുത്ത ആദ്യ ചോദ്യം തന്നെ ഏദനിൽ ഇടം പിടിക്കാനുള്ള നയപരമായ നീക്കങ്ങളുടെ തുടക്കമായിരുന്നു. വിലക്കപ്പെട്ടതിലേക്കു വിരൽ ചൂണ്ടുന്ന സാത്താന്റെ ആദ്യ അന്വേഷണം, വരാൻ പോകുന്ന ദുരന്തത്തിന്റെ തുടക്കമാണെന്ന് സ്ത്രീ അറിഞ്ഞിരുന്നില്ല. ആദ്യ ചോദ്യത്തിനനുബന്ധമായി സ്ത്രീയും പാമ്പും തമ്മിൽ അടുക്കുകയാണ്. അവർ തുടർന്നു സംഭാഷണങ്ങൾ അവരിലെ അകലം കുറച്ചു. പാമ്പ് സ്ത്രീയെ സമീപിച്ചതിന്റെയും സ്ത്രീ വൃക്ഷ ഫലം തിന്നതിന്റെ യും ഇടയിൽ കുറഞ്ഞ പക്ഷം അവൾക്കു അവന്റെ തന്ത്രങ്ങളിൽ നിന്നും ഒഴിഞ്ഞു മാറാനുള്ള അവസ രം ഉണ്ടായിരുന്നു. ആദ്യമായി പാമ്പിന്റെ ചോദ്യം - അതിനു ശേഷം അതിനുള്ള സ്ത്രീയുടെ വിശേഷണമായ മറുപടി- തുടർന്ന് പാമ്പ് സ്ത്രീക്ക് നല്കുന്ന ഉറപ്പ്!! ഇത്രയും സമയം ഇവർ തമ്മിൽ സംഭാഷണം നടന്നതിനു ശേഷമാണ് ആ ദുരന്തം സംഭവിച്ചത്!! പിശാചിന് അവൾ സൗകര്യപൂർവ്വം ഇടം ഒരുക്കി കൊടുക്കുകയായിരുന്നു. സ്ത്രീ നിരത്തുന്ന വാദങ്ങൾക്ക് മറുവാദങ്ങൾ ഉന്നയിച്ചുകൊണ്ട് പാമ്പ് ജയിച്ചു കയറി. ദൈവാന്തരീക്ഷത്തിൽ നിന്നും ആദ്യം മനുഷ്യരെ പുറത്തു ചാടിക്കാനുള്ള പാമ്പിന്റെ നീക്കങ്ങൾ ഫലം കണ്ടു തുടങ്ങി. പാമ്പിന്റെ കുടില തന്ത്രങ്ങൾക്ക് മുന്നിൽ സ്ത്രീ കുടുങ്ങി. കേവലം ഒരു ചോദ്യവുമായി പ്രവേശിച്ച് പാമ്പ് ഒടുവിൽ അവിടെ ഇടം പിടിച്ച് തന്റെ പദ്ധതികൾ നന്നായി നടപ്പാക്കി. പിശാചു തന്റെ പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുന്നതിനു മുൻപ് തന്ത്രപൂർവ്വം അതിനു യോജ്യമായ അന്തരീക്ഷം സൃഷ്ടിച്ചെടുക്കും. ആരംഭത്തിൽ തന്നെ അത് തിരിച്ചറിഞ്ഞു അവനുമായി സംഭാഷണത്തിനൊരുങ്ങാതെ ഒഴിഞ്ഞു മാറുക എന്നതാണ് കാമ്യം. നമ്മെ സമീപിക്കുന്ന പിശാചിന് നാമായി ഒരുക്കി കൊടുക്കുന്ന ഇടങ്ങളിൽ നിന്നു കൊണ്ടായിരിക്കു ദൈവം വിലക്കിയതിലേക്ക് നമ്മെ തള്ളിവിടുന്നത്. രക്ഷപ്പെടാൻ ഒരേ വഴി-പിശാചിന് ഇടം കൊടുക്കാതിരിക്കുക!!

പിശാചിന് ഇടം കൊടുക്കരുത് (എഫെ:4:27) എന്ന ധന്യനായ പൗലോസിന്റെ മുന്നറിയിപ്പിനെ പിന്താങ്ങുന്ന ഒരു ആഹ്വാനമാണ് പിശാചിനോട് എതിർത്തു നിൽപ്പിൻ എന്ന യാക്കോബ് അപ്പോസ്തലന്റെ പ്രസ്താവന. ഇടം അന്വേഷിച്ചു വരുന്ന പിശാചിന് ഇടം കൊടുക്കാതെ അവനോടു അതിർത്തു നില്കുക എന്ന നിലയിൽ ആണ് ഈ രണ്ടു നിർദ്ദേശങ്ങളും ബന്ധപ്പെട്ടിരിക്കുന്നത്. ചില സ്ഥലങ്ങളിലോ സമയങ്ങളിലോ പോരാടി ജയമോ തോൽവിയോ നേരിടുന്നതിനെക്കാൾ നല്ലത് ബുദ്ധിപൂർവ്വം അവിടെ നിന്നും ഒഴിഞ്ഞു മാറുന്നതാണ്. എന്നാൽ നമ്മുടെ ദുരഭിമാനപ്രശ്നങ്ങൾ അതിനായി നമ്മെ അനുവദിക്കാറില്ല. എന്തെങ്കിലും ഒന്ന് എതിരായി പ്രതികരിക്കാതെയും പ്രവർത്തിക്കാതെയും ഇരുന്നാൽ മടയനായോ ബുദ്ധിശൂന്യനായോ ഒക്കെ നിർവ്വചിക്കപ്പെടാം. അതിനാൽ തന്നെ പ്രതിയോഗിയുടെ അടുക്കൽ നിന്നും ഒഴിഞ്ഞു പോകുക, അല്ലെങ്കിൽ അതിനുള്ള അവസരം സൃഷ്ടിക്കാതിരിക്കുക ഏറെ ശ്രമകരമായി തോന്നാം. നാമൊരുക്കുന്ന വേദിയിൽ കയറിനിന്നു നമുക്കെതിരായി അപവാദം പറയുന്ന ഭോഷ്കിന്റെ അപ്പനാണ് സാത്താൻ!! ലഭ്യമാകുന്ന ഇടമെല്ലാം പിടിച്ചടക്കി നമ്മെ വിഷമ വൃത്തത്തിലാക്കാൻ അരയും തലയും മുറുക്കി കഠിന പ്രയത്നം ചെയ്യുന്ന പൈശാചിക സംവിധാനങ്ങളെ തിരിച്ചറിഞ്ഞു അവനു ഇടം കൊടുക്കാതിരിക്കുക!! ഇടം കൊടുക്കാതിരിക്കാൻ നടത്തുന്ന ചെറുത്തുനിൽപ്പുകളാണ് പോരാട്ടങ്ങളായി വ്യാഖ്യാനിക്കപ്പെടേണ്ടത്.

ദൈവാധിപത്യം നില നിന്നിരുന്ന അനന്യാസ് സഫീറ ദമ്പതിമാരിൽ നിലത്തിന്റെ കച്ചവടം നടന്നതിനു ശേഷം സാത്താൻ അവരുടെ ഹൃദയം കയ്യേറുകയാണ്. ദൈവത്തോട് വ്യാജം കാണിക്കാൻ ഇവരുടെ ഹൃദയങ്ങൾ തമ്മിൽ ഒരുമിച്ചപ്പോൾ തന്ത്രശാലിയായ പിശാചു അവരിൽ ഇടം കണ്ടെത്തി. “സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയത് എന്ത്” എന്ന പത്രോസിന്റെ ചോദ്യം (അപ്പൊ: 4:27) ഏറെ പ്രസക്തമാണ്. ആധിപത്യം സ്ഥാപിക്കാൻ പിശാചും കൂട്ടരും ഇടം അന്വേഷിക്കും നേരം ക്രൈസ്തവ സഭയുടെ പ്രാരംഭത്തിൽ തന്നെ അനന്യാസ്-സഫീറമാർ അതിനവസരമുണ്ടാക്കി കൊടുത്തു. പരിശുദ്ധാത്മാവിനോടു വ്യാജം കാണിപ്പാൻ ഇവർ നടത്തിയ ശ്രമങ്ങൾ സാത്താന് കൈവശമാക്കാൻ പാകത്തിൽ അവരുടെ ഹൃദയങ്ങളെ വിട്ടുകൊടുക്കുന്നതിലേക്ക് നയിച്ചു. ദൈവീകതയോട് നാം നടത്തുന്ന എല്ലാ വ്യാജ ഇടപാടുകളിലൂടെ നാം നമ്മുടെ ഹൃദയങ്ങൾ കൈമാറുന്നത് പൈശാചിക കരങ്ങളിലെക്കായിരിക്കും. പിന്നീട് ദൈവാധിപത്യം അവസാനിക്കുകയും സാത്താന്യ ഇംഗിതങ്ങൾക്കനുസരിച്ചു നാം നമ്മുടെ പ്രവർത്തികൾ തുടരുകയും ചെയ്യും.

ലേഖനം

# ആരാധന ആഭാസമാകുന്നുവോ?



സ്കറിയ സി. വർഗ്ഗീസ്,
വാഴൂർ

തിരുവചനത്തിലെ ഏറ്റവും ശ്രേഷ്ഠമായ പ്രയോഗമാണ് ‘ആരാധന’. എന്നാൽ മനുഷ്യൻ എക്കാലത്തും തെറ്റിപ്പോയതും ആരാധന വിഷയത്തിലായിരുന്നു. കേവലം ഒരു പഴം പറിച്ചു തിന്നു എന്നതിലുപരി ഏകസത്യദൈവത്തിനു മാത്രം നൽകേണ്ട ആരാധന ഫലത്തിൽ സാത്താനു കൈമാറി (ദൈവത്തെ അവിശ്വസിച്ചു സാത്താനെ വിശ്വസിച്ചു) എന്നതായിരുന്നു മാനവകുലം പാപത്തിന്റെ ചേറ്റിൽ പതിക്കാനുണ്ടായ കാരണം.

എന്താണ് ആരാധന? തന്നിലും ഉന്നതനും ശ്രേഷ്ഠനുമായ വ്യക്തിയോടു തോന്നുന്ന വിവരണാതീതമായതും; ആ വ്യക്തിയുടെ സാന്നിധ്യത്തിലും അസാന്നിധ്യത്തിലും ആരാധകന്റെ മാനസീക തലങ്ങളിൽ ഉൾപ്പടെ സദാ തെളിഞ്ഞു നിൽക്കുന്ന വികാരവും ജീവിത ശൈലിയുമാണ് ആരാധന. പാപത്തിന്റെ പാളയത്തിലിരുന്ന് ആർക്കും ഏകസത്യദൈവത്തെ ആരാധിപ്പാൻ സാധ്യമല്ല. പഴയനിയമത്തിൽ യിസ്രയേൽ ആരാധനയ്ക്കായി മിസ്രയീം എന്നേക്കുമായി വിടേണ്ടി വന്നു. കാരണം കാളക്കുട്ടി മിസ്രയീമ്യർക്ക് ദൈവമായിരിക്കുമ്പോൾ ദൈവജനത്തിനു യാഗവസ്തു ആയിരുന്നു. തങ്ങളുടെ ദൈവത്തെ അറുക്കാൻ അവർ സമ്മതിക്കില്ലാത്തതിനാൽ അവർക്ക് വേർപാട് അനിവാര്യമായിരുന്നു. യേശുക്രിസ്തുവിനെ സ്വീകരിച്ച് സ്നാനപ്പെടുക വരെ ചെയ്തിട്ടും നാമധേയ സമൂഹം വിടാൻ തയ്യാറാല്ലാത്തവർക്ക് ഒരിക്കലും വാസ്തവമായി ആരാധന സാധ്യമല്ല. അത് ആഭാസമായി മാറുന്നു(യെശ: 32:5).

പഴയനിയമത്തിലും പുതിയ നിയമത്തിലും ദൈവത്തെ പൂർണ്ണമായി അനുസരിക്കുന്നതായിരുന്നു ഏറ്റം ഉന്നതമായ ആരാധന (1 ശമു:15:22,23). പുതിയ നിയമത്തിലേക്കു വരുമ്പോൾ പരിശുദ്ധാത്മാവ് പൗലോസ് ശ്ലീഹയിൽ കൂടി ആരാധനയെ ഇപ്രകാരം നിർവ്വചിക്കുന്നു. “സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്; നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിപ്പീൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം തിരിച്ചറിയേണ്ടതിനു മനസു പുതുക്കി രൂപാന്തരപ്പെടുവിൻ” (റോമ: 12:1,2). നാം പഴയ മനുഷ്യനെ (യാഗമൃഗത്തിന്റെ തോലുരിയുപ്പോലെ) ഉരിഞ്ഞുകളഞ്ഞ് ‘എനിക്ക് വേണ്ടി ദൈവം എന്നല്ല’ ‘ദൈവത്തിനു വേണ്ടി ഞാൻ എന്നെ തന്നെ പൂർണ്ണമായി’ എന്ന മനോഭാവത്തിൽ ക്രിസ്തുവിന്റെ ഭാവമുള്ളവരായി ജീവിക്കുന്ന സമർപ്പണ ജീവിതമാണ് ആരാധന.

ആരാധനയുടെ ഭാഗമായ വിശുദ്ധ സഭാ യോഗത്തിൽ സങ്കീർത്തനം, അന്യഭാഷ, പ്രവചനം, വെളിപ്പാട് വ്യാഖ്യാനം എന്നിവയെല്ലാം ഉണ്ടായിരിക്കണം(1കൊരി14:26) എല്ലാം തിരുവചനാനുസൃതമാകണം എന്നുമാത്രം. എന്നാൽ വിളിക്കുന്നിടത്തെല്ലാം പോകുന്ന സ്റ്റാർ സിംഗർമാരെയും ദേവസ്യക്കുട്ടന്മാരെയും ഒന്നും വിശുദ്ധന്മാരുടെ സ്റ്റേജിൽ വലിച്ചു കയറ്റി ആത്മാവിനെ (ഫലത്തിൽ ചെകുത്താന്റെ വ്യാപാരത്തെ) ഇറക്കാൻ നോക്കി വെറുതെ ശിക്ഷാവിധി ചോദിച്ചു വാങ്ങരുത്. പോപ്പും, റാപ്പും, ഡിസ്കോ ഡാൻസും ഒന്നും ക്രിസ്തീയമല്ല. ആരാധനയുടെ ഭാഗമായി നാം തുള്ളിച്ചാടി എന്നൊക്കെയിരിക്കും. പക്ഷെ വർഷിപ്പ്, ലീഡറു വന്നു തുള്ളിപ്പിക്കുകയല്ല ചെയ്യേണ്ടത്. ആരാധനായോഗം എന്ന പ്രയോഗം പോലും തെറ്റാണ് ‘സഭായോഗം’ മാത്രമാണു ശരി.

ക്രിസ്തീയ ആരാധനയുടെ ഭാഗമാണ് വിശുദ്ധന്മാർക്ക്; യോഗ്യമായ വസ്ത്രധാരണവും (2തീമോ:2: 10-15) നഗ്നത മറക്കുവാനാണ് തുണി ഉടുക്കുന്നത് എന്നതു ദൈവജനം മറക്കരുത്. ബാഹ്യലോകത്തിന്റെ വഴി നാം അനുകരിക്കരുത്. കേരള കരയിലെ ചുരിദാറും സാരിയും എല്ലാം തികച്ചും മാന്യമായതു തന്നെയാണ് എന്നാൽ ആവശ്യത്തിനു തുണി ഉപയോഗിച്ചു തയ്ക്കണം എന്നുമാത്രം. പ്രത്യേകാൽ കൈയുടെയും മറ്റും ഇറക്കം പരമാവധി കൂട്ടുന്നതാണ് വിശുദ്ധിക്കുചിതം. പ്രത്യേകാൽ അനാവശ്യ കീറിച്ചകളും, കട്ടിംഗുകളും ഒഴിവാക്കുകയും, ഷാളും മറ്റും വെറുതെ കഴുത്തിൽ കെട്ടി തൂക്കാതെ മാന്യമായി ധരിക്കുകയും വേണം. ലോവേസ്റ്റും വസ്ത്രം, ലെഗിൻസ്, ബർമുഡ, അരയിലിരിക്കാത്ത നിക്കർ എന്നിവയൊക്കെ ധരിച്ച് കോമാളിയായി വരുന്ന ചെറുപ്പക്കാരായ സ്ത്രീ പുരുഷന്മാരെ വിശുദ്ധന്മാരുടെ പാളയത്തിൽ ഇരുത്തരുത്; ‘എത്ര ഉന്നത കുടുംബത്തിലെതായാലും’ ‘തലയിൽ സ്ത്രീകൾ മൂടുപടം ഇടാൻ’ (1കൊരി:11:1-10) തിരുവചനം പറഞ്ഞത്; തലമൂടാനാണ്. ചിലരുപയോഗിക്കുന്ന ‘നെറ്റ്’ (വലതന്നെ) തമ്പുരാനെ കൊഞ്ഞനം കാട്ടി ശിക്ഷാവിധി ചോദിച്ചുവാങ്ങാനാണ് എന്നു പറയാതെ വയ്യ, നാമധേയ ക്രൈസ്തവർ പോലും മേൽപറഞ്ഞ പലതും ഗൗരവമായി എടുക്കുന്നു എങ്കിൽ നാം എത്ര അധികം.

അതെ പ്രീയരെ നമ്മുടെ നോട്ടം കണ്ടാൽ അറിയണം ഒരു ദൈവ പൈതലാണ് എന്ന്. വസ്ത്രധാരണം കണ്ടാൽ പറയണം അതൊരു വേർപ്പെട്ടവനാണ് എന്ന്. അതെ നമുക്ക് ആരാധിച്ചു കൊണ്ട് ജീവിക്കാം ജീവിച്ച് ആരാധിക്കാം. പൗലോസ് ശ്ലീഹ എഴുതി “കാണുന്നതിനെ അല്ല കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കി കൊണ്ടിരിക്കുന്നു; കാണുന്നത് താൽക്കാലികം കാണാത്തതോ നിത്യം” (2 കൊരി:4:18).

## കാലികം

# ശാസ്താംകോട്ടയുടെ ബാറ്ററിയും വയറും



സജി നെടുങ്കണ്ടം

ന്യൂജനറേഷൻ ദുരുപദേശകർക്ക് ചവിട്ടി നിൽക്കാൻ ഇടം ഇല്ലാതെ അടിപതറുന്ന കാഴ്ച കണ്ടു തുടങ്ങി. അദ്ഭുതം നടക്കുന്നു എന്ന വ്യാജവാർത്ത പരത്തിയും ഇത്തരക്കാരുടെ മീറ്റിംഗുകളിൽ അദ്ഭുത രോഗശാന്തി നടക്കുന്നു എന്ന വാർത്ത കൊട്ടിഘോഷിച്ചും പാവപ്പെട്ട നിരവധി വിശ്വാസികളെ ഇവർ വഞ്ചിച്ചിരുന്നു. എന്നാൽ പ്രാർത്ഥിക്കുന്ന ഒരു കൂട്ടം ദൈവജനത്തിന്റെ കണ്ണുനീരും, സത്യവചനം യഥാർത്ഥമായി പ്രസംഗിക്കുന്ന പ്രഭാഷകരും, അനുഗ്രഹിത എഴുത്തുകാരും ദുരുപദേശകർക്ക് എതിരെ ഒന്നിച്ച് രംഗത്ത് വന്നതോടെ നൂജന്മാർ ഏതാണ്ട് പെട്ടി മടക്കിയിരിക്കുന്നു. എന്നാൽ ഇങ്ങനെപോയാൽ കഞ്ഞിയിൽ മണ്ണ് വീഴും എന്ന് കണ്ട ചിലർ തങ്ങൾ അത്തരക്കാരല്ലായെന്ന് പത്രങ്ങളിലും സോഷ്യൽ മീഡിയകളിലും നിലപാട് വ്യക്തമാക്കി ചിലരാകട്ടെ അവരുടെ സ്വാധീനം ഉപയോഗിച്ച് മുഖ്യധാര സഭകളിൽ കടന്നുകൂടാനുള്ള ശ്രമം വരെ നടത്തിയിരിക്കുന്നു. മുഖ്യധാരാസഭകളിലെ നേതൃത്വത്തിൽ പിടിയുള്ള അനാത്മീയരായ ചിലർ, കൗൺസിലിന് കത്ത് നൽകി പുറവാതിലിലൂടെ ഇത്തരക്കാരെയും അകത്തുകടത്താനുള്ള ശ്രമവും നടന്നിരുന്നു. ബൈബിൾ വിരുദ്ധ നിലപാടുകളിൽ അടി ഉറച്ച് നിന്നു കൊണ്ട് ലോകത്ത് ആകമാനം ദുരുപദേശത്തിന്റെ കള വിതച്ച ഇത്തരക്കാരെ ഒരു ഉളുപ്പുമില്ലാതെ മുഖ്യധാരാ സഭകളിലേയ്ക്ക് ചേർക്കാൻ അരയും തലയും കെട്ടി ഇറങ്ങിയിരിക്കുന്ന പുതുപ്പണക്കാരെ പുറത്താക്കാൻ ദൈവജനം പ്രാർത്ഥിക്കണം. സ്വാർത്ഥ താൽപര്യങ്ങൾ നേടേണ്ടതിനായി ഏത് അറ്റം വരെ പോകുന്നവരും ഏത് അനീതിയും ചെയ്യുന്നവരായി സത്യസഭയ്ക്കുള്ളിൽ ചിലർ രംഗത്ത് വന്നിരിക്കുന്നു ഇവരെ എതിർത്ത് തോൽപ്പിക്കാൻ കഴിയില്ല. എന്നാൽ പ്രാർത്ഥിക്കുന്നവർക്ക് സകലവും സാധ്യവുമാണ്. കള്ളന്മാർക്ക് കഞ്ഞി വയ്ക്കുന്ന പണി മുഖ്യധാരാ സഭകളിലെ ചെറുപ്പക്കാർ ഏറ്റെടുക്കരുത്.

കാല് വെന്ത പട്ടിയെപ്പോലെ നില ഉറയ്ക്കാതെ ഓടുന്ന സ്ഥിതിയിലേയ്ക്ക് ബാംഗ്ലൂർ ലോബികളും കേരളത്തിലെ തുള്ളലുകാരും അലയുന്നു എന്നതാണ് ഏറ്റവും പുതിയ വാർത്ത. ഞാൻ ദുരുപദേശം പ്രസംഗിച്ചിട്ടില്ലെന്നും, ദുരുപദേശകരുമായി എനിക്ക് ഒരു ബന്ധവും ഇല്ലാ എന്നും ക്രൈസ്തവ പത്രങ്ങളിലൂടെ തന്റെ നിലപാട് വ്യക്തമാക്കിയ ശാസ്താംകോട്; ദുരുപദേശ സംഘത്തിന്റെ നടുവിൽ നിന്ന് പ്രാപിച്ചോ പ്രാപിച്ചോ എന്നു പറയുന്നത് വിശ്വാസിസമൂഹം കണ്ടതാണ്. പത്രപ്രസ്താവന നടത്തിയപ്പോൾ സത്യത്തിൽ ശാസ്താംകോട്ടയെക്കുറിച്ച് അഭിമാനം തോന്നിയിരുന്നു. എന്നാൽ താൻ ശുശ്രൂഷിച്ച പല യോഗങ്ങളിൽ പങ്കെടുത്തതിൽ നിന്നും മനസിലായത് ഇരട്ടത്താപ്പിന്റെ മുടിചൂടാ മന്നനാണ് ഇദ്ദേഹമെന്നാണ്. ന്യൂജെനെ കാണുമ്പോൾ തലകാണിക്കുകയും മുഖ്യധാരാ സഭകളുടെ കൺവൻഷൻ വരുമ്പോൾ വാല് കാണിക്കുക ചെയ്യുന്ന പതിവ് പരിപാടി ഇന്നും തുടരുന്നു. കോട്ടയം ജില്ലയിൽ ഇറുമ്പയം കൺവൻഷനിൽ താൻ നടത്തിയ പ്രസംഗം തികച്ചും തിരുവചനത്തിൽ നിന്നും കൊണ്ടാണ് എങ്കിലും താൻ പക്കാ ന്യൂജനറേഷൻ ബന്ധം പുലർത്തുന്ന ആളാണ് എന്ന് തോന്നുമാറ് വെല്ലുവിളികൾ നടത്തിയിരുന്നു. ക്ലോക്കിന്റെ ബാറ്ററിയിൽ വയറ് പിടിപ്പിച്ച് തൊട്ടപ്പോൾ കറണ്ട് അടിച്ചു എന്നു പറയുന്നവർ (മുഖ്യധാരസഭക്കാർ) ഇലവൺ കെ. വി. ലൈനിൽ പിടിച്ച് തുള്ളുന്നവരോട് (ന്യൂജെന്മാർ) മാന്താൻ നിൽക്കേണ്ട എന്ന പ്രസ്താവന നടത്തിയതിൽ നിന്നും തന്റെ നിലപാട് വ്യക്തം. ശക്തി ആവശ്യമാണ്. എന്നാൽ ഇലവൺ കെ. വി. യുടെ ശക്തിയാണ് എന്നു പറഞ്ഞ് കേരളക്കര മുഴുവൻ കാട്ടികൂട്ടിയ ബാധകേറ്റം ശരിയല്ലാ എന്നു കൂടി പ്പറയാൻ താൻ തയ്യാറാകണമായിരുന്നു. നീണ്ട മണിക്കൂർ സ്വർഗ്ഗീയ പൗരത്വം പ്രസംഗിച്ച് ഒടുക്കം നിത്യതയെക്കുറിച്ച് വിവരിച്ച് അവസാനിപ്പിക്കുന്നതിനുമുമ്പ് ദുരുപദേശകരെ പുകഴ്ത്താൻ നടത്തിയ പ്രസ്താവന വചനം കേട്ടവരുടെ കരണത്ത് അടിക്കുന്നതിന് തുല്യമായിരുന്നു. മടങ്ങിവരുന്നവരെ സ്വീകരിക്കുന്ന ദൈവീക സ്വഭാവം ഏതൊരു മലയാളിയുടെയും മുഖമുദ്രയാണ്. വചന പരിജ്ഞാനത്തിലേയ്ക്ക് കേരളത്തിലെ പെന്തെക്കോസ്തുകാർ മുതിർന്നിരിക്കുന്നു. ദുരുപദേശസംഘങ്ങൾ ചിതറുകയാണ്. സത്യവചനം യഥാർത്ഥമായി പ്രസംഗിക്കാൻ പ്രഭാഷകർക്ക് കഴിയണം. നിർമ്മല വചനം പ്രസംഗിക്കുന്നവരെ ദൈവജനം അറിയുന്നു; ദൈവം അവരെ തിരിച്ചറിയുന്നു.

# ദിവ്യധാര മ്യൂസിക് മിനിസ്ട്രീസ് ഇൻഡ്യൻ ചാപ്റ്റർ ഉദ്ഘാടനം



തിരുവല്ല: ഡാളസ് കേന്ദ്രമായി പ്രവർത്തിക്കുന്ന ദിവ്യധാര മ്യൂസിക് മിനിസ്ട്രീസിന്റെ ഇൻഡ്യൻ ചാപ്റ്ററിന്റെ ഉദ്ഘാടനം തിരുവല്ലയിൽ നടന്നു. ബ്രദർ ജോസ് പ്രകാശ് കരിമ്പിനേത്ത് നേതൃത്വം നൽകുന്ന പ്രവർത്തനമാണ് ദിവ്യധാര മ്യൂസിക് മിനിസ്ട്രീസ്. പാസ്റ്റർ രാജു പൂവക്കാലയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ പവർവിഷൻ ചെയർമാൻ പാസ്റ്റർ കെ. സി. ജോൺ ഉദ്ഘാടനം നിർവ്വഹിച്ചു. ദിവ്യധാരാ മ്യൂസിക് ഡയറക്ടർ ബ്രദർ ജോസ് പ്രകാശ് കരിമ്പിനേത്ത് പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. ബിനോയ് ചാക്കോ, സാം കുഴിക്കാല, ബിജോയ് സ്കറിയ, സാംകുട്ടി ചാക്കോ, സി. പി. മോനായി, സാംകുട്ടി മാത്യു, സുധി ഏബ്രഹാം, സുദർശനൻപിള്ള തുടങ്ങിയവർ ആശംസ അറിയിച്ചു. ബ്രദർ അജു അലക്സ് ദിവ്യധാര മിനിസ്ട്രീസിന്റെ ഇൻഡ്യൻ ചാപ്റ്ററിന്റെ കോർഡിനേറ്ററായി പ്രവർത്തിക്കുന്നു.

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ
9567759748



MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 04

BELIEVERS JOURNAL
PUBLISHED ON 25/02/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Annual Sub. ₹150

ലേഖനം

# ജൈവായുധങ്ങൾ അഥവാ ബയോളജിക്കൽ വാർഫെയർ





ഷൈജു തോമസ് ഞാറയ്ക്കൽ
9447313709

മൂന്നാം ലോകമഹായുദ്ധത്തിലേക്ക് ലോകത്തെ കൊണ്ടു ചെന്നെത്തിക്കുന്ന നിലയിലാണ് മദ്ധ്യപൂർവ ദേശത്തെ പ്രശ്നസങ്കീർണമായ സ്ഥിതിഗതികൾ. വളർന്നുകൊണ്ടിരിക്കുന്ന ഭീകരവാദം, സാമ്പത്തിക രാഷ്ട്രീയ പ്രതിസന്ധികൾ, യിസ്രായേലിനെ ചുറ്റിപ്പറ്റിയുള്ള സമാധാന പ്രശ്നങ്ങൾ ഇതു നിമിത്തം ഭയവിഹ്വലരായിക്കൊണ്ടിരിക്കുകയാണ് മനുഷ്യ മനസ്സുകൾ. ലോകത്തിന്റെ ഭാവിയെക്കുറിച്ചുള്ള പ്രവചനസന്ദേശങ്ങൾ നമ്മെ നയിക്കുന്നത് ഇനിയുമൊരു ലോകമഹായുദ്ധത്തിന്റെ ഭീകരമുഖത്തേക്കാണ്. അന്ത്യകാല യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ ലോക രാഷ്ട്രങ്ങൾ തുടങ്ങി കഴിഞ്ഞു. ഒരോ രാജ്യവും മത്സരിച്ച് ആയുധങ്ങൾ സ്വന്തമാക്കുകയാണ്. ഏറ്റവും ഭയാനകവും ഭീകരവുമായ ജൈവായുധങ്ങൾ രാഷ്ട്രങ്ങൾ സ്വന്തമാക്കി കഴിഞ്ഞു. ബാക്ടീരിയകൾ, വൈറസ്സുകൾ തുടങ്ങിയ രോഗകാരികളായ സൂക്ഷ്മാണുജീവികളെ മനുഷ്യരുടേയും മൃഗങ്ങളുടേയും സസ്യജാലങ്ങളുടേയും ഇടയിൽ കടത്തിവിട്ട് അവയെ കൂട്ടത്തോടെ കൊന്നൊടുക്കി യുദ്ധം ജയിക്കുന്ന തന്ത്രമാണ് ജൈവായുധപ്രയോഗം അഥവാ ബയോളജിക്കൽ വാർഫെയർ. ഈ ആയുധങ്ങൾ ആധുനിക മനുഷ്യന്റെ സൃഷ്ടിയാണെന്ന് പൊതുധാരണയുണ്ട്. എന്നാൽ നൂറ്റാണ്ടുകൾക്കു മുൻപു തന്നെ ഈ വിദ്യ വിജയകരമായി ഉപയോഗത്തിലുണ്ടായിരുന്നു. പ്രാചീനകാലത്തെ പലയുദ്ധങ്ങളിലും കോളറയും പ്ലേഗും ബാധിച്ച് മരിച്ചവരുടെ ജഡങ്ങൾ ശത്രുരാജ്യങ്ങളുടെ ശുദ്ധജലസ്രോതസ്സുകളിൽ രഹസ്യമായി നിക്ഷേപിച്ചിരുന്നു. ഇന്തോഫ്രഞ്ച് യുദ്ധങ്ങളിൽ ഫ്രഞ്ച് വ്യാപാരികൾ മസൂരി ബാധിച്ചു മരിച്ചവരുടെ ദേഹത്തു നിന്നെടുത്ത പുതപ്പുകൾ അമേരിക്കൻ ഇൻഡ്യൻസിനു വിറ്റു. ഇത് അവരെ ദയനീയമാംവണ്ണം യുദ്ധത്തിൽ പരാജയപ്പെടുത്താൻ വഴിയൊരുക്കി.

വിശുദ്ധ വേദപുസ്തകത്തിൽ പലയിടത്തും യുദ്ധങ്ങളിൽ ഇത്തരം ആയുധങ്ങൾ ഉപയോഗിക്കുന്നത് കാണാം. യിസ്രയേൽ ജനത്തിന്റെ മിസ്രയിമിൽ നിന്നുള്ള പുറപ്പാടിൽ. ദൈവം മിസ്രയിമ്യരുടെമേൽ വരുത്തുന്ന പല ബാധകളും രക്തം, തവള, ജീവി, ഈച്ചകൾ, ആടു, പരു, ആലിപ്പഴം, വെട്ടുക്കിളി, ഇരുട്ടു തുടങ്ങി പുറപ്പാട് പുസ്തകത്തിലെ 10 ബാധകൾ ദൈവം അയക്കുന്നു. അടിമത്തത്തിൽ നിന്നു സ്വതന്ത്രമാകാൻ യിസ്രയേൽ മക്കൾ ആഗ്രഹിക്കുമ്പോൾ അതിനെ ഫറവോൻ നിഷേധിച്ചതിനെത്തുടർന്ന് മിസ്രയീമ്യർക്കു ബാധയായി തീർന്നു എന്നാണ് പരാമർശങ്ങൾ (പുറപ്പാട് 9:2-6, 10-11).ദൈവത്തിന്റെ പെട്ടകം അസ്തോദ്യർ പിടിച്ചപ്പോൾ ദൈവത്തിന്റെ കരം അവരുടെമേൽ ഭാരമായി തീർന്നത് ശമുവേലിന്റെ പുസ്തകത്തിൽ കാണുന്നു. ഇതു പോലെ തന്നെ അന്ത്യകാലത്ത് നടക്കുന്ന യുദ്ധങ്ങളിലും യിസ്രയേലിനെതിരെ വരുന്ന സകല സൈന്യത്തിന്റെ മേലും സകല വിധ ബാധകളാലും അവരെ ബാധിക്കും എന്ന് വിശുദ്ധ വേദപുസ്തകം പറയുന്നു. വിനാശകാരികളായ ഇത്തരം ആയുധങ്ങളെ ലോകരാജ്യങ്ങൾ എതിർത്തുകൊണ്ടിരിക്കുകയാണ്. 2013-ൽ ലോകത്തിലെ 172 രാജ്യങ്ങൾ ബയോളജിക്കൽ വാർഫെയർ കൺവൻഷനിൽ ഇത്തരം ആയുധങ്ങൾക്കെതിരായ സന്ധിയിൽ ഒപ്പു വച്ചു.

### ബയോളജിക്കൾ ആയുധങ്ങൾ

*ബാക്ടിരിയ:* ഏകകോശ ജീവി ഇത് മനുഷ്യരിലും മൃഗങ്ങളിലും അന്ത്രാക്സ്, ബ്രൂസില്ല ബാക്ടിരിയ മൂലം ഉളവാകുന്ന സ്പിറോസിസ്, പക്ഷി പനി പോലുള്ള രോഗങ്ങൾ എന്നിവ ഉണ്ടാക്കുന്നു.

*റിക്കറ്റിസിയ:* ഇത് മനുഷ്യരിൽ രോഗം പരത്തുന്ന ഒരു തരം ബാക്ടീരിയ ആണ്. ഇന്ന് ലോകത്തിൽ ഉള്ളതിൽ ഏറ്റവും മാരകമായ രോഗാണുക്കളിൽ ഒന്നാണിത്. ലോകത്തിലെ പല ഭീകര സംഘടനകളുടെയും കൈവശം ഈ ബാക്ടിരിയ ഉണ്ടെന്നാണ് വിശ്വസിക്കുന്നത്. ഈ ബാക്ടിരിയ മനുഷ്യ ശരീരത്തിൽ പ്രവേശിച്ച് കഴിഞ്ഞാൽ ഉടൻ തന്നെ ശരീരത്തിന്റെ രോഗപ്രതിരോധ സംവിധാനത്തെ ഇല്ലാതാക്കും. അതുകൊണ്ട് തന്നെ ഇതിന്റെ പ്രതിപ്രവർത്തനത്തിന് ആവശ്യമായ ജീവൻ രക്ഷാ മരുന്നുകൾ കണ്ടു പിടിക്കപ്പെട്ടില്ല എന്നാണ് ശാസ്ത്രലോകം പറയുന്നത്.

*വൈറസ്:* ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകൾ രോഗം ബാധിക്കപ്പെടുന്നത് വൈറസുകൾ മൂലമാണ്. ചിക്കൻ പോക്സ്, പനി, എച്ച്ഐവി അഥവ എയ്ഡ്സ് തുടങ്ങി അനവധിയായ രോഗങ്ങൾക്ക് ഇത് കാരണമാകുന്നു.

*ഫംഗസ്:* ലോകത്ത് ഒന്നരകോടിയിലധികം തരത്തിലുള്ള ഫംഗസുകൾ ഉള്ളതായി ആണ് കണക്കാക്കുന്നത്. എന്നാൽ മനുഷ്യരിൽ രോഗം പരത്തുന്നത് അതിൽ 300 എണ്ണം മാത്രമാണ്. മണ്ണിലും മറ്റു പ്രതലങ്ങളിലും ജീവിക്കുന്ന ഫംഗസുകൾ മനുഷ്യരിൽ ത്വക്കിലാണ് രോഗം ഉളവാക്കുന്നത്. ചൊറിച്ചിലുകൾ പൂപ്പൽ ബാധ തുട

09

ബിലീവേഴ്സ് ജേണൽ



മാധ്യമ ലോകത്തെ വേറിട്ട ശബ്ദം...
മുഖപക്ഷമില്ലാത്ത നിലപാടുകൾ
ക്രൈസ്തവ ദ്വൈവാരിക

യുവജന പംക്തി, ചോദ്യോത്തരവേദി, കല്ലുകടി, ഡോ. കോര സംസാരിക്കുന്നു, ലേഖനങ്ങൾ, കാലികം, എനിക്കും പറയാനുണ്ട്, വേദപഠനം, വീക്ഷണം, ധ്യാനം തുടങ്ങി വ്യത്യസ്ത പംക്തികൾ

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: ₹ 150
ആയുഷ്കാലം: ₹2000
ഗൾഫ് രാജ്യങ്ങൾ: ₹ 1500
യു. എസ്.എ. & കാനഡ: $ 40
യു.കെ: £ 20

അറിയിപ്പ്
വായനക്കാരുടെ ശ്രദ്ധയ്ക്ക്
മെയിലിംഗ് ലിസ്റ്റ് പുതുക്കുന്നതിനാൽ കുടിശ്ശിക ഉള്ളവർ ദയവായി കുടിശ്ശിക അയച്ചുതന്ന് ഈ ശുശ്രൂഷയിൽ സഹകരിക്കുക. വരിസംഖ്യ പുതുക്കാത്തവർക്ക് ഇനിയും മാർച്ച് 25 മുതൽ പത്രം അയയ്ക്കുന്നതല്ല.

BELIEVERS JOURNAL
Kandankeril Building, Kumbanad P.O.,
Thiruvalla, Kerala, Pin: 689 547

E-mail: beljourn@gmail.com
Website: www.beljourn.com
Contact: MOB: 9447368795

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.